# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## കായക്കൊടി ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

## 2022-2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോഴിക്കോട്-673020

ഇ-മെയിൽ: dokkd.ksad@kerala.gov.in

ഫോൺ : 0495-2371012

(രജിസ്റ്റർ ചെയ്ത് കൈപ്പറ്റ് ചീട്ട് സഹിതം)

നമ്പർ: KSAKKD/P2/1703/23

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോഴിക്കോട്-673020
തീയ്യതി: 15/12/2023
ഇ-മെയിൽ: dokkd.ksad@kerala.gov.in
ഫോൺ: 0495-2371012

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
കായക്കൊടി ഗ്രാമപഞ്ചായത്ത്

സർ,

**വിഷയം : കായക്കൊടി ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കായക്കൊടി ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കോഴിക്കോട്.
3) കാര്യാലയ പകർപ്പ്.

നമ്പർ: KSAKKD/P2/1703/23 തീയ്യതി: 15/12/2023

# കോഴിക്കോട് ജില്ലയിലെ കായക്കൊടി ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(**1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13 , 1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18, (1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4))** എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കോഴിക്കോട് ജില്ലയിലെ കായക്കൊടി ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 09-02-2023 മുതൽ 01-11-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 33 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 3 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

**ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:**

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ. ജോഷോ ബെന്നറ്റ് ജോൺ, കെ.എ.എസ് | ഡെപ്യൂട്ടി ഡയറക്ടർ | 02-11-2023 | 09-11-2023 |

**ഓഡിറ്റിന് വിനിയോഗിച്ച സമയം :**

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 02-11-2023 | 09-11-2023 |

**ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:**

ശ്രീമതി.പ്രസീത കുമാരി.എം, ഓഡിറ്റ് ഓഫീസർ

ശ്രീമതി.ഷൈന. എ.കെ, അസി.ഓഡിറ്റ് ഓഫീസർ

ശ്രീ.ശ്രീജിത്. കെ.വി, സീനിയർ ഗ്രേഡ് ഓഡിറ്റർ

ശ്രീമതി.റെൻസി.ഇ, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ. ഷിജിൽ. ഒ.പി | പ്രസിഡന്റ് | 01-04-2022 | 31-03-2023 |
| ശ്രീ. രാജീവൻ. കെ | സെക്രട്ടറി | 01-04-2022 | 24-04-2022 |
| | | 14-05-2022 | 31-03-2023 |
| ശ്രീ. രഞ്ജിത്ത്. ആർ | സെക്രട്ടറി-ഇൻ-ചാർജ്ജ് | 25-04-2022 | 13-05-2022 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ. രഞ്ജിത്ത്. കെ | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2022 | 14-10-2022 |
| ശ്രീ. സന്തോഷ് കുമാർ. എസ് | അസിസ്റ്റന്റ് സെക്രട്ടറി-ഇൻ–ചാർജ്ജ് | 15-10-2022 | 09-11-2022 |
| ശ്രീ. മനോജ് എടവലത്ത് | അസിസ്റ്റന്റ് സെക്രട്ടറി | 10-11-2022 | 31-03-2023 |
| ഡോ. സജിത. സി.പി | മെഡിക്കൽ ഓഫീസർ (എഫ്.എച്ച്.സി) | 01-04-2022 | 31-03-2023 |
| ഡോ. ഷാഹിദ. ടി | മെഡിക്കൽ ഓഫീസർ (ആയുർവേദ) | 01-04-2022 | 15-06-2022 |
| ഡോ. സജിത്ത്. വി | മെഡിക്കൽ ഓഫീസർ (ആയുർവേദ) | 15-06-2022 | 07-07-2022 |
| ഡോ. സിന്നിഷ് | മെഡിക്കൽ ഓഫീസർ (ആയുർവേദ) | 07-07-2022 | 31-03-2023 |
| ശ്രീമതി. സംഗീത. എം | അസിസ്റ്റന്റ് എഞ്ചിനീയർ (എംപ്ലോയ്മെന്റ് നിയമനം) | 01-04-2022 | 10-06-2022 |
| ശ്രീമതി. വിജ്ജല | അസിസ്റ്റന്റ് എഞ്ചിനീയർ | 11-06-2022 | 31-08-2022 |
| ശ്രീ. ഹജി പ്രസാദ് | അസിസ്റ്റന്റ് എഞ്ചിനീയർ | 01-09-2022 | 31-03-2023 |
| ശ്രീമതി. രജനി. പി | ഐ.സി.ഡി.എസ്.സൂപ്പർവൈസർ | 01-04-2022 | 30-11-2022 |
| ശ്രീമതി. ഷീബ | ഐ.സി.ഡി.എസ്.സൂപ്പർവൈസർ | 01-12-2022 | 31-03-2023 |
| ശ്രീ. കരുണൻ | ഹെഡ് മാസ്റ്റർ | 01-04-2022 | 31-03-2023 |
| ശ്രീ. മഹേഷ്. കെ.കെ | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2022 | 31-03-2023 |
| ശ്രീ. അനിൽകുമാർ | ഫിഷറീസ് ഇൻസ്പെക്ടർ | 01-04-2022 | 31-03-2023 |
| ശ്രീ. വിജയൻ. കെ.കെ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 01-04-2022 | 10-07-2022 |
| ശ്രീ. വിജു | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 11-07-2022 | 18-07-2022 |
| ശ്രീ. ജാഫർ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 19-07-2022 | 31-12-2022 |
| ശ്രീമതി. അമല | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 01-01-2023 | 24-03-2023 |
| ശ്രീമതി. ശ്രീന | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 25-03-2023 | 31-03-2023 |
| ശ്രീമതി. ശ്രീന | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ [ | 01-04-2022 | 31-03-2023 |
| ശ്രീമതി. നസ്രീന. സി | കൃഷി ഓഫീസർ | 01-04-2022 | 29-09-2023 |
| ശ്രീമതി. ആർദ്ര | കൃഷി ഓഫീസർ | 30-09-2022 | 28-10-2022 |
| ശ്രീമതി. വിഷ്ണു പ്രിയ. വി.ആർ | കൃഷി ഓഫീസർ | 29-10-2022 | 31-03-2023 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല. | 1-1-1 |
| 3 | ക്യാഷ് ഫ്ലോ പത്രിക പൊരുത്തപ്പെടുന്നില്ല. | 1-1-2 |
| 4 | രസീതി തെറ്റായ ശീർഷകത്തിൽ നൽകി | 1-1-3 |
| 5 | ബാങ്ക് റിക്കൺസിലിയേഷൻ അപാകതകൾ | 1-1-4 |
| 6 | Cheque Deposited But Not Cleared ആയി ചേർത്ത തുകകൾ ക്രമീകരിച്ചില്ല. | 1-1-5 |
| 7 | ഗുണഭോക്താക്കൾ ഓൺലൈനായി അടവാക്കുന്ന തുകകൾ സമയബന്ധിതമായി അക്കൗണ്ടിൽ ക്രെഡിറ്റാകുന്നില്ല. | 1-1-6 |
| 8 | വാർഷിക കണക്കിലെയും ഗ്രാമ പഞ്ചായത്തിലെ രജിസ്റ്റർ പ്രകാരമുള്ള തുകയും പൊരുത്തപ്പെടുന്നില്ല. | 1-1-7 |
| 9 | ഡിമാന്റ് എൻട്രികൾ സമയ ബന്ധിതമായി നടത്തുന്നില്ല. | 1-1-8 |
| 10 | ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല | 1-1-9 |
| 11 | ഇ - ടെണ്ടർ ഫീ തുക ഗ്രാമപഞ്ചായത്ത് തനത് അക്കൗണ്ടിൽ വരവ് വന്നിട്ടില്ല | 1-1-10 |
| 12 | വികസന ഫണ്ട് ചെലവ് വിശദാംശങ്ങൾ | 1-1-11 |
| 13 | അക്കൗണ്ട് വിശദാംശങ്ങൾ വാർഷിക കണക്കിൽ ഉൾപ്പെടുത്തിയില്ല . | 1-1-12 |
| 14 | ക്ലോസിങ്ങ് സ്റ്റോക്കിന്റെ ഭൗതിക പരിശോധന നടത്തി കൃത്യമായി അക്കൗണ്ട് ചെയ്തിട്ടില്ല. | 1-1-13 |
| 15 | ബജറ്റ് | 1-2 |
| 16 | സാമ്പത്തിക വിശകലനം | 1-3 |
| 17 | ഫണ്ട് വിനിയോഗം | 1-4 |
| 18 | പദ്ധതി അവലോകനം | 1-5 |
| 19 | ആഭ്യന്തര നിയന്ത്രണം | 1-6 |
| 20 | ക്യാഷ് ബാലൻസ് പരിശോധന | 1-7 |
| 21 | ടാക്സ് ഓഡിറ്റ് | 1-8 |
| 22 | ക്ഷേമ പദ്ധതികൾ | 1-9 |
| 23 | വിസ്തീർണ്ണത്തിനനുസൃതമായി വസതുനികുതി ഈടാക്കിയില്ല | 1-10 |
| 24 | വെറ്റിനറി ഓഫീസർ - രസീതി പിരിവിലെ അപാകതകൾ | 1-11 |
| 25 | എം ബുക്കിൽ അധിക അളവ് രേഖപ്പെടുത്തി തുക അനുവദിച്ചു. | 1-12 |
| 26 | ഖനന പ്രവൃത്തികൾക്ക് ഉയർന്ന നിരക്കിലുള്ള ഇനങ്ങൾ ഉപയോഗപ്പെടുത്തുന്നു. | 1-13 |
| 27 | ഇന്റർ ലോക്കിംഗ് പ്രവൃത്തികൾക്ക് അധിക അളവിൽ ഖനന പ്രവൃത്തി നിർവ്വഹിച്ചു. | 1-14 |
| 28 | സുഫലം - വിഷരഹിത ഫലം - മുഴുവൻ തൈകളും വിതരണം ചെയ്തില്ല | 1-15 |
| 29 | വിനിയോഗ വിവരം ലഭ്യമല്ല | 1-16 |
| 30 | ആവശ്യകത പരിശോധിക്കാതെ ഡസ്ക് ടോപ്പ് കമ്പ്യൂട്ടർ വാങ്ങി- | 1-17 |
| 31 | ഓഹരി ലാഭ വിഹിതം ലഭ്യമാക്കുന്നില്ല | 1-18 |
| 32 | ഹോമിയോ ആശുപത്രിയിലേക്ക് മരുന്ന് വാങ്ങൽ - മുഴുവൻ മരുന്നുകളും ലഭ്യമായില്ല | 1-19 |
| 33 | സ്മാർട്ട് ഗാർബേജ് മോണിറ്ററിങ്ങ് സിസ്റ്റം പദ്ധതി നടപ്പിലാക്കിയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കിയില്ല | 1-20 |
| 34 | കോക്ലിയാർ ഇംപ്ലാന്റേഷൻ റിപ്പയർ– ഗുണഭോക്താവിന് ഉപകരണങ്ങൾ ലഭ്യമായില്ല | 1-21 |
| 35 | മെയിന്റനൻസ് ഗ്രാന്റ് വകമാറ്റി ചെലവഴിച്ചു. | 1-22 |
| 36 | നിർവ്വഹിക്കാത്ത ഫോം വർക്കിന് തുക നൽകി | 1-23 |
| 37 | എം.ജി.എൻ.ആർ.ഇ.ജി.എ മെറ്റീരിയൽ വർക്ക്- ടി.ഡി.എസ് (ജി.എസ്.ടി) ഈടാക്കിയില്ല. | 1-24 |

| | | |
|---|---|---|
| 38 | GST രജിസ്ട്രേഷനില്ലാത്ത കരാറുകാരിൽ നിന്നും സാധനങ്ങൾ സമാഹരിക്കുന്നു. | 1-25 |
| 39 | അളവിന്റെ കൃത്യത പരിശോധിക്കാതെ ബിൽ തുക നൽകുന്നു. | 1-26 |
| 40 | ലോഗ് ബുക്ക് സൂക്ഷിപ്പ് തൃപ്തികരമല്ല | 1-27 |
| 41 | കരാറിലേർപ്പെട്ട ഗുണഭോക്താക്കൾ ഭവന നിർമ്മാണം പൂർത്തിയാക്കിയില്ല | 1-28 |
| 42 | അഗതി രഹിത കേരളം പദ്ധതി നടപ്പിലാക്കുന്നതിൽ വീഴ്ച | 1-29 |
| 43 | ഭിന്ന ശേഷി സ്കോളർഷിപ്പ് - ഗുണഭോക്താവിന്റെ അക്കൗണ്ടിൽ തുക എത്തിയില്ല | 1-30 |
| 44 | വയോജനങ്ങൽക്ക് കട്ടിൽ - പദ്ധതി നടത്തിപ്പിലെ അപാകതകൾ | 1-31 |
| 45 | അങ്കണവാടികളിൽ വാണിജ്യാവശ്യത്തിനുള്ള ഗ്യാസ് കണക്ഷൻ - പഞ്ചായത്തിന് അധിക ചെലവ് | 1-32 |
| 46 | മുൻകുറുകൾ ക്രമീകരിക്കുന്നതിൽ വീഴ്ച | 1-33 |
| **ഭാഗം 2** | | |
| --- No Records Found --- | | |
| **ഭാഗം 3** | | |
| 1 | എം ബുക്കിൽ അധിക അളവ് രേഖപ്പെടുത്തി തുക അനുവദിച്ചു. | 3-1 |
| 2 | ഖനന പ്രവൃത്തികൾക്ക് ഉയർന്ന നിരക്കിലുള്ള ഇനങ്ങൾ ഉപയോഗപ്പെടുത്തുന്നു. | 3-2 |
| 3 | ഇന്റർ ലോക്കിംഗ് പ്രവൃത്തികൾക്ക് അധിക അളവിൽ ഖനന പ്രവൃത്തി നിർവ്വഹിച്ചു. | 3-3 |
| 4 | സുഫലം - വിഷരഹിത ഫലം - മുഴുവൻ തൈകളും വിതരണം ചെയ്തില്ല | 3-4 |
| **ഭാഗം 4** | | |
| 1 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |
| 2 | സംയുക്ത പ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-4 |
| 5 | വായ്പ / വായ്പാതിരിച്ചടവ് | 4-5 |
| 6 | സ്ഥിര നിക്ഷേപം | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശങ്ങൾ | 4-8 |
| 9 | ചാർജ്ജ്/സർചാർജ്ജ് നടപടി വഴി ഈടാക്കിയ തുക | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |
| **അനുബന്ധം** | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

## ഭാഗം –1

## പൊതു അവലോകനം

### 1–1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

I. കേരള പഞ്ചായത്ത് രാജ് ആക്ട് 1994 ലെ സെക്ഷൻ 215(4) പ്രകാരം, കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 2011, KSAD ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4.2.1&11.3, സംസ്ഥാന ഗവൺമെന്റ്/ കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് 14-07-2023 ലെ 1/1 നമ്പർ കമ്മിറ്റി തീരുമാനം പ്രകാരം തയ്യാറാക്കി 15/07/2023 തീയതിയിൽ പിന്തുണയ്ക്കുന്ന ഫോമുകൾക്കൊപ്പം സമർപ്പിക്കപ്പെട്ടിട്ടുള്ള കായക്കൊടി ഗ്രാമപഞ്ചായത്തിന്റെ മാർച്ച് 2023 അവസാനിച്ച വർഷത്തിലെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും 31.03.2023 തീയതി വരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

Ii. C&AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് മാനദണ്ഡങ്ങളും C&AG നൽകിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണയ്ക്കുന്ന തെളിവുകൾ പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൗണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

Iii. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

### വിശേഷണങ്ങളോടു കൂടിയ അഭിപ്രായം

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, കായക്കൊടി ഗ്രാമപഞ്ചായത്തിന്റെ 2022-23 വർഷത്തേക്കുള്ള വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തെക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

**1-1-1 അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.**

കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം 62 പ്രകാരം വാർഷിക കണക്കിൽ അടിസ്ഥാന അനുപാതങ്ങൾ, അക്കൗണ്ടുകളിൻ മേലുള്ള കുറിപ്പുകൾ എന്നിവ ഉൾപ്പെടുത്തേണ്ടതാണ്, എന്നാൽ ഗ്രാമ പഞ്ചായത്ത് ഓഡിറ്റിന് സമർപ്പിച്ച 2022-23 വർഷത്തെ വാർഷിക കണക്കുകളോടൊപ്പം അടിസ്ഥാന അനുപാതങ്ങൾ (റേഷ്യോസ്), പ്രധാനപ്പെട്ട അക്കൗണ്ടിങ്ങ് നയങ്ങളെക്കുറിച്ചുള്ള കുറിപ്പുകൾ എന്നിവ ഉൾപ്പെടുത്തിയിട്ടില്ല.

**1-1-2 ക്യാഷ് ഫ്ലോ പത്രിക പൊരുത്തപ്പെടുന്നില്ല.**

ക്യാഷ്-ഫ്ലോ പത്രികയിലെ തൻ വർഷത്തെ ആകെ ക്യാഷ്-ഫ്ലോയും അതേ പത്രികയിലെ മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിലുള്ള വ്യത്യാസമായി ചേർത്തിരിക്കുന്ന തുകയും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

**1-1-3 രസീതി തെറ്റായ ശീർഷകത്തിൽ നൽകി**

തൻവർഷത്തെ ഓഡിറ്റ് റിക്കവറി ഇനത്തിൽ വരവുകൾ വന്ന 18,799/- രൂപ തനതു വരുമാനമായി ഉൾപ്പെടുത്താതെ ബാധ്യതയായി ഉൾപ്പെടുത്തി. Other Deposit Revenue(Code നമ്പർ 340200199) എന്ന ലയബിലിറ്റി ഹെഡിലാണ് രേഖപ്പെടുത്തിയത്.

**1-1-4 ബാങ്ക് റിക്കൺസിലിയേഷൻ അപാകതകൾ**

സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയിലെ ഇ-പെയ്മെന്റ് അക്കൗണ്ടിന്റെ (887) റിക്കൺസിലിയേഷൻ സ്റ്റേറ്റ്മെന്റിൽ പാസ്സ് ബുക്ക് ബാലൻസ് ആയി ചേർത്ത തുക 18,65,556/- രൂപയാണ്. എന്നാൽ ബാങ്ക് പാസ് ബുക്ക് പരിശോധിച്ചതിൽ ബാങ്കിലെ 31.03.23 ലെ നീക്കിയിരിപ്പായി കാണിച്ചിട്ടുള്ളത് 18,43,925/-രൂപയാണ്. റീകൺസിലിയേഷന് യഥാർത്ഥ പാസ്ബുക്ക് ബാലൻസ് രേഖപ്പെടുത്താത്തത് ഗുരുതര ക്രമക്കേടാണ്. പരിശോധിച്ച് മറുപടി ലഭ്യമാക്കേണ്ടതാണ്.

**1-1-5 Cheque Deposited But Not Cleared ആയി ചേർത്ത തുകകൾ ക്രമീകരിച്ചില്ല.**

ഗ്രാമ പഞ്ചായത്തിലെ സർവ്വീസ് സഹകരണ ബാങ്കിലെ 2362 നമ്പർ തനത് ഫണ്ട് അക്കൗണ്ടിന്റെ 31.3.2023 ലെ റീക്കൺസീലേഷൻ സ്റ്റേറ്റ്മെന്റ് പ്രകാരം Cheque Deposited But Not Cleared ആയി ചേർത്ത 13,868/- രൂപ ക്രമീകരിക്കാൻ അവശേഷിക്കുന്നു. ഈ തുക 27.11.2021 ന് ചെക്ക് നമ്പർ 2546532 പ്രകാരം ഗ്രാമ പഞ്ചായത്തിന് ലഭിക്കുകയും ബാങ്ക് ബുക്കിൽ വരവ് വയ്ക്കുകയും ചെയ്ത തുകയാണ്. ഏത് ഇനത്തിലുള്ള വരവാണെന്ന് വ്യക്തമാക്കിയിട്ടില്ല. ചെക്കിന്റെ കാലാവധി കഴിഞ്ഞതിനാൽ പഞ്ചായത്തിന് ലഭിക്കേണ്ട തുക ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

**1-1-6 ഗുണഭോക്താക്കൾ ഓൺലൈനായി അടവാക്കുന്ന തുകകൾ സമയബന്ധിതമായി അക്കൗണ്ടിൽ ക്രെഡിറ്റാകുന്നില്ല.**

SBI E-payment 31.3.2023 ലെ റീക്കൺസീലേഷൻ സ്റ്റേറ്റ്മെന്റ് പ്രകാരം Cheque Deposited But Not Cleared ആയി ചേർത്ത 4,468/- രൂപ ക്രമീകരിക്കാൻ അവശേഷിക്കുന്നു. ഗുണഭോക്താക്കൾ ഗ്രാമ പഞ്ചായത്തിൽ ഓൺലൈൻ ആയി അടവാക്കുന്ന വിവിധ ഫീസുകളും നികുതികളും അത് അടവാക്കുന്ന സമയത്ത് തന്നെ ബാങ്ക് ബുക്കിൽ വരവ് രേഖപ്പെടുത്തുന്നുണ്ടെങ്കിലും പഞ്ചായത്തിന്റെ അക്കൗണ്ടിൽ ക്രെഡിറ്റ് ആകുന്നില്ല. കൂടാതെ പ്രസ്തുത അക്കൗണ്ടിൽ 31.3.23 ൽ Directly Debited By Bank ആയി കാണിച്ചിട്ടുള്ള 1,827/- രൂപ ഏതെന്ന് വിശദീകരിച്ചിട്ടില്ല.

**1-1-7 വാർഷിക കണക്കിലെയും ഗ്രാമ പഞ്ചായത്തിലെ രജിസ്റ്റർ പ്രകാരമുള്ള തുകയും പൊരുത്തപ്പെടുന്നില്ല.**

വാർഷിക കണക്ക് പ്രകാരം താഴെ കാണിച്ച ഹെഡുകൾ പ്രകാരമുള്ള തുകകൾ രജിസ്റ്റർ പ്രകാരമുള്ള തുകകളുമായി പൊരുത്തപ്പെടുന്നില്ല.

| ഇനം | ഹെഡ് | വാർഷിക കണക്ക് പ്രകാരമുള്ള തുക | രജിസ്റ്റർ പ്രകാരം |
|---|---|---|---|
| അഡ്വാൻസ് തുക B-18 ഷെഡ്യൂൾ (NREGA) | 46,05,00,801 | 46,904 | 15,38,812 |
| ഡെപ്പോസിറ്റ് തുക B-7ഷെഡ്യൂൾ | 34,01,00,101 | 1,05,905 | 1,15,870 |
| | 34,01,00,102 | 1,13,806 | 1,03,842 |
| | 34,01,00,301 | 1,86,420 | 1,99,220 |

**1-1-8 ഡിമാന്റ് എൻട്രികൾ സമയ ബന്ധിതമായി നടത്തുന്നില്ല.**

1.4.22 ന് നിലവിലുള്ള വസ്തു നികുതി ഡിമാന്റ് തുക വർഷാരംഭത്തിൽ ഡിമാന്റ് തുകയായി രേഖപ്പെടുത്തേണ്ടിയിരുന്നതും 22-23 വർഷത്തിൽ അസസ് ചെയ്യപ്പെടുന്ന വസ്തു നികുതി ഉൾപ്പെടെയുള്ള അക്രുവൽ അടിസ്ഥാനത്തിലുള്ള വരുമാനങ്ങൾ പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന പ്രതിമാസ സമ്മറി സ്റ്റേറ്റ്മെന്റ് അസസ്മെന്റ് രജിസ്റ്റർ എന്നിവയുടെ അടിസ്ഥാനത്തിൽ പ്രതിമാസ ഡിമാന്റ് ജേണൽ എൻട്രി മുഖേന ചേർക്കേണ്ടതാണ്. എന്നാൽ 2022-23 വർഷത്തെ വസ്തു നികുതി ശീർഷകത്തിലെ ഡിമാന്റ് എൻട്രികൾ പരിശോധിച്ചതിൽ 31.3.23 ന മാത്രമാണ് രേഖപ്പെടുത്തിയിട്ടുള്ളത്. ചട്ടത്തിൽ നിർദ്ദേശിച്ച രീതിയിൽ വസ്തുനികുതി ഉൾപ്പെടെയുള്ള വരവുകൾ ഡിമാന്റ് നിയമ പ്രകാരം ഉത്ഭവിക്കുന്ന സമയത്ത് തന്നെ വരുത്താത്തതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

**1-1-9 ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല**

വാർഷിക കണക്കിലെ ബാലൻസ് ഷീറ്റിലെ സ്ഥിരാസ്ഥികളുടെ മൂല്യം പരിശോധിക്കുന്നതിന് സാധ്യമായ രീതിയിൽ ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.

**1-1-10 ഇ - ടെണ്ടർ ഫീ തുക ഗ്രാമപഞ്ചായത്ത് തനത് അക്കൗണ്ടിൽ വരവ് വന്നിട്ടില്ല**

LID EW അസിസ്റ്റന്റ് എഞ്ചിനീയർ ഇ-ടെണ്ടർ മുഖേന പദ്ധതി നടപ്പിലാക്കുമ്പോഴുള്ള ഇ-ടെണ്ടർ ഫീ തുക നാളിതുവരെ ഗ്രാമപഞ്ചായത്ത് തനത് അക്കൗണ്ടിൽ വരവ് വന്നിട്ടില്ല. ഈ ആവശ്യത്തിനായി

എ.ഇ യുടെ പേരിലുള്ള അക്കൗണ്ടിൽ (നം-67141408716) 6.11.23ൽ 145480 നീക്കിയിരിപ്പുണ്ട്. പ്രസ്തുത തുക റിസീവബിൾസായി ഉൾപ്പെടുത്തിയിട്ടില്ല. 01.04.22 മുതൽ 06.11.23 വരെ ഈ അക്കൗണ്ടിൽ പണം ഒന്നും ക്രെഡിറ്റായിട്ടില്ല. ഇതിനർഥം നിലവിൽ ടെണ്ടർ ഫീസിനത്തിലുള്ള വരവ് പഞ്ചായത്തിന് ലഭ്യമാകുന്നില്ല എന്നാണ്. ടെണ്ടർ ഫീ ലഭ്യമാക്കുന്നതിനുള്ള നടപടികളും, റിസീവബിൾസായി ഉൾപ്പെടുത്താത്തതിന് കാരണവും വ്യക്തമാക്കേണ്ടതാണ്.

**1-1-11 വികസന ഫണ്ട് ചെലവ് വിശദാംശങ്ങൾ**

മെഡിക്കൽ ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ (ആർദ്രം പദ്ധതി ഡോക്ടർമാർക്കും നഴ്സ്മാർക്കും ശമ്പളം) വികസന ഫണ്ട് ചെലവ് വിശദാംശങ്ങൾ പരിശോധിച്ചതിൽ പദ്ധതി നമ്പർ 15/23 പ്രകാരം 1,12,790/- രൂപ ചെലവഴിച്ചിട്ടുണ്ട് (ബിൽ നമ്പർ 3/29.4.22) ഈ ചെലവിന്റെ വിശദാംശങ്ങൾ സുലേഖ സ്റ്റേറ്റ്മെന്റിൽ ചെലവായി രേഖപ്പെടുത്തിയിട്ടില്ല.

**1-1-12 അക്കൗണ്ട് വിശദാംശങ്ങൾ വാർഷിക കണക്കിൽ ഉൾപ്പെടുത്തിയില്ല .**

കാനറാബാങ്കിലുള്ള 110042388516 നമ്പർ അക്കൗണ്ട്, IDBI ബാങ്കിലുള്ള 130710400123919 നമ്പർ അക്കൗണ്ട്, എന്നീ അക്കൗണ്ടുകൾ വാർഷിക കണക്കിൽ ഉൾപ്പെടുത്തിയില്ല. ഇടപാടുകൾ ഇല്ലെങ്കിലും വാർഷിക കണക്കിൽ അക്കൗണ്ടിന്റെ വിശദാംശങ്ങൾ കാണിക്കേണ്ടതാണ്. ഈ അക്കൗണ്ടുകൾ എന്താവശ്യത്തിനുള്ളതാണെന്ന് വ്യക്തമാക്കേണ്ടതാണ്.

**1-1-13 ക്ലോസിങ്ങ് സ്റ്റോക്കിന്റെ ഭൗതിക പരിശോധന നടത്തി കൃത്യമായി അക്കൗണ്ട് ചെയ്തിട്ടില്ല.**

സ്റ്റോക്ക് രജിസ്റ്ററിൽ സ്റ്റോക്കിന്റെ വർഷാന്ത മൂല്യം എഴുതി സാക്ഷ്യപ്പെടുത്തിയിട്ടില്ലാത്തതിനാൽ ബാലൻഷീറ്റ് B-14 പ്രകാരം സ്റ്റോക്ക് ഇൻ ഹാൻഡ് പ്രകാരം ക്ലോസിങ്ങ് സ്റ്റോക്ക് ആയി കാണിച്ചിട്ടുള്ള 37,446/- രൂപയുടെ ആധികാരികത പരിശോധിക്കാൻ സാധിച്ചിട്ടില്ല

**1-2 ബജറ്റ്**

ഗ്രാമപഞ്ചായത്തിന്റെ 2022-23 വർഷത്തെ ബജറ്റ് 22/03/2022 ലെ 1/1 നമ്പർ തീരുമാനപ്രകാരവും, പരിഷ്കരിച്ച ബജറ്റ് 22/03/2023 ലെ 1/1 നമ്പർ തീരുമാനപ്രകാരവും അംഗീകരിച്ചു.

**1-3 സാമ്പത്തിക വിശകലനം**

| | |
|---|---|
| മുന്നിരിപ്പ് | 19,423,309 |
| വരവ് | 38,801,600 |
| ആകെ | 5,82,24,909 |
| ചെലവ് | 3,71,18,857 |
| നീക്കിയിരിപ്പ് | 2,11,06,052 |

## 1-4 ഫണ്ട് വിനിയോഗം

### ഫണ്ട് വിനിയോഗം

| ഫണ്ടിനം | | മുൻ ബാക്കി | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ്/ ലാപ്സായതുക |
|---|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ | | 0 | 18303000 | 18303000 | 17085912 | 1217088 |
| വികസന ഫണ്ട്-എസ്.സി.പി | | 0 | 1518000 | 1518000 | 1517641 | 359 |
| വികസന ഫണ്ട്-ടി.എസ്.പി | | 0 | 0 | 0 | 0 | 0 |
| മെയിന്റനൻസ്, റോഡ് | | 0 | 7230000 | 7230000 | 7117821 | 112179 |
| മെയിന്റനൻസ്, നോൺ-റോഡ് | | 0 | 5804000 | 5804000 | 5161815 | 642185 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ടൈഡ് ഫണ്ട്) | ബാങ്ക് | 929399 | 4598000 | 5527399 | 3324124 | 2203275 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (അൺടൈഡ്) | ബാങ്ക് | 50364 | 3212314 | 3262678 | 3054439 | 208239 |

## 1-5 പദ്ധതി അവലോകനം

ഗ്രാമ പഞ്ചായത്തിലെ നിർവ്വഹണ ഉദ്യോഗസ്ഥരുടെയും അവർ നടപ്പിലാക്കിയ പദ്ധതികളുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവ്വഹണ ഉദ്യോഗസ്ഥൻ | അംഗീകാരം ലഭിച്ച പദ്ധതി കളുടെ എണ്ണം | നടപ്പിലാക്കിയ പദ്ധതി കളുടെ എണ്ണം | പദ്ധതി അടങ്കൽ | ചെലവ് | ചെലവ് ശതമാനം |
|---|---|---|---|---|---|
| സെക്രട്ടറി | 16 | 14 | 4625964 | 4490336 | 97% |
| അസി. സെക്രട്ടറി | 5 | 5 | 775019 | 733164 | 95% |
| ഐ.സി.ഡി.എസ്. സൂപ്പർ വൈസർ | 9 | 7 | 7159463 | 5594339 | 78% |
| മെഡിക്കൽ ഓഫീസർ (എഫ് എച്ച്.സി.) | 10 | 9 | 2519343 | 2327290 | 92% |
| മെഡിക്കൽ ഓഫീസർ (ആയുർവേദം) | 2 | 2 | 600000 | 600000 | 100% |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ I | 7 | 6 | 9430485 | 5153225 | 55% |
| കൃഷി ഓഫീസർ | 11 | 11 | 2045900 | 1773423 | 87% |
| ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 3 | 3 | 1688964 | 1033752 | 61% |
| വെറ്ററിനറി സർജൻ | 4 | 4 | 3629000 | 3629000 | 100% |

| | | | | | |
|---|---|---|---|---|---|
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ II | 6 | 5 | 41348800 | 1936400 | 5% |
| ഹെഡ് മാസ്റ്റർ | 4 | 4 | 1157865 | 1138995 | 98% |
| അസി. എഞ്ചിനീയർ | 46 | 40 | 27639274 | 20872790 | 76% |
| ഫിഷറീസ് സബ് ഇൻസ്പെക്ടർ | 1 | 1 | 273000 | 59700 | 22% |
| ആകെ | 124 | 111 | 102893077 | 49342414 | 48% |

ഡി.പി.സി. അഗീകാരം ലഭിച്ച 124 പ്രൊജക്ടുകളിൽ 111 എണ്ണം ഓഡിറ്റ വർഷം നടപ്പാക്കിയിട്ടുണ്ട്. ആകെ പദ്ധതി അടങ്കലായി 10,28,93,077/- രൂപ വകയിരുത്തിയതിൽ 4,93,42,414/- രൂപ (48%) മാത്രമാണ് പദ്ധതിക്കായി ചെലവഴിച്ചത്. 90% പദ്ധതികളും നടപ്പിലാക്കിയിട്ടുണ്ട്. വി.ഇ.ഒ. നടപ്പിലാക്കിയ 126/23 (ഹരിതകർമ്മസേന പ്രവർത്തന ഫണ്ട്), 124/23(റിട്രോഫിറ്റിംഗ്), 113/23 (അതി ദരിദ്രർക്കുള്ള മൈക്രോ പ്ലാൻ ടോയ്‌ലറ്റ് നിർമ്മാണം) എന്നീ പദ്ധതികൾക്ക് വകയിരുത്തിയ കേന്ദ്രാവിഷ്കൃത ഫണ്ട്, 60/23 (ലൈഫ് ഭവന പദ്ധതി ജനറൽ) ന് വകയിരുത്തിയ സംസ്ഥാനാവിഷ്കൃത ഫണ്ട്, ബ്ലോക്ക് പഞ്ചായത്ത് ഫണ്ട്, ബാങ്ക് ലോൺ എന്നിവയിൽ ചെലവില്ലാത്തതിനാൽ വി.ഇ.ഒ. യുടെ പദ്ധതി ചെലവ് ശതമാനം ആകെ 14% മാത്രമാണ്. മത്സ്യ മേഖലയിൽ പുതിയ പ്രോജക്ടുകളൊന്നും ഏറ്റെടുത്തിട്ടില്ല. ഒരു സ്പിൽ ഓവർ പദ്ധതി മാത്രമാണ് (പടുതാക്കുളം-മത്സ്യ കൃഷി) 2022-23 വർഷം നടപ്പാക്കിയത്. സ.ഉ.(കൈ)നം.84/2022/തസ്വഭവ. തിയ്യതി 19.04.2022 നമ്പർ പതിനാലാം പഞ്ചവത്സര പദ്ധതി മാർഗ്ഗരേഖയിലെ ഖണ്ഡിക 3-1-2(എ) (4) പ്രകാരം തീരദേശ മേഖലകളിലും ഫിഷറീസ് ഉദ്യോഗസ്ഥർ നിലവിലുള്ള തദ്ദേശഭരണ സ്ഥാപനങ്ങളിലും മത്സ്യ മേഖലാ വികസനത്തിന് പ്രത്യേകം വർക്കിംഗ് ഗ്രൂപ്പ് നിർബന്ധമായും ഉണ്ടായിരിക്കണമെന്ന് നിർദ്ദേശമുണ്ട്. എന്നാൽ പഞ്ചായത്തിൽ ഫിഷറീസ് സബ് ഇൻസ്പെക്ടർ ഒരു നിർവ്വഹണ ഉദ്യോഗസ്ഥനായി നിലവിലുണ്ടെങ്കിലും പ്രസ്തുത മേഖലക്ക് ഒരു വർക്കിംഗ് ഗ്രൂപ്പ് രൂപീകരിക്കുകയോ ചർച്ചകൾ നടക്കുകയോ ചെയ്തിട്ടില്ല.

വനിതാ ഘടക പദ്ധതിയിൽ ഉൾപ്പെടുത്തി ആകെ 4 പദ്ധതികൾക്കായി 36,99,000/- രൂപയുടെ അടങ്കൽ തയ്യാറാക്കി 36,19,000/- രൂപയുടെ ചെലവ് നടത്തിയിട്ടുണ്ട്. സ.ഉ.(കൈ)നം.84/2022/തസ്വഭവ. തിയ്യതി 19.04.2022 നമ്പർ പതിനാലാം പഞ്ചവത്സര പദ്ധതി മാർഗ്ഗരേഖയിലെ ഖണ്ഡിക 6.3 ൽ വനിതാ ഘടക പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പാക്കാവുന്ന പദ്ധതികളെ കുറിച്ച് വ്യക്തമായി പ്രതിപാദിക്കുന്നുണ്ട്. സ്ത്രീകളുടെ തൊഴിലും വരുമാനവും സാമൂഹ്യ പദവിയും വർധിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങളായിരിക്കണം വനിതാ ഘടക പദ്ധതിയിൽ ലക്ഷ്യമിടേണ്ടത്. അതായത് ഉത്പാദനാധിഷ്ഠിതവും സേവനാധിഷ്ഠിതവുമായ നൂതന സംരംഭങ്ങൾ കുടുംബശ്രീയുടെ സഹായത്തോടെ നടപ്പാക്കൽ, സ്ത്രീകളുടെ തൊഴിൽ - വരുമാന വർദ്ധനവിനായി സ്വയംതൊഴിൽ സംരംഭങ്ങൾ ആരംഭിക്കൽ സ്വയം തൊഴിൽ സംരംഭകരുടെ ഉത്പന്നങ്ങളുടെ വിപണനകേന്ദ്രങ്ങൾ ആരംഭിക്കൽ,

ജാഗ്രതാസമിതികൾ ശക്തിപ്പെടുത്തുന്നതിനുള്ള പ്രവർത്തനങ്ങൾ, സ്ത്രീകൾക്കും കുട്ടികൾക്കും എതിരെയുള്ള അതിക്രമങ്ങൾ ഒഴിവാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ, സ്കൂളുകളിലെ പെൺകുട്ടികളുടെ സൗകര്യാർത്ഥം നാപ്കിൻ വെന്റിംഗ് യൂണിറ്റുകൾ സ്ഥാപിക്കുന്ന പ്രോജക്ടുകൾ വനിതകൾക്ക് പ്രതിരോധ പരിശീലനം നൽകുന്നതിനും യോഗ പരിശീലനം നൽകുന്നതിനുമുള്ള പ്രോജക്ടുകൾ മുതലായവയാണ് വനിതാ ഘടക പദ്ധതിയിൽ ഉൾപ്പെടുത്തി ചെയ്യാവുന്നത്. പഞ്ചായത്തിൽ നടപ്പിലാക്കിയത് വെറ്ററിനറി സർജൻ, കൃഷി ഓഫീസർ എന്നിവർ നിർവ്വഹണം നടത്തിയ കറവപ്പശു വിതരണം, പോത്തുകുട്ടി വിതരണം, മുട്ടക്കോഴി വിതരണം, ഞങ്ങളും കൃഷിയിലേക്ക് - ഗ്രോ ബാഗ് പച്ചക്കറി കൃഷി എന്നീ പദ്ധതികളാണ്. ഇവയെല്ലാം ജനറൽ പദ്ധതിയിൽ ഉൾപ്പെടുത്തി ചെയ്യേണ്ടവ ആയിരുന്നു.

സ്ത്രീകളുടെയും കുട്ടികളുടെയും വികസനം സംബന്ധിച്ച വർക്കിംഗ് ഗ്രൂപ്പിന്റെ യോഗങ്ങളിൽ വനിതകൾക്കും കുട്ടികൾക്കും കരാട്ടെ പരിശീലനം, പി.എസ്.സി. പരിശീലനം, യോഗ പരിശീലനം, കൗൺസലിംഗ്, ജാഗ്രതാ സമിതികൾ ശക്തിപ്പെടുത്തൽ തുടങ്ങി വനിതാ ഘടകപദ്ധതിയിൽ ഉൾപ്പെടുത്താവുന്ന പദ്ധതികളെ കുറിച്ച് ചർച്ചകൾ നടന്നിട്ടുണ്ട്. എന്നാൽ പ്രസ്തുത പദ്ധതികളൊന്നും തന്നെ ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടില്ല.

പദ്ധതി മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി വനിതാ ഘടകപദ്ധതിയിൽ തുക വകയിരുത്തി പ്രോജക്ടുകൾ തയ്യാറാക്കി പദ്ധതി തുക ചെലവഴിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്. ഇക്കാര്യം ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധയിൽ കൊണ്ടുവരുന്നു.

## 1-6 ആഭ്യന്തര നിയന്ത്രണം

ഗ്രാമ പഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനം കുടുതൽ മെച്ചപ്പെടേണ്ടതുണ്ടെന്ന് പരിശോധനകളിൽ നിന്ന് ബോധ്യപ്പെടുന്നു. ജീവനക്കാർക്ക് അവരുടെ ജോലികൾ സംബന്ധിച്ച് കൃത്യമായി ജോലി വിഭജനം നടത്തിയിട്ടുണ്ട്. ഓഡിറ്റ് വർഷം പിരിവു ജീവനക്കാർക്ക് പ്രതിമാസ ടാർജറ്റ് നിശ്ചയിച്ച് നൽകിട്ടുണ്ടെങ്കിലും ജീവനക്കാരുടെ പ്രതിമാസ യോഗം വിളിച്ചു ചേർത്ത് പിരിവിന്റെ പുരോഗതി വിലയിരുത്തുന്നില്ല. രജിസ്റ്ററുകളുടെ സൂക്ഷിപ്പ് തൃപ്തികരമല്ല. ഉദാഹരണത്തിന് സ്യൂട്ട് രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടുണ്ടെങ്കിലും നിലവിലുള്ള കേസുകളുടെ എണ്ണവും ആയവയുടെ സ്ഥിതിയും

നിരീക്ഷിക്കാൻ ഉതകുന്ന രീതിയിൽ രജിസ്റ്റർ തയ്യാറാക്കിയിട്ടില്ല. അതുപോലെ കമ്പ്യൂട്ടറിന്റെ സ്റ്റോക്ക് രജിസ്റ്ററിന്റെ സൂക്ഷിപ്പും തൃപ്തികരമല്ല. 24-9-2010 ലെ 86/2010/ഫിൻ സർക്കുലർ പ്രകാരം ധനവകുപ്പ് നിർദ്ദേശിച്ച രീതിയിൽ കമ്പ്യൂട്ടറുകളുടെ സോഫ്റ്റ് വെയർ, ഹാർഡ് വെയർ എന്നിവ പ്രത്യേകം രേഖപ്പെടുത്തുന്ന രജിസ്റ്ററുകൾ സൂക്ഷിക്കുന്നില്ല. ഹാർഡ് വെയറുകളുടെ സ്റ്റോക്കുകൾക്കു പുറമേ ഓഫീസുകളിൽ ഉപയോഗിക്കുന്ന സോഫ്റ്റ് വെയറുകളുടെ വിശദാംശങ്ങൾ കൂടി സ്ഥാപന മേധാവികൾ സൂക്ഷിക്കേണ്ടതാണ് എന്ന് സർക്കുലറിൽ പ്രത്യേകം പരാമർശിച്ചിട്ടുണ്ട്. മേൽ സർക്കുലറിലെ നിർദ്ദേശങ്ങളനുസരിച്ച് ഓരോ 6 മാസം കൂടുമ്പോൾ അല്ലെങ്കിൽ പുതിയ സിസ്റ്റം വാങ്ങുമ്പോഴോ പുതിയ സോഫ്റ്റ്‌വെയർ ഇൻസ്റ്റാൾ ചെയ്യുമ്പോഴോ ഒഴിവാക്കുമ്പോഴോ രജിസ്റ്റർ കാലികമാക്കേണ്ടതാണ്. മേൽ പറഞ്ഞ രീതിയിൽ കമ്പ്യൂട്ടറുകൾക്കും സോഫ്റ്റ്‌വെയറുകൾക്കും ഒരു സ്റ്റോക്ക് രജിസ്റ്റർ പഞ്ചായത്തിൽ സൂക്ഷിച്ചിട്ടില്ല. കൂടാതെ ഓഫീസ് വാഹനത്തിന്റെ ലോഗ് ബുക്ക് സെക്രട്ടറി പരിശോധിച്ച് സാക്ഷ്യപ്പെടുത്തുന്നില്ല. ഇന്ധനം നിറയ്ക്കുന്നതിന്റെ അളവും ഓരോ പ്രാവശ്യവും നിറയ്ക്കുന്നതിന്റെ ചെലവു വിവരവും ലോഗ് ബുക്കിൽ രേഖപ്പെടുത്തുന്നില്ല. ഇതു സംബന്ധിച്ച പരാമർശം ഖണ്ഡിക 1-27 ൽ കാണുക.

കൃത്യമായ ഇടവേളകളിൽ ജീവനക്കാരുടെ യോഗം വിളിച്ചു ചേർത്ത് ഓരോ സെക്ഷന്റെയും ചുമതലകൾ ശരിയായി തന്നെ നിറവേറ്റുന്നുണ്ടോ എന്നത് പഞ്ചായത്ത് വിലയിരുത്തേണ്ടതും ആവശ്യമായ നിർദ്ദേശങ്ങൾ നൽകേണ്ടതുമാണ്.

## 1-7 ക്യാഷ് ബാലൻസ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 04.11.2023ന് 02.10 Pm മണിക്ക് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 65/-രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-8 ടാക്സ് ഓഡിറ്റ്

### ഗ്രാമപഞ്ചായത്തിന്റെ തനത് വരുമാനം വർദ്ധിപ്പിക്കുന്നതിന് സ്വീകരിക്കാവുന്ന നടപടികൾ

ഗ്രാമപഞ്ചായത്തിന്റെ തനത് വരുമാന സ്രോതസ്സുകൾ പൂർണ്ണമായി കണ്ടെത്തുകയും പുതിയവ ഉൾപ്പെടുത്തുകയും ചെയ്യുന്നതിലൂടെ തനത് വരുമാനഫണ്ട് വിപുലീകരിക്കാവുന്നതാണ്. കായക്കൊടി ഗ്രാമപഞ്ചായത്തിലെ വരവിനങ്ങൾ പരിശോധിച്ചതിൽ ഓഡിറ്റ് നിരീക്ഷണങ്ങളും തനത് വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള ശുപാർശകളും താഴെ ചേർക്കുന്നു.

### വസ്തുനികുതി വരവ്

2011 ലെ വസ്തുനികുതി ചട്ട പ്രകാരം 5 വർഷം കൂടുമ്പോൾ നിയമാനുസരണം നികുതി വർദ്ധിപ്പിക്കാവുന്നതാണ്. 22.03.2023 ലെ സർക്കാർ ഉത്തരവ് (കൈ) നമ്പർ 77/2023/എൽ.എസ്.ജി.ഡി പ്രകാരം നിലവിലുള്ള കെട്ടിടങ്ങളുടെ നികുതി പുതുക്കി നിശ്ചയിക്കുന്നതിനും കെട്ടിടങ്ങളുടെ ശരിയായ വിവരങ്ങൾ സോഫ്റ്റ് വെയറിൽ ചേർക്കുന്നതിനും നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. 1994 ലെ കേരള പഞ്ചായത്ത് ആക്ട് 203-ാം വകുപ്പ് 4-ാം ഉപവകുപ്പ് പ്രകാരം ഓരോ 5 വർഷകാലയളവിലേയ്ക്കും പ്രാബല്യത്തിൽ വരുത്തേണ്ട അടിസ്ഥാന വസ്തുനികുതി നിരക്കുകൾ സർക്കാർ നിശ്ചയിക്കുന്ന പരിധികൾക്കു വിധേയമായി ഗ്രാമപഞ്ചായത്ത് 01/04/2023 തീയതി മുതൽ തുടങ്ങുന്ന 5 വർഷ കാലയളവിൽ ഓരോ വിഭാഗം കെട്ടിടങ്ങൾക്കും അവയുടെ ഉപവിഭാഗങ്ങൾക്കും ബാധകമായിരിക്കേണ്ട

വസ്തുനികുതി നിരക്കുകൾ കൂടിയതും, കുറഞ്ഞതുമായ നിരക്കുകൾ 05/04/2023 ലെ സ.ഉ. (അച്ചടി) 25 2023 എൽ.എസ്.ജി.ഡി നമ്പർ വിജ്ഞാപനപ്രകാരം സർക്കാർ നിശ്ചയിച്ച് ഉത്തരവായിട്ടുള്ളതിന്റെ അടിസ്ഥാനത്തിൽ സർക്കാർ നിശ്ചയിച്ചിട്ടുള്ള പരിധികൾക്ക് വിധേയമായി കായക്കൊടി ഗ്രാമപഞ്ചായത്തിലെ കെട്ടിടങ്ങൾക്കും അതിന്റെ ഉപവിഭാഗങ്ങൾക്കും തറവിസ്തീർണ്ണത്തിനോ എണ്ണത്തിനോ ബാധകമായ അടിസ്ഥാന വസ്തുനികുതി നിരക്കുകൾ താൽക്കാലികമായി നിശ്ചയിക്കുകയും ടി കരട് വിജ്ഞാപനം 09.05.2023 ന് ആക്ഷേപം ക്ഷണിച്ച് കൊണ്ട് പത്രങ്ങളിൽ പരസ്യം നൽകുകയും ചെയ്തിരുന്നു. എന്നാൽ ആയതിന് 30 ദിവസത്തിനകം ഒരു ആക്ഷേപവും ലഭിച്ചിട്ടില്ല എന്നതിനാൽ വസ്തു നികുതി പരിഷ്കരണം തീരുമാനം അന്തിമമാക്കുന്നതിന് ഭരണസമിതി ഐകകണ്ഠേന തീരുമാനിക്കുകയും അന്തിമ വിജ്ഞാപനം മലയാള പത്രങ്ങളിൽ പ്രസിദ്ധീകരിക്കുകയും ചെയ്തിട്ടുണ്ട്. അപ്രകാരം കായക്കൊടി ഗ്രാമപഞ്ചായത്ത് പ്രദേശത്ത് നിലവിലിരിക്കുന്ന അടിസ്ഥാന വസ്തുനികുതി നിരക്കുകൾ സർക്കാർ വിജ്ഞാപനം ചെയ്ത കൂടിയതും കുറഞ്ഞതുമായ പരിധികൾക്ക് വിധേയമായി 01/04/2023 പ്രാബല്യത്തിൽ നിലവിൽ വന്നിട്ടുണ്ട്. ഡാറ്റാ പ്യൂരിഫിക്കേഷൻ നടത്തി സോഫ്റ്റ് വെയർ ലോക്ക് ചെയ്തിട്ടുണ്ട്. കൂടാതെ സോഫ്റ്റ്‌വെയർ അപ്ഡേഷൻ വരുത്തി നിലവിൽ പുതിയ നിരക്കിലാണ് നികുതി ഈടാക്കുന്നത്. 2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 7 പ്രകാരം മേഖലകളെ സംബന്ധിച്ച വിവരങ്ങൾ വാർഡ് അടിസ്ഥാനത്തിലുള്ള മാപ്പിൽ രേഖപ്പെടുത്തി സൂക്ഷിച്ചിട്ടില്ല.

കായക്കൊടി ഗ്രാമപഞ്ചായത്തിൽ 16 വാർഡുകളിലായി നിലവിൽ 10886 കെട്ടിടങ്ങളുണ്ട്. കെട്ടിടങ്ങളുടെ നിലവിലുള്ള അളവുകൾ ഉൾപ്പെടെയുള്ള അടിസ്ഥാന വിവരങ്ങൾ ശേഖരിക്കേണ്ടതിനും, നികുതി വർദ്ധനവിനുതകുന്ന വിവര ശേഖരണത്തിനായി വിദ്യാർത്ഥികളുടെ സേവനം അടിയന്തരമായി ലഭ്യമാക്കി ഡാറ്റാ എൻട്രി നടത്തുന്നതിനും സിവിൽ എൻജിനീയറിംങ് ഡിപ്ലോമ, സിവിൽ എൻജിനീയറിംങ് ബിരുദം ഐ.ടി.ഐ ഡ്രാഫ്റ്റ്സ്മാൻ, ഐ.ടി.ഐ സർവ്വെയർ എന്നീ യോഗ്യതയുള്ളവരെ നിയമിക്കുന്നതിന് തീരുമാനിക്കുകയും ശേഷം യോഗ്യരായവരെ അഭിമുഖം വഴി കണ്ടെത്തി സർവെ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. നിലവിൽ ഒരു വാർഡിലെ സർവെ കഴിഞ്ഞതായി സെക്ഷൻ അറിയിച്ചിട്ടുണ്ട്. ഇവർ മുഖാന്തരം തൊഴിൽ നികുതി, ഡി ആന്റ് ഓ ലൈസൻസ് മുതലായ വരുമാനങ്ങൾക്കുതകുന്ന വിവരങ്ങൾ ശേഖരിക്കാവുന്നതാണ്. ആറാം സംസ്ഥാന ധനകാര്യ കമ്മീഷന്റെ റിപ്പോർട്ടിലെ ശുപാർശ പ്രകാരം സാമ്പത്തിക മാനേജ്മെന്റിന്റെ ക്രമമായ പുരോഗതിയ്ക്കായി സ.ഉ (കൈ) നം. 117/2022/എൽ.എസ്.ജി.ഡി, തീയ്യതി 01.06.2022 പ്രകാരം നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. മേൽ ഉത്തരവിലെ ക്രമ നം. 2 പ്രകാരം എല്ലാ പ്രാദേശിക സർക്കാർ നികുതിവരുമാനത്തിന്റെയും ഡി.സി.ബി മൂന്ന് മാസത്തിലൊരിക്കലെങ്കിലും ഭരണസമിതി ചർച്ച ചെയ്ത് ഉദ്യോഗസ്ഥർക്ക് നിർദ്ദേശങ്ങൾ നൽകേണ്ടതാണെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. ആയത് പാലിക്കപ്പെടുന്നുണ്ട്. നികുതി നികുതിയേതര വരവുകളുടെ അവലോകനം മൂന്ന് മാസത്തിലൊരിക്കൽ ഗ്രാമസഭയിൽ നടത്താറുണ്ട്.

സാമ്പത്തിക വർഷാരംഭത്തിൽ തന്നെ വസ്തുനികുതി സമാഹരിക്കുന്നതിനുള്ള നടപടികൾ തദ്ദേശഭരണ സ്ഥാപനങ്ങൾ ആരംഭിക്കേണ്ടതും ഈ പ്രവർത്തനങ്ങൾക്ക് ഗ്രാമപഞ്ചായത്തുകളിൽ ഉത്തരവാദിത്തപ്പെട്ട ഉദ്യോഗസ്ഥൻ നേതൃത്വം നൽകേണ്ടതുമാണ്. നികുതി പിരിവ് പുരോഗതി എല്ലാ മാസവും ആദ്യം കൂടുന്ന യോഗത്തിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി വിലയിരുത്തണം. ഇതു സംബന്ധിച്ച് സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശുപാർശ വസ്തുനികുതി സമാഹരണം കാര്യക്ഷമമാക്കും എന്ന് ഓഡിറ്റ് വിലയിരുത്തുന്നു.

**പെർമിറ്റ്/ അനധികൃത നിർമ്മാണം**

സ്ഥാപനത്തിൽ നിലവിൽ UA നമ്പർ നൽകി നികുതി ഈടാക്കി വരുന്ന കെട്ടിടങ്ങളില്ല. എന്നാൽ വിവരാവകാശ രേഖകൾ പരിശോധിച്ചതിൽ (Letter Ref 980/22 Dt: 08/07/2022) അനധികൃത നിർമ്മാണമുണ്ടെന്ന് വ്യക്തമായിട്ടുണ്ട്. മേൽ വിവരാവകാശ അപേക്ഷയെ തുടർന്ന് സ്ഥലപരിശോധന നടത്തി അനധികൃത കെട്ടിടഭാഗങ്ങൾ പൊളിച്ചുനീക്കുന്നതിന് കെട്ടിടയുടമയ്ക്ക് 26/07/2022 തിയ്യതിയായി നൽകിയ താൽക്കാലിക ഉത്തരവ് ലഭ്യമാക്കിയ മറുപടി തൃപ്തികരമല്ലാത്തതിനാൽ 16/09/2022

തിയ്യതിയായി സ്ഥിരപ്പെടുത്തി നോട്ടീസ് നൽകിയിട്ടുമുണ്ട്. 2011 ലെ കേരള പഞ്ചായത്ത് ബിൽഡിംഗ് റൂളിലെ, ചട്ടം 138 ൽ കെട്ടിടങ്ങളുടെ ക്രമവത്കരണം നടത്തുന്നതിന് സെക്രട്ടറിക്കുള്ള അധികാരങ്ങൾ വ്യക്തമാക്കുന്നതിനൊപ്പം അനധികൃത കെട്ടിട നിർമ്മാണങ്ങൾ യഥാസമയം കണ്ടെത്തി തടയുന്നതിൽ സെക്രട്ടറിക്ക് ചട്ട പ്രകാരമുള്ള ഉത്തരവാദിത്തം ഒഴിവാക്കപ്പെടുന്നില്ലെന്നത് പരാമർശിക്കുന്നുണ്ട്. പെർമിറ്റില്ലാതെ കെട്ടിട നിർമ്മാണം പൂർത്തീകരിച്ച കെട്ടിടങ്ങൾ നിർമ്മാണ ഘട്ടത്തിൽ തന്നെ ഫീൽഡ് പരിശോധയിലൂടെ തിരിച്ചറിഞ്ഞ് നടപടികൾ സ്വീകരിക്കുന്നതിന് സ്ഥാപനത്തിന് സാധിച്ചിട്ടില്ല.

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം 166(1), പട്ടിക 3, 235എ പ്രകാരം ഗ്രാമപഞ്ചായത്ത് പരിധിയിലെ കെട്ടിട നിർമ്മാണ ചട്ടങ്ങൾ നിയന്ത്രിക്കേണ്ടത് പഞ്ചായത്തിന്റെ ചുമതലയാണ്. വകുപ്പ് 162 (എ) (ii) പ്രകാരം ഗ്രാമപഞ്ചായത്തിന്റെ വികസന സ്റ്റാന്റിംഗ് കമ്മിറ്റിയാണ് കെട്ടിട നിർമ്മാണ നിയന്ത്രണ വിഷയങ്ങൾ കൈകാര്യം ചെയ്യേണ്ടത്. വാർഡ് അടിസ്ഥാനത്തിൽ അനധികൃത നിർമ്മാണങ്ങൾ റിപ്പോർട്ട് ചെയ്യാനായി ഉദ്യോഗസ്ഥരെ ചുമതലപ്പെടുത്തേണ്ടതും നിയമാനുസൃതമല്ലാതെ നിർമ്മിക്കുന്ന കെട്ടിടങ്ങളുടെ നിർമ്മാണം നിർത്തിവെപ്പിക്കേണ്ടതും നിയമാനുസൃത പിഴ ഈടാക്കേണ്ടതുമാണ്. ഇക്കാര്യം ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റി പരിശോധിച്ച് ഉറപ്പ് വരുത്തേണ്ടതാണ്. കെട്ടിട പെർമിറ്റ് അനുവദിച്ച അപേക്ഷകളിൽ നിർമ്മാണം പൂർത്തീകരിച്ച എല്ലാ കെട്ടിടങ്ങളുടെയും പൂർത്തീകരണ വിവരം പെർമിറ്റ് രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതും പെർമിറ്റ് കാലാവധിക്കുള്ളിൽ നിർമ്മാണം പൂർത്തീകരിക്കുകയോ കാലാവധിക്ക് ശേഷം പെർമിറ്റ് പുതുക്കുകയോ ചെയ്യാത്ത കെട്ടിടങ്ങളെ കണ്ടെത്തി അനധികൃത നിർമ്മാണങ്ങൾ വർദ്ധിക്കുന്നതിലൂടെയുള്ള വരുമാന നഷ്ടം ഉണ്ടാകുന്നത് തടയാനും നടപടികൾ സ്വീകരിക്കേണ്ടതാണ്.

**തൊഴിൽ നികുതി വരവ്**

പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന അഭിഭാഷകർ, വാഹന ഉടമകൾ, റേഷൻ കട വ്യാപാരികൾ എന്നിവരിൽ നിന്ന് തൊഴിൽ നികുതി ഈടാക്കുന്നില്ല. സ്വയം തൊഴിൽ കണ്ടെത്തിയവർ, പ്രൊഫഷണലുകൾ മുതലായവരെ ഉൾപ്പെടുത്തി ലിസ്റ്റ് തയ്യാറാക്കേണ്ടതാണ്. സ്ഥാപനങ്ങളുടെ വാർഡ് തലത്തിലുള്ള ഡാറ്റാബെയ്സ് ഉണ്ടാക്കി കാലികമായ പരിശോധന നടത്തി ട്രേഡേഴ്സ് ലിസ്റ്റ് കുറ്റമറ്റതാക്കാവുന്നതാണ്. വിവിധ മേഖലയിലെ സ്ഥാപനങ്ങൾ, ജീവനക്കാർ, പ്രിസംപ്റ്റീവ് ടാക്സ് ഒടുക്കാൻ ബാദ്ധ്യസ്ഥരായവർ (സ്വയം തൊഴിലിൽ ഏർപ്പെട്ടവർ, അഭിഭാഷകർ, സ്വകാര്യ ഡോക്ടർമാർ, മറ്റു പ്രൊഫഷണലുകൾ, വിവിധ മരാമത്ത് പണികൾ ഏറ്റെടുത്ത് നടത്തിയ കരാറുകാർ, എഞ്ചിനീയർമാർ, സൂപ്പർവൈസർമാർ, വാഹന ഉടമകൾ, റേഷൻ കട വ്യാപാരികൾ), സ്വകാര്യ സ്കൂൾ/കോളേജുകൾ തുടങ്ങി തൊഴിൽ നികുതി അടയ്ക്കാൻ ബാധ്യസ്ഥരായ എല്ലാവരുടെയും സമ്പൂർണ്ണ ഡാറ്റാ ബേസ് കാലികമാക്കേണ്ടതാണ്. ട്രേഡേഴ്സിന്റെ കാര്യത്തിൽ നികുതി പിരിക്കുന്നത് ചട്ടങ്ങളിൽ പ്രതിപാദിച്ച നടപടിക്രമങ്ങളിലൂടെയല്ല. സ്ഥാപന ഉടമയിൽ നിന്നും സ്ഥാപനത്തിന്റെയും, തൊഴിലാളികളുടെയും വരുമാനം സംബന്ധിച്ച് റിട്ടേൺ വാങ്ങിയാണ് നികുതി കണക്കാക്കി ഡിമാന്റ് ചെയ്യേണ്ടത്. എന്നാൽ ഒരു നിശ്ചിത തുക ഈടാക്കുന്ന രീതിയാണ് സ്ഥാപനത്തിൽ നടന്നു വരുന്നത്. ഇത് വരുമാനചോർച്ചയ്ക്ക് ഇടയാക്കുന്നുണ്ട്. തൊഴിൽ നികുതി അടവാക്കാൻ ബാധ്യസ്ഥരായവർ താരതമ്യേന കുറവായതിനാൽ തൊഴിൽ നികുതി അടവാക്കുന്നതിൽ നിന്നും ആരും തന്നെ ഒഴിഞ്ഞു പോകുന്നില്ലെന്ന് സ്ഥാപനം ഉറപ്പ് വരുത്തേണ്ടതാണ്.

തൊഴിൽ നികുതി ചട്ടം 14എ പ്രകാരം എല്ലാ തൊഴിലുടമയും അല്ലെങ്കിൽ ഏതെങ്കിലും പൊതു അല്ലെങ്കിൽ സ്വകാര്യ ഓഫീസ്, ഹോട്ടൽ, ബോർഡിംഗ് അല്ലെങ്കിൽ ലോഡ്ജിംഗ് ഹൗസ് അല്ലെങ്കിൽ ക്ലബ്ബ് അല്ലെങ്കിൽ ഒരു സ്ഥാപനം അല്ലെങ്കിൽ കമ്പനി അല്ലെങ്കിൽ തൊഴിൽ നികുതി പിരിക്കാൻ ബാധ്യസ്ഥരായ മറ്റേതെങ്കിലും വ്യക്തിയുടെ മേധാവിയോ സെക്രട്ടറിയോ മാനേജർമാരോ ഓൺലൈൻ വഴി സെക്രട്ടറിക്ക് അപേക്ഷ നൽകേണ്ടതാണ്. കൂടാതെ അതിന്റെ സ്ഥാപനത്തിന്റെയോ ഓഫീസിന്റെയോ രജിസ്ട്രേഷനും പ്രസ്തുത അപേക്ഷ ലഭിച്ചതിനും ശേഷം, സെക്രട്ടറി ഒരു ദിവസത്തിനുള്ളിൽ അപേക്ഷ രജിസ്റ്റർ ചെയ്യുകയും ലോഗിൻ ഐഡിയും പാസ്‌വേഡും ഉൾപ്പെടെയുള്ള

രജിസ്ട്രേഷൻ നമ്പർ നൽകുകയും നികുതിദായകന് തൊഴിൽ നികുതി അടയ്ക്കുകയും ചെയ്യാം. ലോഗിൻ ഐഡിയും പാസ്‌വേഡും ഉപയോഗിച്ച് ഓൺലൈൻ ഇ-പേയ്മെന്റ് സംവിധാനത്തിലൂടെ, നൽകിയിട്ടുണ്ട്, എന്നിരുന്നാലും, ഓഫീസിൽ ഓൺലൈൻ സംവിധാനം അവതരിപ്പിക്കുന്നത് വരെ, നികുതിദായകർക്ക് നിലവിലുള്ള മാനുവൽ സംവിധാനത്തിലൂടെ പണമടയ്ക്കാനും അതിനുശേഷം ഓൺലൈൻ പേയ്മെന്റ് സംവിധാനത്തിലേക്ക് മാറാനും കഴിയും.

**ലൈസൻസ് വരവ്**

ലൈസൻസ് ഇല്ലാതെ കെട്ടിടങ്ങൾ പ്രവർത്തിക്കുന്നത് സംബന്ധിച്ച് മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ പരാമർശിച്ചിട്ടുണ്ട്. കൂടാതെ വിവരാവകാശ രേഖകൾ പരിശോധിച്ചതിൽ കെട്ടിടങ്ങൾ ലൈസൻസില്ലാതെ പ്രവർത്തിക്കുന്നുണ്ടെന്ന് വ്യക്തമായിട്ടുണ്ട്. ഉദാ:- 09.02.2023ലെ 786/23 നമ്പർ വിവരാവകാശ അപേക്ഷയ്ക്കുള്ള മറുപടി പ്രകാരം അപേക്ഷയിൽ ചൂണ്ടിക്കാട്ടിയ വില്ലേജ് വുഡ്സ് എന്ന സ്ഥാപനം ലൈസൻസില്ലാതെ പ്രവർത്തിച്ചുവരുന്നതാണ്. സ്ഥാപനങ്ങൾ ലൈസൻസില്ലാതെ പ്രവർത്തിക്കുന്നത് പഞ്ചായത്തിന് ലഭ്യമാകേണ്ടിയിരുന്ന വരുമാനം നഷ്ടപ്പെടുന്നതിലുപരി പൊതുജനങ്ങളുടെ ജീവനും സ്വത്തിനും ആരോഗ്യത്തിനും അപകടം/അസഹ്യത ഒഴിവാക്കുന്നതിനുത്തരവാദിയായ ഗ്രാമപഞ്ചായത്ത് മേൽ കർത്തവ്യം നിറവേറ്റുന്നതിൽ ഉപേക്ഷ വരുത്തുകയും ചെയ്തു. ധനകാര്യ സ്റ്റാന്റിങ് കമ്മറ്റി ഇക്കാര്യം അടിയന്തിരമായി പരിശോധിച്ച്, പഞ്ചായത്തിന്റെ പരിധിയിൽ പ്രവർത്തിക്കുന്ന മുഴുവൻ സ്ഥാപനങ്ങളും ഡി&ഒ ലൈസൻസ് എടുത്തു എന്ന് ഉറപ്പ് വരുത്തി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. പഞ്ചായത്ത് വാർഡ് തിരിച്ച് ട്രെയ്ഡേഴ്സ് ലിസ്റ്റ് തയ്യാറാക്കി സൂക്ഷിക്കുന്നുണ്ടെങ്കിലും ആയത് കാലികമാക്കിയിട്ടില്ല. ഫീൽഡ് പരിശോധനയിലൂടെ ലൈസൻസില്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നില്ലെന്ന് ഉറപ്പ് വരുത്തേണ്ടതാണ്.

**വാടക / വിനോദനികുതി**

പഞ്ചായത്തിൽ വാടകയ്ക്ക് നൽകുന്ന കെട്ടിടങ്ങളോ സ്ഥലങ്ങളോ നലവിലില്ല. എന്നിരുന്നാലും വാടക ബൈലോ നിലവിലുണ്ട്. ഗ്രാമപഞ്ചായത്ത് പരിധിയിൽ അമ്യൂസ്മെന്റ് പാർക്ക്, ടർഫ് കോർട്ട്, ഇൻഡോർ ക്ലബ്ബ്/സ്റ്റേഡിയം, നീന്തൽക്കുളങ്ങൾ, കേബിൾ ടി.വി നെറ്റ്‌വർക്ക്, പ്രദർശന വിപണന മേളകൾ എന്നിവയിൽ നിന്നും സിപ്പ്ലൈൻ, ഗ്ലാസ് ബ്രിഡ്ജ്, ഹൗസ് ബോട്ട് എന്നിവയുണ്ടെങ്കിൽ ആയവയിൽ നിന്ന് വിനോദ നികുതി ഈടാക്കാവുന്നതാണ്.

**രജിസ്ട്രേഷൻ ഫീസ്**

1. 1994ലെ കേരള പഞ്ചായത്ത് രാജ് നിയമം(വകുപ്പ് 269 മുതൽ 271 വരെ) ചട്ടം 3(2) പ്രകാരം പഞ്ചായത്ത് പരിധിയിൽ സ്ഥിതി ചെയ്യുന്ന സ്വകാര്യ ആശുപത്രികളും പാരാ മെഡിക്കൽ സ്ഥാപനങ്ങളും 200/- രൂപ രജിസ്ട്രേഷൻ ഫീസ് അടച്ച് രജിസ്ട്രേഷൻ എടുക്കേണ്ടതും ചട്ടം 5(1) പ്രകാരം 50/- രൂപ അടവാക്കി വർഷം തോറും രജിസ്ട്രേഷൻ പുതുക്കേണ്ടതുമാണ്. വാർഷിക ധനകാര്യ പത്രിക പരിശോധിച്ചപ്പോൾ RP4 പ്രകാരം 2022-2023 വർഷത്തിൽ ഈ ഇനത്തിൽ 550/- രൂപയാണ് വരവ് വന്നിട്ടുള്ളത്. പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന മുഴുവൻ പാരാമെഡിക്കൽ സ്ഥാപനങ്ങളിൽ നിന്നും രജിസ്ട്രേഷൻ ഫീ ഈടാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

2. 1999 ലെ കേരള പഞ്ചായത്ത് രാജ് ട്യൂട്ടോറിയൽ സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ ചട്ടം 3(2) പ്രകാരം ട്യൂട്ടോറിയൽ സ്ഥാപനങ്ങൾ 200/- രൂപ രജിസ്ട്രേഷൻ ഫീസ് അടച്ച് രജിസ്ട്രേഷൻ എടുക്കേണ്ടതും ചട്ടം 5(1) പ്രകാരം 50/- രൂപ അടവാക്കി വർഷം തോറും രജിസ്ട്രേഷൻ പുതുക്കേണ്ടതുമാണ്. 2022-2023 വാർഷിക ധനകാര്യ പത്രിക പ്രകാരം വർഷത്തിൽ ഈ ഇനത്തിൽ 100/- രൂപയാണ് വരവ് വന്നിട്ടുള്ളത്. ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന ട്യൂട്ടോറിയൽ സ്ഥാപനങ്ങളെ കണ്ടെത്തി അവയിൽ നിന്നും രജിസ്ട്രേഷൻ ഫീ ഈടാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

**പ്രത്യേക സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിന് ഫീസ് ഈടാക്കാവുന്നതാണ്.**

2011 ലെ കേരള പഞ്ചായത്ത് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ

ചട്ടം 26(1) പ്രകാരം ഒരു ഗ്രാമപഞ്ചായത്ത് പ്രദേശത്ത് സ്ഥിതി ചെയ്യുന്നതും 1994ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ വകുപ്പ് 207(1) പ്രകാരം സേവന ഉപനികുതിയിൽ നിന്ന് ഒഴിവാക്കപ്പെട്ടിട്ടില്ലാത്തതുമായ ഏതൊരു കെട്ടിടത്തിന്റേയും ഉടമസ്ഥനിൽ നിന്ന്, പ്രസ്തുത കെട്ടിടം സ്ഥിതി ചെയ്യുന്ന ഭൂമിയിലോ അതിന്റെ സമീപ പ്രദേശത്തോ ശുചിത്വപരിപാലനം, ജലവിതരണം, തെരുവുവിളക്കുകളും ഡ്രൈനേജും എന്നിവ സംബന്ധിച്ച സേവനങ്ങൾ എന്നിവ ഏർപ്പെടുത്തിയിട്ടുണ്ടെങ്കിൽ ഗ്രാമപഞ്ചായത്ത് നിശ്ചയിക്കുന്ന നിരക്കിൽ സേവന ഉപനികുതി ചുമത്താവുന്നതാണ്. അപ്രകാരം ചുമത്താവുന്ന ഏറ്റവും കുറഞ്ഞ സേവന ഉപനികുതി നിരക്കുകൾ താഴെപ്പറയുന്ന നിരക്കുകളിൽ കുറവായിരിക്കുവാൻ പാടുള്ളതല്ല.

| | | |
|---|---|---|
| (എ) | ശുചിത്വ പരിപാലനം (അതത് പ്രദേശത്തെ കെട്ടിടത്തിന്റെ പൊതുവായ ശുചിത്വ പരിപാലനത്തിനും ചപ്പു ചവറുകൾ, പക്ഷിമൃഗാദികളുടെ ജീർണ്ണ അവശിഷ്ടം, വിസർജ്യ വസ്തുക്കൾ തുടങ്ങിയ പരമാലിന്യങ്ങൾ എന്നിവ നീക്കം ചെയ്യുന്നതിനും സംസ്കരിക്കുന്നതിനുമുള്ള ചെലവുകൾക്ക്) | കെട്ടിടത്തിന്റെ വസ്തു നികുതിയുടെ 4% |
| (ബി) | ജലവിതരണം (തെരുവുടാപ്പുകൾ ഉൾപ്പെടെയുള്ള ജലവിതരണ സംവിധാനങ്ങളുടെ ചെലവുകൾക്ക്) | കെട്ടിടത്തിന്റെ വസ്തു നികുതിയുടെ 3% |
| (സി) | തെരുവുവിളക്കുകൾ (സ്ഥാപിക്കുന്നതിനും സംരക്ഷിക്കുന്നതിനുമുള്ള ചെലവുകൾക്ക്) | കെട്ടിടത്തിന്റെ വസ്തു നികുതിയുടെ 2% |
| (ഡി) | ഡ്രയിനേജ് (അഴുക്കു ചാൽ സംവിധാനം ഉൾപ്പെടെയുള്ള ചെലവുകൾക്ക്) | കെട്ടിടത്തിന്റെ വസ്തു നികുതിയുടെ 1% |

ഗ്രാമപഞ്ചായത്തിന്, ഏതെങ്കിലും പ്രദേശത്ത് ഏർപ്പെടുത്തിയ 1-ാം ഉപചട്ടത്തിൽ പരാമർശിക്കുന്ന ഒരു സേവനം ആ പ്രദേശത്ത് സ്ഥിതിചെയ്യുന്ന ഒരു കെട്ടിടത്തിന് ലഭ്യമാക്കിയിട്ടില്ല എന്ന കാരണത്താൽ ആ കെട്ടിടത്തെ അതത് സേവന ഉപനികുതിയിൽ നിന്ന് ഒഴിവാക്കുന്നതാണ്. ഗ്രാമപഞ്ചായത്ത് നൽകുന്ന

സേവനങ്ങളുടെ അടിസ്ഥാനത്തിൽ വരുമാന വർദ്ധനവ് വരുത്തുന്നതിന് വസ്തുനികുതിയോടൊപ്പം ചട്ടപ്രകാരമുള്ള സേവന ഉപനികുതി ഈടാക്കുന്നതിനുള്ള സാദ്ധ്യത പരിശോധിച്ച് അറിയിക്കേണ്ടതാണ്.

**കേന്ദ്രസർക്കാരിന്റെ ഉടമസ്ഥതയിലുള്ള കെട്ടിടങ്ങളുടെ സംഗതിയിൽ സർവ്വീസ് ചാർജ് ഈടാക്കാവുന്നതാണ്**

പഞ്ചായത്തിന്റെ പരിധിയിൽ കേന്ദ്രസർക്കാരിന്റെ ഉടമസ്ഥതയിലുള്ള കെട്ടിടങ്ങൾ ഉണ്ടെങ്കിൽ അത്തരം കെട്ടിടങ്ങളുടെ സംഗതിയിൽ 2011 ലെ കേരള പഞ്ചായത്ത് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 30 പ്രകാരം കേന്ദ്ര സർക്കാരിന്റെ ഉടമസ്ഥതയിലുള്ളതും ഭരണഘടനയുടെ 285-ാം അനുച്ഛേദം അനുസരിച്ച് വസ്തുനികുതി ഉൾപ്പെടെയുള്ള നികുതികളിൽ നിന്നും ഒഴിവാക്കപ്പെട്ടിട്ടുള്ളതുമായ കെട്ടിടങ്ങളുടെ കാര്യത്തിൽ ഗ്രാമപഞ്ചായത്തിന് ശുചിത്വ പരിപാലനം, ജലവിതരണം, തെരുവ് വിളക്കുകൾ, ഡ്രെയിനേജ് എന്നീ സേവനങ്ങൾക്കായി 2ാം ഉപചട്ടത്തിൽ പറഞ്ഞിട്ടുള്ള നിരക്കിൽ സർക്കാർ ഇതിലേക്കായി നിർദ്ദേശിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾക്കനുസൃതമായും സർവ്വീസ് ചാർജ്ജ് ഈടാക്കാവുന്നതാണ്.

**ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ശ്രദ്ധിക്കേണ്ട കാര്യങ്ങൾ**

• വിഭവസമാഹരണത്തിന്റെ വിവിധ ഭാഗങ്ങൾ, തലങ്ങൾ, പ്രവർത്തനങ്ങൾ സംബന്ധിച്ച് ഉദ്യോഗസ്ഥർ നിർവ്വഹിക്കേണ്ട കടമകൾ നിർവ്വഹിക്കുന്നുണ്ടോ എന്നു പരിശോധിക്കണം.

• വിഭവസമാഹരണത്തിലെ ചോർച്ച ഒഴിവാക്കാനുള്ള ഫലപ്രദമായ നിർദ്ദേശങ്ങൾ നല്കണം.

• കെട്ടിടങ്ങളുടേയും ഭൂമികളുടേയും സമ്പൂർണ്ണലിസ്റ്റ്, ട്രേഡേഴ്സ് ലിസ്റ്റ്, സ്ഥാപനങ്ങളുടെ പട്ടിക എന്നിവ തയ്യാറാക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തണം.

നിലവിൽ ഗ്രാമപഞ്ചായത്തിന്റെ പ്രാദേശിക/ പാരിസ്ഥിതിക അവസ്ഥയ്ക്കനുസരിച്ച് വരവുകൾ ലഭ്യമാക്കുന്നതിന് പദ്ധതികൾ ആവിഷ്കരിച്ചിട്ടില്ല. ഭാവിയിൽ പ്രാദേശിക/ പാരിസ്ഥിതിക അവസ്ഥയ്ക്കനുസരിച്ച് വരവുകൾ ലഭ്യമാക്കുന്നതിന് പദ്ധതികൾ ആവിഷ്കരിക്കേണ്ടതും ആയത് പ്രകാരം തനതു വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള മാർഗ്ഗങ്ങൾ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചർച്ച ചെയ്യേണ്ടതും ഭരണ സമിതിക്ക് ശുപാർശകൾ നൽകേണ്ടതുമാണ്.

## 1-9 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക (രൂപ) |
|---|---|
| കർഷകതൊഴിലാളി പെൻഷൻ | 12,795,000 |
| വിധവാപെൻഷൻ | 10,738,200 |
| വാർദ്ധക്യകാലപെൻഷൻ | 15,238,000 |
| വികലാംഗപെൻഷൻ | 3,290,600 |
| അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 90,000 |

## 1-10 വിസ്തീർണ്ണത്തിനനുസൃതമായി വസതുനികുതി ഈടാക്കിയില്ല

2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ നിലവിൽ വന്നതിനാൽ തറവിസ്തീർണം അടിസ്ഥാനമാക്കിയാണ് വസ്തുനികുതി കണക്കാക്കുന്നത്. ഇതിലെ ചട്ടം 2 (എഫ്) പ്രകാരം തറവിസ്തീർണം എന്നാൽ ഓരോ നിലയുടെയും മേൽക്കൂരയുള്ള ഭാഗത്തിന്റെ ചുമർ ഉൾപ്പെടെയുള്ള തറനിരപ്പിന്റെ ആകെ വിസ്തീർണം ആകുന്നു.

പഞ്ചായത്തിലെ 100 ചതുരശ്ര മീറ്റർ വരെ തറവിസ്തീർണമുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് ചതുരശ്ര മീറ്ററിനു 50 രൂപ നിരക്കിലും 100 ചതുരശ്ര മീറ്ററിനു മുകളിൽ തറവിസ്തീർണമുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് ചതുരശ്ര മീറ്ററിനു 70 രൂപ നിരക്കിലുമാണ് നികുതി നിശ്ചയിച്ചിരിക്കുന്നത്.

2011 ന് ശേഷം, നിർമ്മാണം പൂർത്തിയായതും തറ വിസ്തീർണം (Plinth Area) അടിസ്ഥാനമാക്കി നികുതി നിർണയിച്ചതുമായ താഴെ പറയുന്ന, 100 ച.മീ യിൽ കൂടുതൽ വിസ്തീർണമുള്ള കെട്ടിടങ്ങളെ, 100 ചതുരശ്ര മീറ്റർ വരെ തറവിസ്തീർണമുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് ബാധകമായ നിരക്കിലാണ് സഞ്ചയയിൽ നികുതി കണക്കാക്കിയത്. ഇതുമൂലം പഞ്ചായത്തിനു ലഭിക്കേണ്ട നികുതി വരവിൽ നഷ്ടം സംഭവിച്ചു. ഏതാനും ഉദാഹരണം താഴെ ചേർക്കുന്നു.

**ക്രമ നമ്പർ 1**

| | |
|---|---|
| വാർഡ് നമ്പർ | 12 |
| കെട്ടിട നമ്പർ | 484 A To M |
| കെട്ടിടമുടമയുടെ പേരും വിലാസവും (സഞ്ചയ പ്രകാരം) | സൈനബ, സുബൈർ, കമറുദ്ദീൻ, പോക്കർ കണ്ടമ്പത്ത, ചേരാപുരം-673507, |
| നികുതി പ്രാബല്യത്തിൽ വന്ന വർഷം | 2022 ആദ്യ അർദ്ധ വാർഷികം |

| തറ വിസ്തീർണം: 286.54 ച.മീ<br>കെട്ടിടം സ്ഥിതി ചെയ്യുന്ന മേഖല: പ്രഥമം<br>വഴി: 5 മീറ്ററിൽ കൂടുതൽ | | |
|---|---|---|
| ബാധകമാക്കിയ നികുതി നിരക്ക്<br>**50** രൂപ<br>ഈടാക്കുന്ന നികുതി (ഇളവുകളും വർദ്ധനവും അടക്കം) | ബാധകമാക്കേണ്ട നികുതി നിരക്ക്<br>**70** രൂപ<br>ഈടാക്കേണ്ട നികുതി (ഇളവുകളും വർദ്ധനവും അടക്കം) | നഷ്ടം |
| 286.54 * 50 = 14327<br>14327+2866= 17193<br>17193+860=18053/-<br>{അടിസ്ഥാന നികുതി+ വഴി സൗകര്യം വർദ്ധനവ്: 5 മീറ്ററോ അതിൽ കൂടുതൽ 20%}<br>+<br>ലൈബ്രറി സെസ് 5% | 286.54 * 70 = 20058<br>20058 + 4012 = 24070<br>24070 + 1204 = 25274/-<br>{അടിസ്ഥാന നികുതി+വഴി സൗകര്യം വർദ്ധനവ്: 5 മീറ്ററോ അതിൽ കൂടുതൽ 20%}+ | **2022-23**<br>25274 - 18053 = 7221/-<br>(6877 BT+ 344 LC) |

| | | |
|---|---|---|
| | ലൈബ്രറി സെസ് 5% | |
| ആകെ | | **7221/-** രൂപ |

<u>ക്രമ നമ്പർ **2**</u>

| | |
|---|---|
| വാർഡ് നമ്പർ | 16 |
| കെട്ടിട നമ്പർ | 146 A To F |
| കെട്ടിടമുടമയുടെ പേരും വിലാസവും (സഞ്ചയ പ്രകാരം) | അബ്ദുള്ള, പുതുവയൽ താമസിക്കും നടേമ്മൽ, കായക്കൊടി-673508 |
| നികുതി പ്രാബല്യത്തിൽ വന്ന വർഷം | 2022 ആദ്യ അർദ്ധ വാർഷികം |

തറ വിസ്തീർണം: 226.07 ച.മീ

കെട്ടിടം സ്ഥിതി ചെയ്യുന്ന മേഖല: ദ്വിതീയം

വഴി: 5 മീറ്ററിൽ കൂടുതൽ

| ബാധകമാക്കിയ നികുതി നിരക്ക് **50** രൂപ ഈടാക്കുന്ന നികുതി (ഇളവുകളും വർദ്ധനവും അടക്കം) | ബാധകമാക്കേണ്ട നികുതി നിരക്ക് **70**രൂപ ഈടാക്കേണ്ട നികുതി (ഇളവുകളും വർദ്ധനവും അടക്കം) | നഷ്ടം |
|---|---|---|
| 226.07 * 50 = 11304<br>11304 – 1130 = 10174<br>10174 + 2261 = 12435<br>12435 + 622 = 13057/-<br>{അടിസ്ഥാന നികുതി - മേഖല ഇളവ് 10 % + വഴി സൗകര്യം വർദ്ധനവ്: 5 മീറ്ററോ അതിൽ കൂടുതൽ 20%} + ലൈബ്രറി സെസ് 5% | 226.07 * 70 = 15825<br>15825 – 1582 = 14243<br>14243 + 3165 = 17408<br>17408 + 871 = 18279/-<br>{അടിസ്ഥാന നികുതി - മേഖല ഇളവ് 10 % + വഴി സൗകര്യം വർദ്ധനവ്: 5 മീറ്ററോ അതിൽ കൂടുതൽ 20%} + ലൈബ്രറി സെസ് 5% | <u>**2022-23**</u><br>18279 - 13057 = 5222/-<br>(4973 BT+ 249 LC) |
| ആകെ | | **5222/-** രൂപ |

ക്രമ നമ്പർ **3**

| | |
|---|---|
| വാർഡ് നമ്പർ | 11 |
| കെട്ടിട നമ്പർ | 17 A, 17 B |
| കെട്ടിട ഉടമയുടെ പേരും വിലാസവും (സഞ്ചയ പ്രകാരം) | അബ്ദുൾ റസാക്ക്, നെല്ലിയുള്ളതിൽ, ചെറുകുന്ന്, വേളം-673508 |
| നികുതി പ്രാബല്യത്തിൽ വന്ന വർഷം | 2022 രണ്ടാം അർദ്ധ വാർഷികം |

| | | |
|---|---|---|
| തറ വിസ്തീർണം: 129.38 ച.മീ<br>കെട്ടിടം സ്ഥിതി ചെയ്യുന്ന മേഖല: പ്രഥമം<br>വഴി: 5 മീറ്ററിൽ കൂടുതൽ | | |
| ബാധകമാക്കിയ നികുതി നിരക്ക്<br>**50 രൂപ**<br>ഈടാക്കുന്ന നികുതി (ഇളവുകളും വർദ്ധനവും അടക്കം) | ബാധകമാക്കേണ്ട നികുതി നിരക്ക്<br>**70രൂപ**<br>ഈടാക്കേണ്ട നികുതി (ഇളവുകളും വർദ്ധനവും അടക്കം) | നഷ്ടം |
| 129.38 * 50 =6469<br>6469 + 1294 = 7763<br>7763+389 =8152/-<br>{അടിസ്ഥാന നികുതി + വഴി സൗകര്യം വർദ്ധനവ്: 5 മീറ്ററോ അതിൽ കൂടുതൽ 20%}+ലൈബ്രറി സെസ് 5% | 129.38 * 70 = 9057<br>9057 + 1812 = 10869<br>10869 + 544 = 11413/-<br>{അടിസ്ഥാന നികുതി + വഴി സൗകര്യം<br>വർദ്ധനവ്: 5 മീറ്ററോ അതിൽ കൂടുതൽ 20%}+ ലൈബ്രറി സെസ് 5% | **2022 രണ്ടാം അർദ്ധ വാർഷികം**<br>11413-8152=3261/- 3261/2 = 1631/-<br>(1553 BT+ 78 LC) |
| **ആകെ** | | **1631/- രൂപ** |

2022-23 സാമ്പത്തിക വർഷം നികുതി നിർണ്ണയിച്ചതിലെ അപാകതയെ തുടർന്നുണ്ടായ നഷ്ടമാണ് മുകളിലെ പട്ടികകളിൽ ചേർത്തിട്ടുള്ളത്. തുടർന്നുള്ള വർഷത്തിലും ഇത്തരത്തിൽ തന്നെയാണ് നികുതി ഈടാക്കിയിട്ടുള്ളത്. ആയതിനെ തുടർന്നുണ്ടായ നഷ്ടം കെട്ടിടയുടമയിൽ നിന്ന് ഈടാക്കി

അറിയിക്കേണ്ടതാണ്. മുൻ വർഷങ്ങളിലും ഇത്തരത്തിൽ തെറ്റായി നികുതി കണക്കാക്കിയ മറ്റു കെട്ടിടങ്ങൾ കണ്ടെത്തി നികുതി പുനർ നിർണ്ണയിച്ച് പഞ്ചായത്തിന് നികുതിയിനത്തിൽ നഷ്ടം വന്ന തുക ഈടാക്കേണ്ടതാണ്.

**1-11 വെറ്റിനറി ഓഫീസർ - രസീതി പിരിവിലെ അപാകതകൾ**

വെറ്റിനറി സർജൻ നിർവഹണോദ്യോഗസ്ഥനായി നടപ്പാക്കിയ പോത്തുകുട്ടി വിതരണം (പ്രൊജക്ട് നമ്പർ 103/23), കറവപശു വിതരണം (പ്രൊജക്ട് നമ്പർ 102/23) എന്നീ പദ്ധതികളുടെ നടത്തിപ്പിനായി മാന്വൽ രശീതികൾ ഉപയോഗിച്ച് ഗുണഭോക്തൃ വിഹിതം പിരിച്ചിട്ടുണ്ട്. 2022-23 സാമ്പത്തിക വർഷത്തെ രസീതി സ്റ്റോക്ക് രജിസ്റ്റർ പ്രകാരം 18896 രസീതി ബുക്ക് വെറ്റിനറി സർജന് അനുവദിച്ചിട്ടുണ്ട്. ടി മാന്വൽ രശീതി ബുക്ക് പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1. ഗുണഭോക്താക്കളുടെ വിവരങ്ങൾ മാത്രമാണ് ഡബിൾ സൈഡ് കാർബൺ വച്ച് എഴുതിയിട്ടുള്ളത്. തീയതി പിന്നീട് എഴുതി ചേർത്തതിനാൽ ഡബിൾ സൈഡ് കാർബൺ വയ്ക്കാൻ വിട്ടുപോയതെന്ന് ഓഡിറ്റ് നിരീക്ഷിക്കുന്നു. രസീതി നമ്പർ 30 മുതൽ 48 വരെ 2,98,000/- രൂപയാണ് കലക്ഷൻ. ടി തുക യഥാർഥ വരവ് വന്നത് എന്നാണെന്ന് വ്യക്തമല്ല. ശേഷം രസീതി നമ്പർ 49 മുതൽ 55 വരെ രസീതി ഡബിൾ സൈഡ് കാർബൺ വച്ചാണ് എഴുതിയിട്ടുള്ളത്. 15.11.2022 തീയതി രേഖപ്പെടുത്തി 30 മുതൽ 55 വരെ രസീതി നമ്പറിലുള്ള ആകെ കളക്ഷൻ 4,28,000/- രൂപ 16.11.2022ന് പഞ്ചായത്ത് ഫണ്ടിൽ അടവാക്കിയിട്ടുണ്ട്. പഞ്ചായത്ത് ഫണ്ടിൽ അടവാക്കേണ്ട തുക യഥാസമയം അടവാക്കാതെ ദിവസങ്ങളോളം കൈവശം വയ്ക്കുകയും രസീതിയിൽ തീയതി പിന്നീട് എഴുതിച്ചേർക്കുകയും ചെയ്യുതാണെന്നും ഇതിൽ നിന്ന് വ്യക്തമാണ്.

2. രസീതി നമ്പർ 84, 85ൽ തീയതി രേഖപ്പെടുത്തിയിട്ടില്ല. കളക്ഷൻ 60,000/- രൂപ. 86 രസീതിയിൽ രേഖപ്പെടുത്തിയ തീയതി 28.11.2022 ആണ്. തുടർന്ന് 87 നമ്പർ രസീതിയിൽ പ്രസ്തുത രസീതി എഴുതാൻ നീല മഷിയുള്ള പേനയാണ് ഉപയോഗിച്ചിരിക്കുന്നത്. തീയതി എഴുതിയിട്ടില്ല. 84, 85 നമ്പർ രസീതി പ്രകാരമുള്ള തുക 60,000/- രൂപ ലഭിച്ച തീയതി രേഖപ്പെടുത്തിയിട്ടില്ലാത്തതിനാലും, 86 രസീതി പ്രകാരം തുക ലഭിച്ച തീയതി 28.11.2022 എന്ന് രേഖപ്പെടുത്തിയിട്ടുള്ളതിനാലും രസീതി നമ്പർ 84 മുതൽ 90 വരെ ലഭിച്ച തുക 30.11.2022 നാണ് പഞ്ചായത്ത് ഫണ്ടിൽ അടവാക്കിയത് എന്നതിനാലും 24.11.2022 നു ശേഷവും 28.11.2022 ന് മുൻപ് ലഭിച്ചതുമായ തുക 30.11.2022 വരെ രസീതി വരെ കൈവശം വച്ച് 30.11.2022 ലുള്ള 24,000/- (രസീതി നമ്പർ 88 മുതൽ 90 വരെ) രൂപ കലക്ഷനോടൊപ്പം ആകെ 1,22,000/-രൂപ പഞ്ചായത്ത് ഫണ്ടിൽ അടവാക്കിയത് ചട്ടവിരുദ്ധമാണ് (84 മുതൽ 87 വരെ നമ്പർ രസീതി പ്രകാരം ലഭിച്ച തുക 98,000/-).

3. മേൽ സൂചിപ്പിച്ച പ്രകാരം രസീതി നമ്പർ 91 മുതൽ 96 വരെ രസീതികളിലും ഗുണഭോക്താക്കളുടെ വിവരങ്ങൾ മാത്രമാണ് ഡബിൾ സൈഡ് കാർബൺ വച്ച് രേഖപ്പെടുത്തിയിട്ടുള്ളത്. തീയതി പിന്നീട് രേഖപ്പെടുത്തുകയാണ് ചെയ്തിട്ടുള്ളത് എന്നതിനാൽ കാർബൺ വച്ചതായി കാണുന്നില്ല. (91 മുതൽ 96 വരെ രസീതി പ്രകാരമുള്ള കളകഷൻ 84,000/- രൂപ)

കേരള പഞ്ചായത്ത് രാജ് അക്കൗണ്ട്സ് ചട്ടങ്ങൾ 2011, ചട്ടം 16 പ്രകാരം കൈപ്പറ്റുന്ന തുക തൊട്ടടുത്ത പ്രവൃത്തി ദിവസം പഞ്ചായത്ത് ഫണ്ടിൽ അടവാക്കേണ്ടതാണ്. പഞ്ചായത്ത് ഫണ്ടിൽ അടവാക്കേണ്ട തുക നിയമ വിരുദ്ധമായി കൈവശം വയ്ക്കുന്നതിലൂടെ ഗുരുതര ക്രമക്കേടുകൾ നടക്കാനുള്ള സാധ്യതയുണ്ടെന്ന് ഓഡിറ്റ് വിലയിരുത്തുന്നു. അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

**1-12 എം ബുക്കിൽ അധിക അളവ് രേഖപ്പെടുത്തി തുക അനുവദിച്ചു.**

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ കുഴിപ്പാട്ട് ഇരുളാൻ കുടിവെള്ള പദ്ധതിയുടെ എം ബുക്ക് പ്രകാരം കിണർ നിർമ്മാണത്തിന്റെ ഖനനത്തിനുള്ള (2.6.1 DAR ) ഇനം യഥാർത്ഥത്തിൽ നിർവ്വഹിച്ചതിനേക്കാൾ അധികരിച്ച അളവിൽ എം ബുക്കിൽ രേഖപ്പെടുത്തി തുക

അനുവദിച്ചിട്ടുണ്ട്. 2.6.1 എന്ന ഇനം പ്രകാരം 196 രൂപ നിരക്കിലാണ് കരാറുകാരന് 16432 രൂപ അധികം അനുവദിച്ചിട്ടുള്ളത്. വിശദാംശം സംബന്ധിച്ച് ഖണ്ഡിക 3-1 ആയി പരാമർശം ഉൾപ്പെടുത്തിയിട്ടുണ്ട്.

**1-13 ഖനന പ്രവൃത്തികൾക്ക് ഉയർന്ന നിരക്കിലുള്ള ഇനങ്ങൾ ഉപയോഗപ്പെടുത്തുന്നു.**

ഡ്രെയിനേജ് നിർമ്മാണം, റോഡ് നിർമ്മാണം എന്നിവയുടെ ഭാഗമായുള്ള മണ്ണ് ഖനന പ്രവർത്തികൾക്ക് സൈറ്റ് സാഹചര്യം , ഖനനത്തിന്റെ ആഴം എന്നിവ പരിഗണിക്കാതെ ഉയർന്ന നിരക്കിലുള്ള 11.1.1.1 എന്ന ഇനം ഉപയോഗപ്പെടുത്തിയത് മൂലം പഞ്ചായത്ത് ഫണ്ടിന് നഷ്ടമുണ്ടായിട്ടുണ്ട്. Setting Out,construction Of Shoring And Bracing എന്നിവ അനിവാര്യമാകുന്ന സാഹചര്യങ്ങളിൽ ഉപയോഗിക്കുന്ന പ്രസ്തുത ഇനം പരമാവധി **90 Cm** മാത്രം ആഴമുള്ള ഖനനങ്ങൾക്കായി ഉപയോഗിക്കുന്നതായി കാണുന്നു. മോർഡ് സ്പെസിഫിക്കേഷനിലാണ് എസ്റ്റിമേറ്റുകൾ തയ്യാറാക്കിയിട്ടുള്ളത്.

82/23, ചീളിയിൽ താഴെ പൂളത്തറ റോഡ് എന്ന പദ്ധതിയുടെ എസ്റ്റിമേറ്റിൽ ഓടയുടെ ഖനനത്തിനായി 11.1.1.1 പ്രകാരം കരാറുകാരന്റെ നിരക്കായ 750.44 രൂപ നിരക്കിൽ 11.16 ഘനമീറ്ററിന് ജി.എസ്.ടി ഉൾപ്പെടെ 9882.4 രൂപ അനുവദിച്ചിട്ടുണ്ട്. 3.5.1 (Mord) എന്ന ഇനം ഉൾപ്പെടുത്തി 351.65 രൂപ നിരക്കിൽ നിരക്കിൽ പ്രവൃത്തി നിർവ്വഹിച്ചിരുന്നുവെങ്കിൽ 4630.8 രൂപ നിരക്കിൽ പ്രസ്തുത പ്രവൃത്തി നിർവ്വഹിക്കാമായിരുന്നു. ഇതു സംബന്ധിച്ച് ഖണ്ഡിക 3-2 ആയി പരാമർശം ഉൾപ്പെടുത്തിയിട്ടുണ്ട്.

**1-14 ഇന്റർ ലോക്കിംഗ് പ്രവൃത്തികൾക്ക് അധിക അളവിൽ ഖനന പ്രവൃത്തി നിർവ്വഹിച്ചു.**

| | |
|---|---|
| പ്രൊ.നം, പേര് | 27/23, കുടുംബാരോഗ്യ കേന്ദ്രം കെട്ടിടം നവീകരണം |
| നിർവ്വഹണം | അസിസ്റ്റന്റ് എഞ്ചിനീയർ |
| അടങ്കൽ | 6,25,647 |
| ചെലവ് | 4,17,317 |
| ബിൽ വിശദാംശം | 238/ 22-03-2023 |
| കരാറുകാരൻ | ശ്രീ.വിൽസൺ തോമസ്. |
| കരാർ നമ്പർ | 21/2020-21/AE-LSGD/KYKD Dt.24.11.2021 |
| എസ്റ്റിമേറ്റ് നമ്പർ | 2021/73887 |
| എം ബുക്ക് നം | 184,193/2021-22 |

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണം നടത്തിയ കുടുംബാരോഗ്യകേന്ദ്രം കെട്ടിട നവീകരണം എന്ന പ്രവൃത്തിയുടെ ഭാഗമായി ഇന്റർ ലോക്കിംഗ് , ട്രസ്സ് വർക് പ്രവൃത്തികൾ നിർവ്വഹിച്ചിട്ടുണ്ട്. ഇന്റർലോക്കിംഗ് പ്രവൃത്തിയുടെ ഭാഗമായി എസ്റ്റിമേറ്റിലെ രണ്ടാമത്തെ ഇനമായി 2.1.1 പ്രകാരം 400 ച.മീ വിസ്തൃതിയിൽ ഖനന പ്രവൃത്തി ആസൂത്രണം ചെയ്ത് അതേ അളവിൽ പ്രവൃത്തി നിർവ്വഹിച്ചിട്ടുണ്ട്. എസ്റ്റിമേറ്റിലെ ഇരുപതാമത്തെ ഇനമായി 16.68 പ്രകാരം 439.25 ച.മീ വിസ്തൃതിയിൽ ഇന്റർലോക്കിംഗ് ആസൂത്രണം ചെയ്ത് 371 ച.മീ വിസ്തൃതിയിൽ നിർവ്വഹിച്ചിട്ടുണ്ട്. ഇന്റർ ലോക്കിംഗ് പ്രവൃത്തി നിർവ്വഹിച്ച പ്രതലത്തിൽ അധികരിച്ച് ഖനന പ്രവൃത്തി നിർവ്വഹിക്കേണ്ട കാരണം വ്യക്തമാക്കപ്പെട്ടിട്ടില്ല. 29 ച.മീ വിസ്തൃതിയിൽ അധിക ഖനന പ്രവൃത്തി നിർവ്വഹിച്ചതിന് വിശദീകരണം ലഭ്യമാക്കുന്നതിനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പിന് മറുപടി ലഭ്യമാക്കിയിട്ടില്ല. 29 ച.മീ വിസ്തൃതിക്ക് 70.5 രൂപ നിരക്കിൽ ജി.എസ്.ടി ഉൾപ്പെടെ ആകെ 2290 രൂപയാണ് കരാറുകാരന് അനുവദിച്ചിട്ടുള്ളത്. ഗ്രാമപഞ്ചായത്ത് ഫണ്ടിനുണ്ടായിട്ടുള്ള അധിക ചെലവ് ഉത്തരവാദിയായ നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കി അറിയിക്കേണ്ടതാണ്. ഇതു സംബന്ധിച്ച് ഖണ്ഡിക 3-3 ആയി ഉൾപ്പെടുത്തിയിട്ടുണ്ട്.

### 1-15 സുഫലം - വിഷരഹിത ഫലം - മുഴുവൻ തൈകളും വിതരണം ചെയ്തില്ല

20/23 (സുഫലം - വിഷരഹിത ഫലം) പ്രോജക്ട് പ്രകാരം അഗ്രോ സർവീസ് സെന്റർ, ചാത്തങ്കോട് നട എന്ന സ്ഥാപനത്തിൽ നിന്നും ഫല വൃക്ഷ തൈ കിറ്റുകൾ 1200 എണ്ണം കിറ്റ് ഒന്നിന് 400/- രൂപ തോതിൽ വാങ്ങുന്നതിന് തുക ചെലവഴിച്ചിട്ടുണ്ട്. എന്നാൽ ഫയൽ പരിശോധിച്ചതിൽ 1124 (ഒരു ഗുണഭോക്താവിന് ഒരു കിറ്റ് എന്ന തോതിൽ) ഗുണഭോക്താക്കൾ കിറ്റുകൾ കൈപ്പറ്റിയതിന്റെ രേഖകൾ മാത്രമാണ് ഓഡിറ്റിന് ലഭിച്ചത്. 76 കിറ്റുകളുടെ വിശദാംശങ്ങൾ കൂടി ഓഡിറ്റിന് ഹാജരാക്കാൻ ആവശ്യപ്പെട്ടുകൊണ്ട് 6.11.2023 ന് നൽകിയ 6ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ഹാജരാക്കിയിട്ടില്ല. മറുപടി ഹാജരാക്കാത്തതിനാൽ 76 കിറ്റുകൾക്ക് 400 രൂപ തോതിൽ ചെലവഴിച്ച 30400/- രൂപയുടെ ചെലവ് ഓഡിറ്റിൽ അംഗീകരിക്കാത്തത് സംബന്ധിച്ച് ഖണ്ഡിക 3-4 ആയി ഉൾപ്പെടുത്തിയിട്ടുണ്ട്.

### 1-16 വിനിയോഗ വിവരം ലഭ്യമല്ല

സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ താഴെ പറയുന്ന പദ്ധതികളിൽ പദ്ധതി നടപ്പിലാക്കിയതിന്റെ വിനിയോഗ വിവരം ലഭ്യമായിട്ടില്ല

| പദ്ധതി | ചെലവ് തുക | ബിൽ നമ്പർ |
|---|---|---|
| 48/23 (സ്നേഹ സ്പർശം ) | 400000 | 138/27.1.2023 |
| 120/23.(ഡി.പി.സി കെട്ടിട നിർമ്മാണം തുക കൈമാറൽ) | 100000 | 508/28.1.2023 |
| 47/23 IKM പഞ്ചായത്ത് വിഹിതം നൽകൽ | 68958 | 66/22.9.2022 |
| ആകെ ചെലവ് | 568958/- | |

മേൽ പദ്ധതികൾ പ്രകാരം കൈമാറിയ തുകയുടെ വിനിയോഗ വിവരം ലഭ്യമാക്കാത്തതിന് വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ടുകൊണ്ട് 8.11.2023 ന് നൽകിയ 13ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. 568958/- രൂപയുടെ ചെലവ് തടസ്സത്തിൽ വെക്കുന്നു.

### 1-17 ആവശ്യകത പരിശോധിക്കാതെ ഡസ്ക് ടോപ്പ് കമ്പ്യൂട്ടർ വാങ്ങി-

| | |
|---|---|
| പ്രോജക്ട് നമ്പർ/ പേര് | 54/23 (പഞ്ചായത്ത് ഓഫീസിലേക്ക് കമ്പ്യൂട്ടർ വാങ്ങൽ) |
| പദ്ധതി അടങ്കൽ | 4,83,658/-രൂപ (വികസന ഫണ്ട്) |
| ചെലവ് | 4,83,658/- രൂപ |
| നിർവ്വഹണം | സെക്രട്ടറി |

പഞ്ചായത്ത് ഓഫീസിലേക്ക് മേൽ പ്രോജക്ട് പ്രകാരം ജെം പോർട്ടൽ മുഖാന്തിരം 3 മൾട്ടി ഫങ്ഷൻ പ്രിന്റർ, 4 സിംഗിൾ ഫങ്ഷൻ പ്രിന്റർ, 6 ഡസ്ക് ടോപ്പ് കമ്പ്യൂട്ടർ, 2 A4 ഷീറ്റ് സ്കാനർ എന്നിവ വാങ്ങിയിട്ടുണ്ട്. എന്നാൽ ടി സാധനങ്ങൾ സ്റ്റോക്കിൽ എടുത്തിട്ടില്ല. ഹാർഡ് വെയർ, സോഫ്റ്റ് വെയർ

എന്നിവയുടെ സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തി ഓഡിറ്റിന് ഹാജരാക്കാൻ ആവശ്യപ്പെട്ടുകൊണ്ട് 6.11..2023 ന് ഓഡിറ്റ് എൻക്വയറി നൽകിയ ശേഷം രജിസ്റ്ററിൽ രേഖപ്പെടുത്തി ഓഡിറ്റിന് ഹാജരാക്കുകയുണ്ടായി. എന്നാൽ ഹാജരാക്കിയ സ്റ്റോക്ക് രജിസ്റ്ററിൽ ആവശ്യമായ വിവരങ്ങൾ ചേർത്തിട്ടില്ല. പ്രോജക്ട് പ്രകാരം വാങ്ങിയ 6 ഡസ്ക് ടോപ്പ് കമ്പ്യൂട്ടറുകൾ ഏതൊക്കെ സെക്ഷനുകൾക്ക് കൈമാറിയെന്നുള്ള വിവരങ്ങൾ രേഖപ്പെടുത്തിയിട്ടില്ല. ILGMS നിലവിലുള്ളപ്പോൾ എന്ത് ആവശ്യത്തിനാണ് 6 Medium End Window 11 Desk Top പഞ്ചായത്തിൽ വാങ്ങിയത് എന്നത് വ്യക്തമാക്കിയിട്ടില്ല. 6 Desk Top കൾ വാങ്ങണമെങ്കിൽ നിലവിൽ ഉപയോഗിച്ചു കൊണ്ടിരുന്നവ പ്രവർത്തന രഹിതമായതിന്റെ വിവരങ്ങളും ലഭ്യമാക്കിയിട്ടില്ല.

കമ്പ്യൂട്ടറുകളുടെ സോഫ്റ്റ്‌വെയർ, ഹാർഡ് വെയർ എന്നിവ പ്രത്യേകം രേഖപ്പെടുത്തുന്ന രജിസ്റ്ററുകൾ സൂക്ഷിക്കേണ്ടതു സംബന്ധിച്ച് 24-9-2010 ലെ 86/2010/ഫിൻ നമ്പർ സർക്കുലറിൽ ധനവകുപ്പ് പ്രകാരം പ്രത്യേകം നിർദ്ദേശിച്ചു നൽകിയിട്ടുണ്ട്. ഹാർഡ് വെയറുകളുടെ സ്റ്റോക്കുകൾക്കു പുറമേ ഓഫീസുകളിൽ ഉപയോഗിക്കുന്ന സോഫ്റ്റ് വെയറുകളുടെ വിശദാംശങ്ങൾ കൂടി സ്ഥാപന മേധാവികൾ സൂക്ഷിക്കേണ്ടതാണ്. മേൽ സർക്കുലറിലെ നിർദ്ദേശങ്ങളനുസരിച്ച് ഓരോ 6 മാസം കൂടുമ്പോൾ അല്ലെങ്കിൽ പുതിയ സിസ്റ്റം വാങ്ങുമ്പോഴോ പുതിയ സോഫ്റ്റ് വെയർ ഇൻസ്റ്റാൾ ചെയ്യുമ്പോഴോ ഒഴിവാക്കുമ്പോഴോ രജിസ്റ്റർ കാലികമാക്കേണ്ടതാണ്. മേൽ പറഞ്ഞ രീതിയിൽ കമ്പ്യൂട്ടറുകൾക്കും സോഫ്റ്റ് വെയറുകൾക്കും ഒരു സ്റ്റോക്ക് രജിസ്റ്റർ പഞ്ചായത്തിൽ സൂക്ഷിച്ചിട്ടില്ല. ആവശ്യകത പരിശോധിക്കാതെ 6 Medium End Window 11 Desk Top പഞ്ചായത്തിൽ വാങ്ങിയതിന്റെ ചെലവു തുക 3,29,724/- രൂപ ഓഡിറ്റിൽ തടസ്സത്തിൽ വെക്കുന്നു. മേൽ സർക്കുലർ പ്രകാരമുള്ള സ്റ്റോക്ക് രജിസ്റ്റർ തയ്യാറാക്കി ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

## 1-18 ഓഹരി ലാഭ വിഹിതം ലഭ്യമാക്കുന്നില്ല

ഗ്രാമ പഞ്ചായത്തിലെ ഇൻവെസ്റ്റ്മന്റ് രജിസ്റ്റർ പരിശോധിച്ചതിൽ ചുവടെ ചേർത്ത പ്രകാരം നാദാപുരം സഹകരണ ആശുപത്രി ഷെയറുകൾ ഗ്രാമ പഞ്ചായത്ത് വാങ്ങിയിട്ടുണ്ട്. ആയതിന്റെ വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

| തീയതി | തുക | സർട്ടിഫിക്കറ്റ് |
|---|---|---|
| 12.08.1997 | 10,000 (2500രൂപയുടെ നാല് ഷെയറുകൾ) | 321 |
| 20.04.1999 | 15,000 (2500രൂപയുടെ ആറ് ഷെയറുകൾ) | 337 |

ഓഹരിയുടെ ലാഭ വിഹിതം ലഭ്യമാക്കാൻ നടപടികൾ സ്വീകരിച്ചതായി കാണുന്നില്ല. തുടർ നടപടികൾ സ്വീകരിച്ച് അറിയിക്കേണ്ടതാണ്.

## 1-19 ഹോമിയോ ആശുപത്രിയിലേക്ക് മരുന്ന് വാങ്ങൽ - മുഴുവൻ മരുന്നുകളും ലഭ്യമായില്ല

| | |
|---|---|
| പ്രോജക്ട് നമ്പർ/ പേര് | 106/23 (ഹോമിയോ ആശുപത്രിയിലേക്ക് മരുന്ന്) |

| | |
|---|---|
| പദ്ധതി അടങ്കൽ | 2 ലക്ഷം രൂപ (മെയിന്റനൻസ് ഗ്രാന്റ് - നോൺ റോഡ്) |
| ചെലവ് | 2 ലക്ഷം രൂപ |
| നിർവ്വഹണം | മെഡിക്കൽ ഓഫീസർ (ആയുർവേദം) |

മേൽ പ്രോജക്ട് പ്രകാരം ഹോമിയോ ആശുപത്രിക്ക് മരുന്ന് വാങ്ങുന്നതിനായി പദ്ധതി തയ്യാറാക്കുകയും ഹോംകോയ്ക്ക് 2 ലക്ഷം രൂപ 13.03.2023 ന് മെയിന്റനൻസ് ഗ്രാന്റ് (നോൺ റോഡ്) ൽ നിന്ന് ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. 24.8.2023 ന് 40,190/- രൂപയുടെ മരുന്ന് മാത്രമാണ് 2022-23 പദ്ധതിയിലേക്ക് ആവശ്യപ്പെട്ടതിൽ നിന്നും ലഭ്യമായത്. സ.ഉ.(കൈ) നം. 115/2022/തസ്വഭവ തിയ്യതി 28.5.2022 നമ്പർ പതിനാലാം പഞ്ചവത്സര പദ്ധതി സബ്സിഡി മാർഗ്ഗ രേഖയിലെ ഖണ്ഡിക 7.6.4(v) പ്രകാരം ഹോംകോയിൽ നിന്നോ സർക്കാർ അനുവദിച്ചിരിക്കുന്ന ഏജൻസികളിൽ നിന്നോ മരുന്നു ലഭിക്കാൻ കാലതാമസം നേരിട്ടാൽ ടെണ്ടർ മുഖേന ഗുണമേന്മയുള്ള മരുന്നുകൾ വാങ്ങാവുന്നതാണെന്ന് നിർദ്ദേശമുണ്ട്. മുൻ വർഷങ്ങളിൽ ടി സ്ഥാപനത്തിൽ മുൻകൂറായി അടച്ച തുകയ്ക്കുള്ള മുഴുവൻ മരുന്നുകളും ലഭ്യമായി എന്നു ഉറപ്പു വരുത്തിയ ശേഷം മാത്രം തുടർ വർഷങ്ങളിൽ ഹോംകോയിൽ തുക അടവാക്കുന്നുള്ളൂ എന്ന് ഉറപ്പുവരുത്തേണ്ടതാണ്. 1,59,810/- രൂപയുടെ മരുന്നുകൾ കൂടി ലഭ്യമാക്കി അറിയിക്കേണ്ടതാണ്. 1,59,810/- രൂപയുടെ ചെലവ് തടസ്സത്തിൽ വെക്കുന്നു.

**1-20 സ്മാർട്ട് ഗാർബേജ് മോണിറ്ററിങ് സിസ്റ്റം പദ്ധതി നടപ്പിലാക്കിയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കിയില്ല**

നിർവ്വഹണ ഉദ്യോഗസ്ഥൻ - വി.ഇ.ഒ

പദ്ധതി -125/23

ചെലവ് തുക - 153977(വികസന ഫണ്ട്)

ബിൽ നമ്പർ - 155/3.2.223

കായക്കൊടി ഗ്രാമ പഞ്ചായത്തിൽ ഹരിത മിത്രം സ്മാർട്ട് ഗാർബേജ് മോണിറ്ററിങ് സിസ്റ്റം നടപ്പിലാക്കുന്നതിന് 18.11.21 ലെ ജി.ഓ (ആർടി)2307/2021/LSGD നമ്പർ ഉത്തരവിലെ നിർദ്ദേശാനുസരണം താഴെ കാണിച്ച പ്രകാരം കെൽട്രോണിന് സർവ്വീസ് ചാർജായി 1,53,977/- രൂപ അനുവദിച്ചിട്ടുണ്ട്.

| ഇനം | ചെലവ് തുക |
|---|---|
| സർവ്വീസ് ചാർജ് | 1,35,700 |
| SMS ചാർജ് (55385എണ്ണം) | 7,200 |
| പ്രിന്റിങ്ങ് @ സപ്ലൈ ഓഫ് QR കോഡ് | 11,077 |
| | 1,53,977 |

ഈ സംവിധാനം പ്രവർത്തന സജ്ജമാക്കിയതിന്റെ വിശദാംശങ്ങൾ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല. ആയത് ലഭ്യമാക്കേണ്ടതാണ്. പദ്ധതി ലക്ഷ്യം കൈവരിച്ച് വിവരം അറിയിക്കുന്നത് വരെ ചെലവ് തുക തടസ്സത്തിൽ വയ്ക്കുന്നു.

**1-21 കോക്ലിയാർ ഇംപ്ലാന്റേഷൻ റിപയർ- ഗുണഭോക്താവിന് ഉപകരണങ്ങൾ ലഭ്യമായില്ല**

നിർവ്വഹണ ഉദ്യോഗസ്ഥ - ഐ.സി.ഡി.എസ് സൂപ്പർ വൈസർ

പദ്ധതി – 130/23

ചെലവ് തുക - 21,963 (വികസന ഫണ്ട്)

ബിൽ നമ്പർ - 101/29.11.22

ശ്രുതി തരംഗം പദ്ധതിയിൽ ഉൾപ്പെടുത്തി തനീസിബാല എന്ന ഗുണഭോക്താവിന്റെ അപേക്ഷയുടെ അടിസ്ഥാനത്തിൽ കോക്ലിയാർ ഇംപ്ലാന്റേഷൻ ഉപകരണങ്ങൾ റിപ്പയർ ചെയ്യുന്നതിന് ഉപകരണങ്ങൾ ലഭ്യമാക്കുന്നതിനാണ് പദ്ധതി നടപ്പിലാക്കിയത്. 03.09.14 ന് ഓപ്പറേഷൻ ചെയ്ത് ഘടിപ്പിച്ച ഉപകരണം റിപ്പയർ ചെയ്യുന്നതിന് ലിസ്റ്റ് സഹിതം 21,963/- രൂപ സാമൂഹ്യ സുരക്ഷാ മിഷന് ലഭ്യമാക്കിയിട്ടുണ്ട്. എന്നാൽ നാളിതുവരെ ഗുണഭോക്താവിന് ആനുകൂല്യം ലഭ്യമായിട്ടില്ല. അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്. ഗുണഭോക്താവിന് ആനുകൂല്യം ലഭ്യമാക്കി രേഖകൾ സഹിതം വിനിയോഗ വിവരം അറിയിക്കുന്നത് വരെ ചെലവ് തുക തടസ്സത്തിൽ വയ്ക്കുന്നു.

**1-22 മെയിന്റനൻസ് ഗ്രാന്റ് വകമാറ്റി ചെലവഴിച്ചു.**

മെയിന്റനൻസ് ഫണ്ട് റോഡ് നിലവിലുള്ള റോഡുകളുടെ പുനരുദ്ധാരണ സംരക്ഷണ പ്രവൃത്തികൾക്കായാണ് വിനിയോഗിക്കേണ്ടത് എന്നിരിക്കെ ഓഡിറ്റ് വർഷം മെയിന്റനൻസ് ഗ്രാന്റ് (റോഡ്) പുതിയ റോഡുകളുടെ നിർമ്മാണങ്ങൾക്കായി വിനിയോഗിച്ചതായി കാണുന്നു. ഒരു ഉദാഹരണം ചുവടെ ചേർക്കുന്നു.

| | |
|---|---|
| പ്രൊ.നം, പേര് | 73/23, കായക്കൊടി കനാൽ റോഡ് റീച്ച്-2 |
| നിർവ്വഹണം | അസിസ്റ്റന്റ് എഞ്ചിനീയർ |
| അടങ്കൽ | 4,50,000 |
| ചെലവ് | 4,38,202 |
| ബിൽ വിശദാംശം | 233/ 21-03-2023 |
| കരാറുകാരൻ | ശ്രീ.സജീവൻ.എൻ.കെ. |
| കരാർ നമ്പർ | 30/2022-23/AE-LSGD/KYK Dt.03.02.2023 |
| ഫയൽ നമ്പർ | 19180/2022 |
| എം ബുക്ക് നം | 19180/2022 |

483 മുതൽ 624 വരെയുള്ള ചെയിനേജിൽ സൈറ്റ് ക്ലിയറിംഗ് , ഡബ്ലിയു.എം.എം, ടാക് കോട്ട്, പ്രൈം കോട്ട്, 20 MM ചിപ്പിംഗ് കാർപറ്റ്, സീൽ കോട്ട് എന്നീ ഇനങ്ങൾ ഉൾപ്പെടുത്തിയാണ് മേൽ പ്രൊജക്ട്

പ്രകാരം പ്രവൃത്തി നിർവ്വഹിച്ചിട്ടുള്ളത്. 2022-23 വർഷത്തിൽ നിർവ്വഹിച്ച പദ്ധതികളുടെ എസ്റ്റിമേറ്റ് പരിശോധിച്ചതിൽ നിന്നും എല്ലാ മെയിന്റനൻസ് പ്രവൃത്തികളിലും നിലവിലുള്ള റോഡിന്റെ ഉപരിതലം Scarify ചെയ്ത്
(മോർഡ് ഇനം- 3-2) GSB ചെയ്ത് സബ്ബേസ് പുനർനിർമ്മിച്ചാണ് തുടർ പ്രവൃത്തികൾ നിർവ്വഹിക്കുന്നത്. സമയബന്ധിതമായി നവീകരണ പ്രവൃത്തികൾ നിർവ്വഹിക്കാത്തത് കാരണം മെയിന്റനൻസ് പ്രവൃത്തികൾക്ക് അധിക ചെലവുണ്ടാകുന്നുണ്ട്. സംരക്ഷണ പ്രവൃത്തികൾ ആവശ്യമുള്ള ആസ്തികളെ മുൻഗണനാക്രമത്തിൽ ഏറ്റെടുത്ത് പ്രവൃത്തി നിർവ്വഹിക്കുന്നതിന് സഹായകമാകുന്ന തരത്തിൽ നിർവ്വഹണ ഉദ്യോഗസ്ഥൻ ഒരു ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കിയിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

സ.ഉ.(കൈ) നം.84/തസ്വഭവ തീയതി. 19.04.2022 പ്രകാരമുള്ള പതിനാലാം പഞ്ചവത്സര പദ്ധതിയിലെ വാർഷിക പദ്ധതികൾ തയ്യാറാക്കുന്നതിനുള്ള മാർഗ്ഗരേഖയിലെ ഖണ്ഡിക 6.8, 2012 ലെ PWD റിവൈസ്ഡ് മാന്വൽ സെക്ഷൻ 2602.1, 2019 ലെ CPWD മെയിന്റനൻസ് മാന്വൽ എന്നിവയിൽ നിഷ്കർഷിക്കുന്ന തരത്തിൽ റോഡ്-റോഡിതര ആസ്തികളുടെ സംരക്ഷണത്തിന് പ്രത്യേക ആസ്തി സംരക്ഷണപദ്ധതി തയ്യാറാക്കിയിട്ടില്ല. മെയിന്റനൻസ് ഫണ്ട് വിനിയോഗം സംബന്ധിച്ച ത.സ്വ.ഭ. വകുപ്പ് പുറപ്പെടുവിച്ചിട്ടുള്ള ഉത്തരവുകളിലെയും സർക്കുലറുകളിലെയും നിബന്ധനകൾ പാലിച്ചു കൊണ്ടായിരിക്കണം ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കേണ്ടത്. ഗ്രാമപഞ്ചായത്ത് ഒരു അസറ്റ് മാനേജ്മെന്റ് പ്ലാൻ അംഗീകരിച്ചതായോ, അതിനുവേണ്ട നടപടികൾ സ്വീകരിച്ചതായോ പഞ്ചായത്തിന്റെ വിവിധ മിനുട്സ് ബുക്കുകൾ പരിശോധിച്ചതിൽ കാണാൻ കഴിഞ്ഞില്ല. അതുകൊണ്ടുതന്നെ ഇപ്രകാരമുള്ള ഒരു സമീപന രേഖയുടെ അഭാവത്തിലാണ് ഗ്രാമപഞ്ചായത്ത് അതിന്റെ ആസ്തികളുടെ നിർമ്മാണം (സൃഷ്ടിക്കൽ), പരിപാലനം, കൈയൊഴിയൽ എന്നിവയുമായി ബന്ധപ്പെട്ട് പ്രവർത്തിച്ചതെന്ന് കാണുന്നു. എല്ലാ റോഡുകളുടേയും നിലവിലെ അവസ്ഥ വിലയിരുത്തി, അറ്റകുറ്റപ്പണി ആവശ്യമുള്ളവയുടെ മുൻഗണനാക്രമത്തിലുള്ള ഒരു പ്ലാൻ ആസ്തിയുടെ പരിപാലന ചുമതലയുള്ള ഓഫീസറായ എഞ്ചിനീയർ തയ്യാറാക്കി ഗ്രാമസഭയിൽ അവതരിപ്പിച്ച് അംഗീകാരം വാങ്ങേണ്ടതുണ്ട്.

മെയിന്റനൻസ് പ്രവൃത്തി നടത്തേണ്ട റോഡുകളിൽ ഭരണസമിതി തീരുമാന പ്രകാരം ഫണ്ടിന്റെ അപര്യാപ്തത ചൂണ്ടികാട്ടി പെറ്റി വർക്കുകൾ നടത്തി താത്കാലികമായി പരിഹാരം കാണുന്ന ഘട്ടത്തിലും മെയിന്റനൻസ് ഗ്രാന്റ് വകമാറ്റി ചെലവഴിച്ചത് ഓഡിറ്റ് അംഗീകരിക്കുന്നില്ല. അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതും അപാകത ആവർത്തിക്കാതിരിക്കാൻ നടപടി സ്വീകരിച്ച് അറിയിക്കേണ്ടതുമാണ്. 4,38,202/- രൂപയുടെ ചെലവ് തടസ്സത്തിൽ വെക്കുന്നു.

## 1-23 നിർവ്വഹിക്കാത്ത ഫോം വർക്കിന് തുക നൽകി

| | |
|---|---|
| പ്രൊ.നം, പേര് | 6/23, കാരക്കണ്ടിമുക്ക് കായക്കൊടി യു.പി സ്കൂൾ റോഡ് |
| നിർവ്വഹണം | അസിസ്റ്റന്റ് എഞ്ചിനീയർ |
| അടങ്കൽ | 2,00,000 |
| ചെലവ് | 1,38,560 |
| ബിൽ വിശദാംശം | 142/ 27-01-2023 |
| കരാറുകാരൻ | ശ്രീ.സുരേഷ്.പി. |
| കരാർ നമ്പർ | 01/2022-23/AE-LSGD/KYK Dt.06.12.2022 |
| ഫയൽ നമ്പർ | 19157/2022 |
| എം ബുക്ക് നം | 19157/2022 |

അസിസ്റ്റന്റ് എഞ്ചിനീയർ നിർവഹണം നടത്തിയ വിവിധ റോഡ് കോൺക്രീറ്റ് പ്രവൃത്തികളിൽ റോഡ് കോൺക്രീറ്റിംഗിന് ഉപയോഗപ്പെടുത്തിയിട്ടുള്ള ഇനം Mord SOR 75.8.1 പ്രകാരമുള്ളതാണ്. പ്രസ്തുത ഇനത്തിന്റെ ഡാറ്റ പരിശോധിച്ചതിൽ നിന്നും ആകെ തുകയുടെ 4 ശതമാനം ഫോം വർക്കിനായാണ് വകയിരുത്തിയിട്ടുള്ളത്. 07.11.2023 തിയ്യതിയിൽ സ്ഥല പരിശോധന നടത്തിയതിൽ കാരക്കണ്ടിമുക്ക് കായക്കൊടി യു.പി സ്കൂൾ റോഡിന്റെ പ്രവർത്തിക്ക് ഫോം വർക്ക് ചെയ്തിട്ടില്ല എന്ന് വ്യക്തമായിട്ടുണ്ട്. പ്രസ്തുത പ്രവൃത്തിക്ക് ഫോം വർക്ക് അനിവാര്യമല്ലായിരുന്നു എന്നും വ്യക്തമായിട്ടുണ്ട്. കോൺക്രീറ്റിംഗിന് മാത്രമായി 1,96,325/- രൂപ ചെലവ് വന്നിട്ടുണ്ട്. ആയതിൽ 18% ജി.എസ്.ടി ഉൾപ്പെടെ 7,853/- രൂപ ഫോം വർക്ക് ഇനത്തിൽ കരാറുകാരന് അനുവദിച്ചിട്ടുണ്ട്.

ഫോംവർക്ക് ആവശ്യമില്ലാത്ത പ്രവൃത്തികൾക്കും നാല് ശതമാനം ഫോം വർക്ക് ഉൾപ്പെടെയുള്ള നിരക്ക് നൽകുന്ന പ്രവണത സ്ഥാപനത്തിൽ നിലനിൽക്കുന്നുണ്ട്. ഫോം വർക്ക് ആവശ്യമില്ലാത്ത പ്രവൃത്തികൾക്കും 75.8.1 എന്ന ഇനം അനുവദിച്ചതിലൂടെ പഞ്ചായത്ത് ഫണ്ടിൽ നിന്നും അധിക ചെലവുണ്ടായിട്ടുണ്ട്. അപാകതക്ക് വിശദീകരണം ലഭ്യമാക്കുന്നതിനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പിന് സ്ഥാപനം മറുപടി ലഭ്യമാക്കിയിട്ടില്ല. 75.8.1 ഉപയോഗപ്പെടുത്തി റോഡ് കോൺക്രീറ്റ് പ്രവൃത്തി നിർവ്വഹിച്ച മറ്റ് പദ്ധതികളിലും സമാനമായ അപാകതകൾ ഉണ്ടായിട്ടുണ്ടോ എന്ന് പരിശോധിക്കേണ്ടതും കരാറുകാർക്ക് അധിക തുക നൽകപ്പെട്ടിട്ടുണ്ടെങ്കിൽ ആയത് തിരികെ ഈടാക്കി വിവരം അറിയിക്കേണ്ടതുമാണ്.

## 1-24 എം.ജി.എൻ.ആർ.ഇ.ജി.എ മെറ്റീരിയൽ വർക്ക്- ടി.ഡി.എസ് (ജി.എസ്.ടി) ഈടാക്കിയില്ല.

2017-ലെ സെൻട്രൽ ഗുഡ്സ് ആൻഡ് സർവ്വീസസ് ടാക്സ് ആക്ടിലെ വകുപ്പ് 51, കേന്ദ്ര സർക്കാരിന്റെ Central Board Of Indirect Taxes And Customs-ന്റെ 13.09.2018-ലെ 50/2018 നമ്പർ നോട്ടിഫിക്കേഷൻ, കേന്ദ്ര റവന്യൂ വകുപ്പിന്റെ 14.09.2018-ലെ സർക്കുലർ നമ്പർ 65/39/2018-DOR എന്നിവ പ്രകാരം 2,50,000/- രൂപയിൽ അധികരിക്കുന്ന കരാർ തുകകൾ നൽകുമ്പോൾ 2% ജി.എസ്.ടി സ്രോതസ്സിൽ നിന്നും കുറവ് ചെയ്ത് അടക്കേണ്ടതുണ്ട്. 30.07.2019-ലെ 957/ഇ.ജി.എസ്.-സി/16/ആർ.ഇ.ജി.എസ് നമ്പർ സർക്കുലർ പ്രകാരം ജി.എസ്.റ്റി. കുറവ് ചെയ്യുന്നതിനുള്ള സൗകര്യം എം.ഐ.എസിൽ ലഭിക്കുന്നത് വരെ ജി.എസ്.റ്റി. തുക സപ്ലൈയർ ഗ്രാമപഞ്ചായത്തിൽ നേരിട്ടടച്ചെന്നുറപ്പാക്കി ബിൽ സെറ്റിൽ ചെയ്യണമെന്നും അപ്രകാരം അടവാക്കുന്ന ജി.എസ്.റ്റി തുക ഗ്രാമപഞ്ചായത്ത് സെക്രട്ടറി ജി.എസ്.റ്റി. വകുപ്പിൽ യഥാസമയം അടവാക്കണമെന്നും നിർദ്ദേശിച്ചിട്ടുള്ളതാണ്. തൊഴിലുറപ്പ് പദ്ധതിയിലുൾപ്പെടുത്തി വാങ്ങുന്ന സാധന സാമഗ്രികളുടെ കരാർ തുക 2.5 ലക്ഷത്തിനുമേൽ കൂടുതലാണെങ്കിൽ ജി.എസ്.ടി. 2% ഉത്തരവതിൽ കുറവ് ചെയ്യണമെന്നിരിക്കെ 2022-23 സാമ്പത്തിക വർഷം നടപ്പിലാക്കിയ താഴെ കൊടുത്തിട്ടുള്ള പ്രവൃത്തികളിൽ ഇപ്രകാരം 2% ജി.എസ്.റ്റി-റ്റി.ഡി.എസ് ആയി ഈടാക്കി ബന്ധപ്പെട്ട വകുപ്പിൽ ഒടുക്കിയിട്ടില്ല. പ്രവർത്തികളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | 2.5 ലക്ഷം രൂപയ്ക്ക് മുളിൽ കരാർ തുകയുള്ള മെറ്റീരിയൽ വർക്കിന്റെ പേരും, വർക്ക് കോഡും | കരാർ തുക | കരാറു കാരന്റെ പേര് | എം ബുക്ക് പ്രകാരം മെറ്റീരിയ ലിനായി ചിലവായ തുക | ഈടാക്കേ ണ്ടിയിരുന്ന ജി.എസ്.ടി (1+1=2%) |
|---|---|---|---|---|---|
| 1 | കുരുവാതോടിതറ നെല്ലീലായീമ്മൽ റോഡ് കോൺക്രീറ്റിംഗ് വാർഡ് -03 (RC/295291) | 497670 | നവ നിർമ്മിതി കോ-ഓപ സൊസൈറ്റി | 373239 | 7464.78 |
| 2 | ഇരുലാവുമ്മൽ -കുഴിപ്പാട്ടു റോഡ് കോൺക്രീറ്റിംഗ് വാർഡ് -02 ( RC/329310) | 499070 | ഹമീദ് ചെറുവേരി | 395806 | 7916.12 |
| 3 | തപസ്സി ചങ്ങരംകുളം അംഗൻവാടി മുതൽ വേങ്ങാച്ചാലിൽമുക്ക് വരെ റോഡ് കോൺക്രീറ്റിംഗ് വാർഡ്-13 ( RC/329664) | 385150 | ഹമീദ് ചെറുവേരി | 292099 | 5841.98 |
| 4 | ചങ്ങരംകുളം കിരാതമൂർത്തി ക്ഷേത്രം റോഡ് കോൺക്രീറ്റിംഗ് വാർഡ് -13 (RC/329665) | 385040 | ഹമീദ് ചെറുവേരി | 307354 | 6147.08 |
| 5 | പനയുള്ളപറമ്പത് മുതൽ കുറ്റിയിൽമുക്ക് തോട് വരെ റോഡ് കോൺക്രീറ്റിംഗ് വാർഡ് -13 (RC/329668) | 499070 | ഹമീദ് ചെറുവേരി | 394125 | 7882.5 |
| 6 | കുരുവന്റെവിട കിരാതമൂർത്തിക്ഷേത്രം റോഡ് കോൺക്രീറ്റിംഗ് വാർഡ് -13 (RC/329669) | 403270 | ഹമീദ് ചെറുവേരി | 317679 | 6353.58 |
| 7 | പുല്ലേരിച്ചികണ്ടി | 491890 | സഫീർ.കെ | 374202 | 7484.04 |

| | | | | | |
|---|---|---|---|---|---|
| | താനിയുള്ളതിൽ കണിയാന്റെ പറമ്പത് റോഡ് കോൺക്രീറ്റിംഗ് വാർഡ് -06 ( RC/329765) | | | | |
| 8 | കായക്കൊടി ഹൈസ്കൂൾ റോഡ് കോൺക്രീറ്റിംഗ് വാർഡ് -15 (RC/329917) | 499070 | അഭികാന്ത് | 394126 | 7882.52 |
| 9 | വലിയപറമ്പത് മണിയലംകണ്ടി റോഡ് കോൺക്രീറ്റിംഗ് വാർഡ് -08 ( RC/329940) | 413370 | സഫീർ.കെ | 327692 | 6553.84 |
| 10 | വരിക്കോളി പൂളക്കണ്ടി റോഡ് കോൺക്രീറ്റിംഗ് വാർഡ് -09 ( RC/329946) | 453640 | സഫീർ.കെ | 360069 | 7201.38 |
| ആകെ | | | | | 70727.82 |

അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുന്നതിനും കരാറുകാർ മേൽ പരാമർശിച്ച ബില്ലുകൾ ഉൾപ്പെടുത്തി ജി.എസ്.ടി ഫയൽ ചെയ്തു എന്നത് ഉറപ്പാക്കുന്നതിന് ഗ്രാമപഞ്ചായത്ത് സ്വീകരിച്ച നടപടികൾ അറിയിക്കുന്നതിനും ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പിന് മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ പരാമർശിച്ച ബില്ലുകൾ ഉൾപ്പെടുത്തി കരാറുകാർ ജി.എസ്.ടി റിട്ടേൺ ഫയൽ ചെയ്തിട്ടുണ്ടെന്ന് രേഖകൾ പരിശോധിച്ച് ഉറപ്പ് വരുത്തേണ്ടതും അല്ലാത്തപക്ഷം ബിൽ നമ്പർ, കരാറുകാരന്റെ ജി.എസ്.ടി രജിസ്ട്രേഷൻ നമ്പർ എന്നിവ സഹിതം ജി.എസ്.ടി വകുപ്പിനെ അറിയിക്കേണ്ടതുമാണ്. അപാകത ആവർത്തിക്കാതിരിക്കാൻ നടപടികൾ സ്വീകരിച്ച് അറിയിക്കേണ്ടതാണ്.

## 1-25 GST രജിസ്ട്രേഷനില്ലാത്ത കരാറുകാരിൽ നിന്നും സാധനങ്ങൾ സമാഹരിക്കുന്നു.

മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രകാരം വിവിധ ആസ്തികൾ സൃഷ്ടിക്കുന്നതിനായി നിർമ്മാണ സാമഗ്രികൾ വിതരണം ചെയ്യുന്നതിന് ഇ-ടെണ്ടർ മുഖേന അപേക്ഷ ക്ഷണിക്കുകയും വിതരണക്കാരിൽ നിന്നും സാധനങ്ങൾ സമാഹരിക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ സാമ്പത്തിക വർഷം ആസൂത്രണം ചെയ്ത ആസ്തി നിർമ്മാണ പദ്ധതികൾക്കാവശ്യമായ മണൽ, മെറ്റൽ, സിമന്റ് , ക്വാറി മക്ക് മുതലായവ ആകെ കണക്കാക്കി ടെണ്ടർ ചെയ്യുന്നതിന് പകരം ഓരോ പ്രവൃത്തികൾക്കും കണക്കാക്കി വെവ്വേറെ ടെണ്ടറിലൂടെ വാങ്ങിയതിലൂടെ അധിക ചെലവുണ്ടായിട്ടുണ്ട്. ഇത് മൂലം ഒരേ സാധനങ്ങൾ വ്യത്യസ്ത നിരക്കിലാണ് സമാഹരിക്കപ്പെട്ടിട്ടുള്ളത്. സാധനങ്ങൾ അംഗീകൃത

റീടെയിൽ, ഹോൾസെയിൽ വിതരണക്കാരിൽ നിന്നും സമാഹരിക്കുന്നതിന് പകരം വർക് കോൺട്രാക്ടർമാരിൽ നിന്നുമാണ് മണൽ, മെറ്റൽ, സിമന്റ് , ക്വാറി വേസ്റ്റ് എന്നിവ വാങ്ങിയിട്ടുള്ളത്. സാധനങ്ങൾ വിതരണം ചെയ്ത കരാറുകാരുടെ വിശദാംശങ്ങൾ പരിശോധിച്ചതിൽ നിന്നും താഴെ പറയുന്ന കരാറുകാർക്ക് മണൽ, മെറ്റൽ, സിമന്റ് , ക്വാറി വേസ്റ്റ് എന്നിവ വിതരണം ചെയ്യുന്നതിനുള്ള ജി.എസ്.ടി രജിസ്ട്രേഷൻ ഇല്ലായിരുന്നുവെന്നത് വ്യക്തമായിട്ടുണ്ട്. ചില കരാറുകാർ സമർപ്പിച്ച ബില്ലുകളിൽ HSN കോഡ് രേഖപ്പെടുത്തുകയോ ബിൽ നമ്പർ രേഖപ്പെടുത്തുകയോ ചെയ്തിട്ടില്ല. ഉദാ- ഇരുലാവുമ്മൽ കുഴിപ്പാട്ട് റോഡ് പ്രവൃത്തിയുടെ ഭാഗമായി ഹമീദ് ചെറുവേരി എന്നവർ സമർപ്പിച്ച ബില്ലുകൾ.

| കരാറുകാരന്റെ പേര് | ജി.എസ്.ടി രജി നം | ജി.എസ്.ടി രജിസ്ട്രേഷൻ പ്രകാരമുള്ള സേനങ്ങളും ചരക്കുകളും |
|---|---|---|
| ഹമീദ് ചെറുവേരി | 32AFUPH3644E1ZJ | വർക് കോൺട്രാക്ട് |

മണൽ, മെറ്റൽ, സിമന്റ്, ക്വാറി വേസ്റ്റ് എന്നിവ വിതരണം ചെയ്യുന്നതിനുള്ള ജി.എസ്.ടി രജിസ്ട്രേഷൻ ഇല്ലാത്ത കരാറുകാർക്ക് ജി.എസ്.ടി ഇനത്തിൽ തുക അനുവദിച്ചതിന്റെ കാരണം വ്യക്തമാക്കേണ്ടതാണ്. അംഗീകൃത റീടെയിൽ, ഹോൾസെയിൽ വിതരണക്കാരിൽ നിന്നും സാധനങ്ങൾ സമാഹരിക്കുന്നതിന് പകരം വർക് കോൺട്രാക്ടർമാരിൽ നിന്നും സാധനങ്ങൾ സമാഹരിച്ചത് ശരിയായ നടപടിയല്ല . മേൽ കരാറുകാരുടെ ജി.എസ്.ടി രജിസ്ട്രേഷൻ പ്രകാരം രജിസ്റ്റർ ചെയ്യാത്ത ഇനങ്ങൾ വിതരണം ചെയ്തതിന് ബില്ലുകളിൽ ജി.എസ്.ടി രേഖപ്പെടുത്തി ക്ലെയിം ചെയ്തിട്ടുണ്ട്.

മണൽ, മെറ്റൽ, സിമന്റ്, ക്വാറി വേസ്റ്റ് എന്നിവ വിതരണം ചെയ്യുന്നതിനുള്ള ജി.എസ്.ടി രജിസ്ട്രേഷൻ ഇല്ലാത്ത മേൽ കരാറുകാർക്ക് ജി.എസ്.ടി ഇനത്തിൽ തുക അനുവദിച്ചതിന്റെ കാരണം വ്യക്തമാക്കുന്നതിനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പിന് മറുപടി ലഭ്യമാക്കിയിട്ടില്ല. അംഗീകൃത റീടെയിൽ, ഹോൾസെയിൽ വിതരണക്കാരിൽ നിന്നും സാധനങ്ങൾ സമാഹരിക്കുന്നതിന് പകരം വർക് കോൺട്രാക്ടർമാരിൽ നിന്നും സാധനങ്ങൾ സമാഹരിച്ചത് ശരിയായ നടപടിയല്ല . മേൽ കരാറുകാരുടെ ജി.എസ്.ടി രജിസ്ട്രേഷൻ പ്രകാരം രജിസ്റ്റർ ചെയ്യാത്ത ഇനങ്ങൾ വിതരണം ചെയ്തതിന് ബില്ലുകളിൽ ജി.എസ്.ടി രേഖപ്പെടുത്തി ക്ലെയിം ചെയ്തിട്ടുണ്ട്. മേൽ അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

**1-26 അളവിന്റെ കൃത്യത പരിശോധിക്കാതെ ബിൽ തുക നൽകുന്നു.**

മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രകാരം വിവിധ ആസ്തികൾ സൃഷ്ടിക്കുന്നതിനായി നിർമ്മാണ സാമഗ്രികൾ വിതരണം ചെയ്യുന്നതിന് ടെണ്ടർ ക്ഷണിക്കുകയും വിതരണക്കാരിൽ നിന്നും സാധനങ്ങൾ സമാഹരിക്കുകയും ചെയ്തിട്ടുണ്ട്. പ്രവൃത്തികളുടെ എം ബുക്ക്

പരിശോധിച്ചതിൽ കരാറുകാരൻ സൈറ്റിൽ ഇറക്കുന്ന മെറ്റീരിയലുകൾ സ്റ്റാക്ക് മെഷർ ചെയ്ത് എം ബുക്കിൽ രേഖപ്പെടുത്താതെ, കരാറുകാരൻ സമർപ്പിക്കുന്ന ബില്ലിലെ അളവുകൾ അടിസ്ഥാനപ്പെടുത്തി തുക അനുവദിക്കുകയാണ് ചെയ്യുന്നത്. ഉദാ- കായക്കൊടി ഹൈസ്കൂൾ റോഡ് കോൺക്രീറ്റിംഗ് ( RC/329917) പ്രവൃത്തി.

40 MM മെറ്റലിൽ നിന്നും 7.5% വോയിഡ് കുറവ് ചെയ്യാതെയും ക്വാറി വേസ്റ്റിന്റെ അളവിൽ നിന്നും 5 % കൺസോളിഡേഷൻ കുറവ് ചെയ്യാതെയും കരാറുകാരന്റെ ബിൽ പ്രകാരമുള്ള അളവിനനുസൃതമായാണ് തുക അനുവദിക്കപ്പെടുന്നതെന്ന് ഓവർസിയർമാരെ നേരിൽ കേട്ടതിൽ നിന്നും വ്യക്തമായിട്ടുണ്ട്. അപാകത മൂലം കരാറുകാരന് അധിക തുക അനുവദിക്കപ്പെടുന്നതിനും ആസ്തിയുടെ ഗുണമേന്മ കുറയുന്നതിനും കാരണമാകുന്നുണ്ട്.

## 1-27 ലോഗ് ബുക്ക് സൂക്ഷിപ്പ് തൃപ്തികരമല്ല

ഗ്രാമ പഞ്ചായത്തിന്റെ ഔദ്യോഗിക വാഹനമായ KL 18 E 3837 നമ്പർ വാഹനത്തിന്റെ ലോഗ് ബുക്ക് പരിശോധിച്ചതിൽ ഓരോ പ്രാവശ്യവും ഇന്ധനം നിറക്കുമ്പോൾ ടാങ്കിൽ നീക്കിയിരിപ്പുള്ള ഇന്ധനത്തിന്റെ അളവു കൂടി രേഖപ്പെടുത്തി ടാങ്കിൽ ഫുൾ ടാങ്ക് ഇന്ധനം നിറച്ചു എന്ന് ഉറപ്പു വരുത്തുന്നില്ല. തിയ്യതിയും നിറച്ച ഇന്ധനത്തിന്റെ അളവും മാത്രമാണ് രേഖപ്പെടുത്തുന്നത്. വാഹനത്തിന്റെ കസ്റ്റോഡിയനായ സെക്രട്ടറി ലോഗ്ബുക്ക് പരിശോധിച്ച് സാക്ഷ്യപ്പെടുത്തുന്നില്ല. ഓരോ പ്രാവശ്യവും ഇന്ധനം നിറക്കുമ്പോൾ ആയതിന്റെ കൃത്യത സെക്രട്ടറി പരിശോധിച്ച് ഉറപ്പാക്കേണ്ടതാണ്.

ഓഡിറ്റ് വർഷം ഓഫീസ് വാഹനത്തിന്റെ റിപ്പയർ & മെയിന്റനൻസ് എന്ന ചെലവു ശീർഷകത്തിൽ 96,870/- രൂപയുടെ ചെലവ് രേഖപ്പെടുത്തിയിട്ടുണ്ട്. ആയതിന്റെ നിരീക്ഷണത്തിനായി റിപ്പയർ രജിസ്റ്റർ പഞ്ചായത്തിൽ സൂക്ഷിച്ചിട്ടില്ല. മോട്ടോർ വാഹനങ്ങളുടെ ഉപയോഗത്തിനും പരിപാലനത്തിനുമുള്ള ചട്ടങ്ങളിലെ നിർദ്ദേശങ്ങളനുസരിച്ച് നടപടികൾ സ്വീകരിക്കാതിരുന്നതിന് വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ടു കൊണ്ട് 8.11.2023 ന് നൽകിയ 23-ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. സ.ഉ.(പി) നം. 803/70/ഫിൻ തിയ്യതി 13.11.1970 നമ്പർ സർക്കാർ മോട്ടോർ വാഹനങ്ങളുടെ ഉപയോഗത്തിനുള്ള ചട്ടങ്ങളിലെ ചട്ടം 38 പ്രകാരമുള്ള രജിസ്റ്ററുകൾ സൂക്ഷിക്കേണ്ടതും അതനുസരിച്ച് നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## 1-28 കരാറിലേർപ്പെട്ട ഗുണഭോക്താക്കൾ ഭവന നിർമ്മാണം പൂർത്തിയാക്കിയില്ല

ഗ്രാമ പഞ്ചായത്തിലെ ലൈഫ് ഭവന പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട സ്കീം രജിസ്റ്റർ പരിശോധിച്ചതിൽ ലൈഫ് പദ്ധതിയിൽ ഉൾപ്പെട്ട ചുവടെ കൊടുക്കുന്ന ഗുണഭോക്താക്കൾ ഗ്രാമ പഞ്ചായത്ത് പദ്ധതിയിൽ ഉൾപ്പെടുത്തി ഭവന നിർമ്മാണം ആരംഭിച്ച് ആനുകൂല്യം കൈപ്പറ്റിയിട്ടുണ്ടെങ്കിലും ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഗുണഭോക്താവിന്റെ പേര് | വാർഡ് നമ്പർ | ആകെ കൈപ്പറ്റിയതുക | കരാർ വെച്ച തിയ്യതി |
|---|---|---|---|
| ശ്രീമതി.ഷീബ | 4 | 40,000 | 7.11.2018 |
| ശ്രീമതി.സ്മിത | 4 | 3,40,000 | 22.1.21 |
| ശ്രീമതി.സൌമ്യ | 9 | 3,00,000 | 6.2.21 |
| ശ്രീ.ചന്ദ്രൻ | 10 | 3,00,000 | 19.2.21 |

മേൽ ഗുണഭോക്താക്കളുടെ ഭവന നിർമ്മാണം പൂർത്തീകരിക്കാത്തതിന് വിശദീകരണം ലഭ്യമാക്കേണ്ടതും. തുടർ നടപടികൾ സ്വീകരിച്ച് അറിയിക്കേണ്ടതുമാണ്.

## 1-29 അഗതി രഹിത കേരളം പദ്ധതി നടപ്പിലാക്കുന്നതിൽ വീഴ്ച

അഗതി രഹിത കേരളം പദ്ധതിയിൽ ഗ്രാമ പഞ്ചായത്തിൽ നിലവിൽ 86 ഗുണഭോക്താക്കൾ ഉണ്ട്. ഗ്രാമ പഞ്ചായത്ത് തയ്യാറാക്കിയ അതിദാരിദ്ര്യ ലിസ്റ്റിൽ 52 ഗുണഭോക്താക്കൾ ഉണ്ട്. അതീവ പ്രാധാന്യത്തോടെ നടപ്പിലാക്കേണ്ട മേൽ പദ്ധതിയിൽ ഉൾപ്പെട്ട ഗുണഭോക്താക്കൾക്ക് വേണ്ടിയുള്ള പദ്ധതികൾ നടപ്പിലാക്കുന്നതിൽ താഴെ പറയുന്ന പ്രകാരം വീഴ്ചകൾ ഉണ്ടായിട്ടുണ്ട്.

1) ആശ്രയ ഗുണഭോക്താക്കൾക്ക് വീട് നിർമ്മിച്ചു നൽകിയില്ല.

2017-18 വർഷത്തിൽ നിലവിൽ വന്ന ആശ്രയ പദ്ധതിയിൽ ഉൾപ്പെട്ട വീട് ആവശ്യമുള്ള താഴെ പറയുന്ന ഗുണഭോക്താക്കൾക്ക് നാളിതുവരെ വീട് നിർമ്മിക്കുന്നതിന് പദ്ധതി നടപ്പിലാക്കിയിട്ടില്ല വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ഗുണഭോക്താവ് | വാർഡ് |
|---|---|---|
| 1 | ശ്രീമതി.ലീല മഠത്തുംതറ | 14 |
| 2 | ശ്രീമതി.രാധ<br>ചങ്ങരം കണ്ടി | 9 |
| 3 | ശ്രീമതി. മാതു<br>ചെറിയ പുത്തൻപുരയിൽ | 11 |
| 4 | ശ്രീമതി.നാരായണി<br>വലിയപറമ്പത്ത് | 9 |
| 5 | ശ്രീമതി.രുക്മിണി പൂളക്കണ്ടി | 9 |

| | | |
|---|---|---|
| 6 | ശ്രീമതി.സോമൻ നിട്ടുകുന്നുമ്മൽ | 9 |
| 7 | ശ്രീമതി.മാതു കുറ്റിയിൽ പറമ്പത്ത് | 13 |
| 8 | ശ്രീമതി.മാതു ഓണിയിൽ | 9 |

വീട് ആവശ്യമുള്ള ലിസ്റ്റിൽ ഉൾപ്പെട്ട 10 ഗുണഭോക്താക്കൾ ആനുകൂല്യം ലഭിക്കാതെ മരണപ്പെട്ട സാഹചര്യവും വീടില്ലാതെ ബന്ധുക്കളോടൊപ്പം താമസിക്കുന്ന ഗുണഭോക്താക്കൾ ലിസ്റ്റിൽ ഉണ്ട് എന്ന സാഹചര്യവും നിലവിലുണ്ട്. അതിദാരിദ്ര്യർക്കുള്ള ലിസ്റ്റിൽ ഉൾപ്പെട്ട വീട് ആവശ്യമുള്ള 17 ഗുണഭോക്താക്കളിൽ 9 പേർ മാത്രമാണ് പദ്ധതിയ്ക്കായി കരാർ വച്ചിട്ടുള്ളത്.

വീട് പുനരുദ്ധാരണം ആവശ്യമുള്ള അഗതിരഹിത കേരളം പദ്ധതി ലിസ്റ്റിൽ 12 ഗുണഭോക്താക്കൾ ഉണ്ട്. വി.ഇ.ഒ നിർവ്വഹണ ഉദ്യോഗസ്ഥനായി 117/23 നമ്പർ പ്രോജക്ട് പ്രകാരം വീട് പുനരുദ്ധാരണത്തിനായി 1,00,000/-രൂപ വകയിരുത്തി പദ്ധതി രൂപീകരിച്ചെങ്കിലും പദ്ധതി നടപ്പിലാക്കിയിട്ടില്ല.

അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ് .

**1-30 ഭിന്ന ശേഷി സ്കോളർഷിപ്പ് - ഗുണഭോക്താവിന്റെ അക്കൗണ്ടിൽ തുക എത്തിയില്ല**

ഐ.സി.ഡി.എസ് സൂപ്പർവൈസർ നിർവ്വഹണം നടത്തിയ ഭിന്നശേഷി വിഭാഗത്തിലുള്ളവർക്ക് സ്കോളർഷിപ്പ്, യാത്ര ബത്ത എന്നിവ നൽകുന്നതിനുള്ള പദ്ധതിയിൽ (51/23) താഴെ കാണിക്കുന്ന ബില്ലുകൾ പ്രകാരം ട്രഷറിയിൽ നിന്ന് 28,500/- രൂപ ഗുണഭോക്താവിന്റെ അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്തിട്ടുണ്ട്.

| ബിൽ നമ്പർ | തിയ്യതി | തുക |
|---|---|---|
| 96 | 29.11.22 | 6000 |
| 59 | 5.9.22 | 13500 |
| 155 | 6.2.23 | 3600 |
| 156 | 6.2.23 | 2550 |
| 160 | 9.2.23 | 2850 |

ഗുണഭോക്താവായ ശ്രീമതി.റിഫ ഫാത്തിമ എന്ന ഗുണഭോക്താവിന്റെ അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്തതായി സ്റ്റേറ്റ്മെന്റിൽ കാണിച്ചിട്ടുണ്ട്. പഞ്ചായത്തിലെ വാർഷിക കണക്ക് പ്രകാരവും ഈ തുക ചെലവായതായാണ് കാണിച്ചിട്ടുള്ളത്. എന്നാൽ ബിൽ പെയ്മെന്റ് സ്റ്റാറ്റസ് പരിശോധിച്ചതിൽ തുക ടിയാന്റെ അക്കൗണ്ടിലേക്ക് ക്രഡിറ്റായിട്ടില്ല എന്നു കാണുന്നു. ബിൽ പെയ്മെന്റ് സ്റ്റാറ്റസ് NULL എന്നാണ് കാണിക്കുന്നത്. ഗുണഭോക്താവിന്റെ ബാങ്ക് ഓഫ് ബറോഡയിലെ 68820100003326 നമ്പർ അക്കൗണ്ടിലേക്ക് തുക നൽകിയപ്പോൾ ഐ.എഫ്.എസ്.സി കോഡ് തെറ്റിയതിനാലാണ് തുക ക്രെഡിറ്റാകാതിരുന്നത് എന്ന് നിർവ്വഹണ ഉദ്യോഗസ്ഥ അറിയിച്ചു. തുക നൽകിയ ശേഷം ഗുണഭോക്താക്കൾക്ക് ആയത് യഥാസമയം ലഭിക്കുന്നുണ്ടോ എന്നത് പരിശോധിച്ച് ഉറപ്പു വരുത്താൻ നിർവ്വഹണ ഉദ്യോഗസ്ഥ നടപടികൾ സ്വീകരിച്ചിട്ടില്ല. പദ്ധതികൾ നടപ്പാക്കിയ ശേഷം ശരിയായി മോണിറ്ററിംഗ് നടത്താത്തതിനാൽ 2022-23 വർഷത്തിൽ ലഭിക്കേണ്ടിയിരുന്ന സ്കോളർഷിപ്പ്

ഗുണഭോക്താവിന് നഷ്ടപ്പെടുത്തിയതിന് വിശദീകരണം ലഭ്യമാക്കേണ്ടതും അപാകതകൾ പരിഹരിച്ച് രേഖകൾ സഹിതം വിവരം അറിയിക്കേണ്ടതുമാണ്.

**1-31 വയോജനങ്ങൾക്ക് കട്ടിൽ - പദ്ധതി നടത്തിപ്പിലെ അപാകതകൾ**

നിർവ്വഹണ ഉദ്യോഗസ്ഥൻ - ഐ.സി.ഡി.എസ് സൂപ്പർവൈസർ

പദ്ധതി – 50/23

ചെലവ് തുക - 8,29,012/- (647833 വികസന ഫണ്ട്, 181179-CFC)

ബിൽ നമ്പർ - 241/22.3.23,262/28.3.23,286/30.3.23

60 വയസ്സ് കഴിഞ്ഞ വയോജനങ്ങൾക്ക് കട്ടിൽ ലഭ്യമാക്കുന്നതിനാണ് പദ്ധതി നടപ്പിലാക്കിയത്. പദ്ധതി പ്രകാരം സിഡ്കോയിൽനിന്ന് 225 കട്ടിലുകൾ വാങ്ങി ഗുണഭോക്താക്കൾക്ക് വിതരണം ചെയ്തിട്ടുണ്ട്. പദ്ധതി നടത്തിപ്പിലെ അപാകതകൾ ചുവടെ ചേർക്കുന്നു.

1) പദ്ധതി നടത്തിപ്പിൽ മാർഗ്ഗരേഖ പ്രകാരമുള്ള നിർദ്ദേശം പാലിച്ചില്ല.

19.4.22 ലെ സ.ഉ(കൈ)84/22/lsgd നമ്പർ ഉത്തരവ് പ്രകാരമമുള്ള പദ്ധതി മാർഗ്ഗ രേഖ ഖണ്ഡിക 07.01.14.2 പ്രകാരം നിരാലംബരായ 60 വയസ്സ് കഴിഞ്ഞ വയോജനങ്ങൾക്കും ശയ്യാവലംബരായ രോഗികൾക്കും കട്ടിൽ വാങ്ങി നൽകുന്നതിനാണ് പദ്ധതി നടപ്പിലാക്കേണ്ടത്. എന്നാൽ ഗ്രാമ പഞ്ചായത്ത് പദ്ധതി നടപ്പിലാക്കിയിട്ടുള്ളത് ഇത്തരത്തിൽ അർഹത പരിശോധിച്ചല്ല. 60 വയസ്സ് കഴിഞ്ഞ ഗുണഭോക്താക്കൾക്ക് വയസ്സ് തെളിയിക്കുന്നതിന് ആധാർ കാർഡ്, റേഷൻ കാർഡ് എന്നീ രേഖകൾ പരിശോധിച്ചാണ് ആനുകൂല്യം നൽകിയിട്ടുള്ളത്.

**2)ടെണ്ടർ നടപടികൾ കൂടാതെ വാങ്ങാൻ അനുമതിയില്ലാത്ത സാധനങ്ങൾ വാങ്ങി**

സ്റ്റോർ പർച്ചേസ് ഡിപ്പാർട്ട്മെന്റിന്റെ 21.3.21 ലെ ജി.ഓ (ആർ.ടി)10/2021/SPD നമ്പർ ഉത്തരവ് പ്രകാരം സിഡ്കോയിൽ നിന്നും ടെണ്ടർ കൂടാതെ നേരിട്ട് സാധനങ്ങൾ വാങ്ങാൻ അനുവാദം ലഭിച്ചിട്ടുണ്ട്. ജി.ഓ (ആർ.ടി) 97/22/SPD നമ്പർ ഉത്തരവ് പ്രകാരം തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്ക് ടെണ്ടർ കൂടാതെ സിഡ്കോയിൽ നിന്നും നേരിട്ട് വാങ്ങാൻ അനുമതിയുള്ള സാധനങ്ങളുടെ അനുബന്ധ ലിസ്റ്റിൽ ഉൾപ്പെട്ട സാധനമായിരിക്കണം വാങ്ങേണ്ടത് എന്ന നിബന്ധനയിലാണ് സ്റ്റോർ പർച്ചേസ് ഡിപ്പാർട്ട്മെന്റ് സിഡ്കോയ്ക്ക് അനുമതി നൽകിയിട്ടുള്ളത്. എന്നാൽ ബില്ലുകൾ പരിശോധിച്ചതിൽ അപ്രകാരം പുതുക്കി നൽകിയ ഉത്തരവിന്റെ അനുബന്ധ ലിസ്റ്റിൽ ഉൾപ്പെടാത്ത ഇനത്തിലും വിലയിലുമുള്ള കട്ടിലുകളാണ് പദ്ധതിയിൽ വാങ്ങിയിട്ടുള്ളത്. അനുമതി നൽകാത്ത ലിസ്റ്റിലുള്ള സാധനങ്ങൾ നേരിട്ട് വാങ്ങിയത് ക്രമ പ്രകാരമല്ല.

**3) പദ്ധതി ഗുണഭോക്താക്കളെ തെരഞ്ഞെടുത്തതിലെ അപാകത**

വാങ്ങിയ കട്ടിൽ വിതരണം ചെയ്യുന്നതിന് ഗുണഭോക്താക്കളെ വാർഡ് അടിസ്ഥാനത്തിൽ വീതം വെച്ചാണ് തിരഞ്ഞെടുത്തിട്ടുള്ളത്. എന്നാൽ ഗ്രാമ പഞ്ചായത്ത് തലത്തിൽ അർഹതയ്ക്ക് ആനുപാതികമായാണ് ഗുണഭോക്തൃ ലിസ്റ്റ് തയ്യാറാക്കേണ്ടതും ആനുകൂല്യങ്ങൾ നൽകേണ്ടതും. ഓരോ വാർഡിലും ലഭിച്ച അപേക്ഷകളുടെ എണ്ണത്തിന് ആനുപാതികമായി 225 കട്ടിലുകൾ 16 വാർഡുകളിൽ വിതരണം ചെയ്യുകയാണ് ചെയ്തത്.

അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

**1-32 അങ്കണവാടികളിൽ വാണിജ്യാവശ്യത്തിനുള്ള ഗ്യാസ് കണക്ഷൻ - പഞ്ചായത്തിന് അധിക ചെലവ്**

ഐ.സി.ഡി.എസ് സൂപ്പർവൈസർ നിർവ്വഹണ ഉദ്യോഗസ്ഥയായി ഗ്രാമ പഞ്ചായത്തിലെ 25 അങ്കണവാടികളിൽ അനുപൂരക പോഷകാഹാര വിതരണത്തിനായി 30,74,880/- രൂപ ചെലവഴിച്ച് പദ്ധതി നടപ്പിലാക്കിയിട്ടുണ്ട് (7/23). ഇതിലെ ബില്ലുകളിലെ അങ്കണവാടികളിലെ പാചകവാതക ചെലവു

വിശദാംശം പരിശോധിച്ചതിൽ 3 അങ്കണവാടികൾ ഒഴികെ 22 അങ്കണവാടികളിലും വാണിജ്യാവശ്യത്തിനുള്ള ഗ്യാസ് കണക്ഷനാണുള്ളതെന്ന് കാണുന്നു. ഈയിനത്തിൽ വലിയൊരു തുകയാണ് ഓരോ വർഷവും ചെലവഴിക്കുന്നത്. 3 അങ്കണവാടികളിലെ ബില്ലുകളിൽ ഗ്യാസ് സിലിണ്ടറിന് യഥാക്രമം അനുവദിക്കുന്നത് 1,103/- രൂപയാണെങ്കിൽ വാണിജ്യ സിലിണ്ടറുകളുള്ള അങ്കണവാടികളിൽ 2,109/- രൂപ ചെലവാകുന്നുണ്ട്. ഗ്യാസിന്റെ അളവിൽ കുറഞ്ഞ വർദ്ധനവ് ഉണ്ടെങ്കിലും വളരെ കൂടിയ നിരക്കാണ് ഈ സിലിണ്ടറുകൾക്ക് ചെലവാകുന്നത്. ലാഭേച്ഛയില്ലാതെ തികച്ചും സേവനാടിസ്ഥാനത്തിൽ പ്രവർത്തിക്കുന്ന അങ്കണവാടികളിൽ ഗാർഹിക നിരക്കിലുള്ള സിലിണ്ടറിനായി അപേക്ഷ നൽകുകയോ, ആയത് ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിക്കുകയോ ചെയ്തിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശം അറിയിക്കേണ്ടതും അപാകതകൾ പരിഹരിച്ച് രേഖകൾ സഹിതം വിവരം അറിയിക്കേണ്ടതുമാണ്.

**1-33 മുൻകൂറുകൾ ക്രമീകരിക്കുന്നതിൽ വീഴ്ച**

ഗ്രാമ പഞ്ചായത്തിലെ അഡ്വാൻസ് രജിസ്റ്റർ പരിശോധിച്ചതിൽ ഗ്രാമ പഞ്ചായത്ത് വർഷങ്ങളായി വിവിധ ആവശ്യങ്ങൾക്കായി നൽകിയ അഡ്വാൻസ് തുകകൾ ക്രമീകരിച്ചിട്ടില്ല. ആയതിന്റെ വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

| അഡ്വാൻസ് ഇനം | ഗുണഭോക്താവ് | വർഷം | തുക |
|---|---|---|---|
| ഉത്സവബത്ത | ശ്രീ.സതീഷ് കുമാർ.കെ സീനിയർ ക്ലാർക്ക് | 2014-15 | 6000 |
| | ശ്രീ.രാജീവൻ.വി.എം | 22-23 | 8000 |
| ബിറ്റുമൻ ബാരൽ ഇറക്ക് കൂലി | വിവിധ കരാറുകാർ | 17-18 | 27018 |
| മഴക്കാല പൂർവ്വ ശുചീകരണം | മെഡിക്കൽ ഓഫീസർ | 17-18 | 160000 |
| | | 22-23 | 160000 |
| പോളിയോ നിർമ്മാർജനം | മെഡിക്കൽ ഓഫീസർ | 17-18 | 10000 |
| ലൈഫ് പദ്ധതി | വി.ഇ.ഓ | 18-19 | 160000 |
| അംഗണവാടി പാൽ വിതരണം | ഐസിഡിഎസ് സൂപ്പർവൈസർ | 22-23 | 9280 |

| | | | |
|---|---|---|---|
| ഓണറേറിയം | സാക്ഷരതാ പ്രേരക് | 20-21,21-22 | 33120 |
| യാത്രാ ബത്ത | പ്രസിഡണ്ടുമാർ | 17-18,18-19 | 6000 |
| തൊഴിലുറപ്പ് പദ്ധതി | തൊഴിലുറപ്പ് പദ്ധതി അക്കൌണ്ട് | 19-20,20-2121-22,22-23 | 1538812 |

അഡ്വാൻസുകൾ ക്രമീകരിക്കാത്തതിന് വിശദീകരണം ലഭ്യമാക്കേണ്ടതും അഡ്വാൻസ് നൽകിയ തുകകൾ കാലാവധി കഴിഞ്ഞവ പലിശ നിരക്കിൽ തിരികെ ഈടാക്കി/ക്രമീകരിച്ച് രേഖകൾ സഹിതം വിവരം അറിയിക്കേണ്ടതുമാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 എം ബുക്കിൽ അധിക അളവ് രേഖപ്പെടുത്തി തുക അനുവദിച്ചു.

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ കുഴിപ്പാട്ട് ഇരുളാൻ കുടിവെള്ള പദ്ധതിയുടെ എം ബുക്ക് പ്രകാരം കിണർ നിർമ്മാണത്തിന്റെ ഖനനത്തിനുള്ള (2.6.1 DAR ) ഇനം യഥാർത്ഥത്തിൽ നിർവ്വഹിച്ചതിനേക്കാൾ അധികരിച്ച അളവിൽ എം ബുക്കിൽ രേഖപ്പെടുത്തി തുക അനുവദിച്ചിട്ടുണ്ട്. വിശദാംശം ചുവടെ ചേർക്കുന്നു.

| | |
|---|---|
| പ്രൊ.നം, പേര് | 6/23, കുഴിപ്പാട്ട് ഇരുളാൻ കുടിവെള്ള പദ്ധതി |
| നിർവ്വഹണം | അസിസ്റ്റന്റ് എഞ്ചിനീയർ |
| അടങ്കൽ | 2198900 |
| ചെലവ് | 1423122 |
| ബിൽ വിശദാംശം | 150/ 31-01-2023 |
| കരാറുകാരൻ | ശ്രീ.വിപിൻ ലാൽ ചന്ദ്രൻ. |
| കരാർ നമ്പർ | 16/2022-23/AE-LSGD/KYK Dt.22.12.2022 |
| ഫയൽ നമ്പർ | 69745/2022 |
| എം ബുക്ക് നം | 69745/2022 |

5.9 മീറ്റർ വ്യാസത്തിലും 5.6 മീറ്റർ ആഴത്തിലും കിണർ കുഴിക്കുന്നതിന് ആകെ 153.025 ഘനമീറ്ററിൽ ഖനനം നടത്തുന്നതിന് എസ്റ്റിമേറ്റ് തയ്യാറാക്കിയതിൽ ഇതേ അളവിൽ പ്രവൃത്തി നിർവ്വഹിച്ചതായി 22.03.2023 തിയ്യതിയിൽ എം ബുക്കിൽ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ഒന്നര മീറ്ററിൽ അധികരിച്ച അഡീഷണൽ ലിഫ്റ്റിനുള്ള 2.26.1 എന്ന ഇനം പ്രകാരം ( എസ്റ്റിമേറ്റ് ക്രമ നം- 2 ) 1.5 മീറ്റർ ലിഫ്റ്റ്

ചെയ്തിട്ടുണ്ട്. ആയതിൽ നിന്നും ആകെ 3 മീറ്ററിൽ മാത്രമെ ഖനനം നടന്നിട്ടുള്ളൂ എന്നത് വ്യക്തമാകുന്നു. ഫയലിൽ സൂക്ഷിച്ചിട്ടുള്ള ഗുണഭോക്തൃ കമ്മിറ്റി മിനുട്സിൽ നിന്നും പാറ കണ്ടതിനാൽ ഖനന പ്രവൃത്തികൾ പൂർത്തീകരിക്കാനായിട്ടില്ലെന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. 07.11.2023 തിയ്യതിയിൽ സ്ഥല പരിശോധന നടത്തിയതിൽ നിന്നും ഖനന പ്രവൃത്തി എസ്റ്റിമേറ്റിൽ ആസൂത്രണം ചെയ്ത പ്രകാരം പൂർണ്ണമായും വിനിയോഗിച്ചിട്ടില്ലെന്ന് വ്യക്തമായിട്ടുണ്ട്. എന്നാൽ വെള്ളം നിറഞ്ഞ് നിൽക്കുന്നത് കാരണം ഖനനത്തിന്റെ ആഴം സ്ഥല പരിശോധനയിൽ തിട്ടപ്പെടുത്താനായിട്ടില്ല. അപാകത മൂലം കരാറുകാരന് അധിക തുക നൽകപ്പെട്ടിട്ടുണ്ട്. വിശദാംശം ചുവടെ ചേർക്കുന്നു.

| എം ബുക്ക് പ്രകാരം ഖനനത്തിനായി 2.6.1 ൽ നിർവ്വഹിച്ച അളവ് | യഥാർത്ഥത്തിൽ ഖനന പ്രവൃത്തി നിർവ്വഹിച്ച അളവ് | അധികം നിർവ്വഹിച്ചതായി രേഖപ്പെടുത്തിയ അളവ് | അധികം നൽകിയ തുക (18% GST ഉൾപ്പെടെ ) |
|---|---|---|---|
| .785x5.9x5.9x5.6= 153.025 | .785x5.9x5.9x3= 81.978 | 71.05 | 71.05x196x1.18=16432 |

2.6.1 എന്ന ഇനം പ്രകാരം 196/- രൂപ നിരക്കിലാണ് കരാറുകാരന് 16,432/- രൂപ അധികം അനുവദിച്ചിട്ടുള്ളത്. അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

**3-2 ഖനന പ്രവൃത്തികൾക്ക് ഉയർന്ന നിരക്കിലുള്ള ഇനങ്ങൾ ഉപയോഗപ്പെടുത്തുന്നു.**

ഡ്രെയിനേജ് നിർമ്മാണം, റോഡ് നിർമ്മാണം എന്നിവയുടെ ഭാഗമായുള്ള മണ്ണ് ഖനന പ്രവർത്തികൾക്ക് സൈറ്റ് സാഹചര്യം , ഖനനത്തിന്റെ ആഴം എന്നിവ പരിഗണിക്കാതെ ഉയർന്ന നിരക്കിലുള്ള 11.1.1.1 എന്ന ഇനം ഉപയോഗപ്പെടുത്തിയത് മൂലം പഞ്ചായത്ത് ഫണ്ടിന് നഷ്ടമുണ്ടായിട്ടുണ്ട്. Setting Out Construction Of Shoring And Bracing എന്നിവ അനിവാര്യമാകുന്ന സാഹചര്യങ്ങളിൽ ഉപയോഗിക്കുന്ന പ്രസ്തുത ഇനം പരമാവധി **90 Cm** മാത്രം ആഴമുള്ള ഖനനങ്ങൾക്കായി ഉപയോഗിക്കുന്നതായി കാണുന്നു. മോർഡ് സ്പെസിഫിക്കേഷനിലാണ് എസ്റ്റിമേറ്റുകൾ തയ്യാറാക്കിയിട്ടുള്ളത്.

82/23, ചീളിയിൽ താഴെ പൂളത്തറ റോഡ് എന്ന പദ്ധതിയുടെ എസ്റ്റിമേറ്റിൽ ഓടയുടെ ഖനനത്തിനായി 11.1.1.1 പ്രകാരം കരാറുകാരന്റെ നിരക്കായ 750.44 രൂപ നിരക്കിൽ 11.16 ഘനമീറ്ററിന് ജി.എസ്.ടി ഉൾപ്പെടെ 9,882.4 രൂപ അനുവദിച്ചിട്ടുണ്ട്. 3.5.1 (Mord) എന്ന ഇനം ഉൾപ്പെടുത്തി 228.52 രൂപ നിരക്കിൽ പ്രവൃത്തി നിർവ്വഹിച്ചിരുന്നുവെങ്കിൽ 3,009.3 രൂപ നിരക്കിൽ പ്രസ്തുത പ്രവൃത്തി നിർവ്വഹിക്കാമായിരുന്നു. 6,873.1 രൂപ അധികം ചെലവഴിച്ചതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

Est 5.5x2x.9= 9.9

| | |
|---|---|
| പ്രൊ.നം, പേര് | 82/23, ചീളിയിൽ താഴെ പൂളത്തറ റോഡ് |
| നിർവ്വഹണം | അസിസ്റ്റന്റ് എഞ്ചിനീയർ |
| അടങ്കൽ | 4,50,000 |
| ചെലവ് | 4,49,932 |
| ബിൽ വിശദാംശം | 195/ 09-03-2023 |
| കരാറുകാരൻ | ശ്രീ.റഫീഖ്.കെ.പി. |

| | |
|---|---|
| കരാർ നമ്പർ | 22/2022-23/AE-LSGD/KYK Dt.29.12.2022 |
| ഫയൽ നമ്പർ | 22127/2022 |
| എം ബുക്ക് നം | 22127/2022 |
| പദ്ധതി പ്രകാരം ഖനന പ്രവൃത്തികൾക്ക് ഉപയോഗിച്ച ഇനം, നിരക്ക് | 11.1.1.1, 750.44 |
| ഖനന പ്രവൃത്തിയുടെ അളവ്, ആഴം | 11.16, 90 CM |
| കരാറുകാരൻ ക്വാട്ട് ചെയ്ത നിരക്ക് | 750.44 |
| കരാറുകാരന് 11.1.1.1 പ്രകാരം അനുവദിച്ച തുക (GST ഉൾപ്പെടെ) | 9882.39 |
| 3.5.1 പ്രകാരം പ്രവൃത്തി നിർവ്വഹിച്ചിരുന്നെങ്കിൽ നൽകേണ്ടിയിരുന്ന തുക | 4,630.80 |
| പഞ്ചായത്ത് ഫണ്ടിനുണ്ടായ നഷ്ടം | 5,252 |

അപാകതകൾ മൂലം 5,252/- രൂപയാണ് പഞ്ചായത്ത് ഫണ്ടിന് നഷ്ടമുണ്ടായിട്ടുള്ളത്. അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുന്നതിനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പിന് സ്ഥാപനം മറുപടി ലഭ്യമാക്കിയിട്ടില്ല. സമാനമായ സൈറ്റ് സാഹചര്യങ്ങളിലും ഖനന പ്രവൃത്തികൾക്ക് വ്യത്യസ്ത ഇനങ്ങൾ ഉപയോഗപ്പെടുത്തുന്നതിന് വിശദീകരണം ലഭ്യമാക്കേണ്ടതും പഞ്ചായത്ത് ഫണ്ടിനുണ്ടായ നഷ്ടം ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കി അറിയിക്കേണ്ടതുമാണ്.

**3-3 ഇന്റർ ലോക്കിംഗ് പ്രവൃത്തികൾക്ക് അധിക അളവിൽ ഖനന പ്രവൃത്തി നിർവ്വഹിച്ചു.**

| | |
|---|---|
| പ്രൊ.നം, പേര് | 27/23, കുടുംബാരോഗ്യ കേന്ദ്രം കെട്ടിടം നവീകരണം |
| നിർവ്വഹണം | അസിസ്റ്റന്റ് എഞ്ചിനീയർ |
| അടങ്കൽ | 6,25,647 |
| ചെലവ് | 4,17,317 |
| ബിൽ വിശദാംശം | 238/ 22-03-2023 |
| കരാറുകാരൻ | ശ്രീ.വിൽസൺ തോമസ്. |
| കരാർ നമ്പർ | 21/2020-21/AE-LSGD/KYKD Dt.24.11.2021 |
| എസ്റ്റിമേറ്റ് നമ്പർ | 2021/73887 |
| എം ബുക്ക് നം | 184,193/2021-22 |

അസിസ്റ്റന്റ് എഞ്ചിനീയർ നിർവഹണം നടത്തിയ കുടുംബാരോഗ്യകേന്ദ്രം കെട്ടിട നവീകരണം എന്ന പ്രവൃത്തിയുടെ ഭാഗമായി ഇന്റർ ലോക്കിംഗ് , ട്രസ്സ് വർക് പ്രവൃത്തികൾ നിർവ്വഹിച്ചിട്ടുണ്ട്. ഇന്റർലോക്കിംഗ് പ്രവൃത്തിയുടെ ഭാഗമായി എസ്റ്റിമേറ്റിലെ രണ്ടാമത്തെ ഇനമായി 2.1.1 പ്രകാരം 400 ച.മീ വിസ്തൃതിയിൽ ഖനന പ്രവൃത്തി ആസൂത്രണം ചെയ്ത് അതേ അളവിൽ പ്രവൃത്തി നിർവ്വഹിച്ചിട്ടുണ്ട്. എസ്റ്റിമേറ്റിലെ ഇരുപതാമത്തെ ഇനമായി 16.68 പ്രകാരം 439.25 ച.മീ വിസ്തൃതിയിൽ ഇന്റർലോക്കിംഗ്

ആസൂത്രണം ചെയ്ത് 371 ച.മീ വിസ്തൃതിയിൽ നിർവ്വഹിച്ചിട്ടുണ്ട്. ഇന്റർ ലോക്കിംഗ് പ്രവൃത്തി നിർവ്വഹിച്ച പ്രതലത്തിൽ അധികരിച്ച് ഖനന പ്രവൃത്തി നിർവ്വഹിക്കേണ്ട കാരണം വ്യക്തമാക്കപ്പെട്ടിട്ടില്ല. ട്രസ്സ് വർക്കിന്റെ ഭാഗമായുള്ള ഖനന പ്രവൃത്തികൾ നിർവ്വഹിക്കുന്നതിന് 2.8.1 പ്രകാരമുള്ള ഇനം ഉൾപ്പെടുത്തിയും പുല്ലുകളും കുറ്റിചെടികളും നീക്കം ചെയ്യുന്നതിനുള്ള ഇനങ്ങളും എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തി നിർവ്വഹിച്ചതിന് പുറമെയാണ് 400 ച.മീ വിസ്തൃതിയിൽ ഖനന പ്രവൃത്തി നിർവ്വഹിച്ചിട്ടുള്ളത്. 29 ച.മീ വിസ്തൃതിയിൽ അധിക ഖനന പ്രവൃത്തി നിർവ്വഹിച്ചതിന് വിശദീകരണം ലഭ്യമാക്കുന്നതിനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പിന് മറുപടി ലഭ്യമാക്കിയിട്ടില്ല. 29 ച.മീ വിസ്തൃതിക്ക് 70.5 രൂപ നിരക്കിൽ ജി.എസ്.ടി ഉൾപ്പെടെ ആകെ 2,290/- രൂപ കരാറുകാരന് അധികം അനുവദിച്ചിട്ടുണ്ട്. ഗ്രാമപഞ്ചായത്ത് ഫണ്ടിനുണ്ടായിട്ടുള്ള അധിക ചെലവ് ഉത്തരവാദിയായ നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കി അറിയിക്കേണ്ടതാണ്.

## 3-4 സുഫലം - വിഷരഹിത ഫലം - മുഴുവൻ തൈകളും വിതരണം ചെയ്തില്ല

| | |
|---|---|
| പ്രോജക്ട് നമ്പർ /പേര് | 20/23 (സുഫലം - വിഷരഹിത ഫലം) |
| പദ്ധതി അടങ്കൽ | 4,80,000/- (വികസന ഫണ്ട്) |
| ചെലവ് | 4,80,000/- |
| ബിൽ നമ്പർ/ തിയ്യതി | 21/28.5.2022 |
| നിർവ്വഹണം | കൃഷി ഓഫീസർ |

മേൽ പ്രോജക്ട് പ്രകാരം അഗ്രോ സർവീസ് സെന്റർ, ചാത്തങ്കോട് നട എന്ന സ്ഥാപനത്തിൽ നിന്നും ഫല വൃക്ഷ തൈ കിറ്റുകൾ 1200 എണ്ണം കിറ്റ് ഒന്നിന് 400/- രൂപ തോതിൽ വാങ്ങിയതിന് 4,80,000/-രൂപ ചെലവ് വന്നിട്ടുണ്ട്. എന്നാൽ ഫയൽ പരിശോധിച്ചതിൽ 1124 (ഒരു ഗുണഭോക്താവിന് ഒരു കിറ്റ് എന്ന തോതിൽ) ഗുണഭോക്താക്കൾ കിറ്റുകൾ കൈപ്പറ്റിയതിന്റെ രേഖകൾ മാത്രമാണ് ഓഡിറ്റിന് ലഭിച്ചത്. 76 കിറ്റുകളുടെ വിശദാംശങ്ങൾ കൂടി ഓഡിറ്റിന് ഹാജരാക്കാൻ ആവശ്യപ്പെട്ടുകൊണ്ട് 6.11.2023 ന് നൽകിയ 60ം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ഹാജരാക്കിയിട്ടില്ല. മറുപടി ഹാജരാക്കാത്തതിനാൽ 76 കിറ്റുകൾക്ക് 400 രൂപ തോതിൽ ചെലവഴിച്ച 30,400/- രൂപയുടെ ചെലവ് ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. ആയത് ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കി അറിയിക്കേണ്ടതാണ്.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ | സർട്ടിഫിക്കറ്റ് |
|---|---|---|

| | പരിശോധിച്ച തീയതി | നമ്പർ/തീയതി |
|---|---|---|
| 2022-23 | 02.11.2023 - 09.11.2023 | ഈ റിപ്പോർട്ടിന്റെ അനുബന്ധമായി പുറപ്പെടുവിച്ചു. |

## 4-2 സംയുക്ത പ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | 2022-23 | 950000 | അംഗനവാടി കെട്ടിട നിർമ്മാണം | 950000 | 0 |
| | 2022-23 | 440000 | ലൈഫ് ഭവനപദ്ധതി (പൊതു വിഭാഗം) | 440000 | 0 |
| | 2022-23 | 99987 | ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി | 99987 | 0 |
| | 2022-23 | 108760 | ഭിന്ന ശേഷി സ്കോളർഷിപ്പ് | 108760 | 0 |
| | 2022-23 | 120000 | ലൈഫ് ഭവനപദ്ധതി (എസ്.സി) | 120000 | 0 |
| | 2022-23 | 49487 | കാലിത്തീറ്റ സബ്സിഡി | 49487 | 0 |
| | ആകെ | 1768234 | | 1768234 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2022-23 | 194470 | കായക്കുന്ന് കുടിവെള്ള പദ്ധതി | 194470 | 0 |
| | 2022-23 | 600000 | കരിങ്ങാട് മുണ്ടിയോട് കുടിവെള്ള പദ്ധതി | 600000 | 0 |
| | 2022-23 | 100000 | ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി | 100000 | 0 |

| | | | | | |
|---|---|---|---|---|---|
| | 2022-23 | 99913 | പാലിയേറ്റീവ് പരിചരണം | 99913 | 0 |
| | 2022-23 | 200000 | ലൈഫ് ഭവന പദ്ധതി (എസ്.സി) | 200000 | 0 |
| | 2022-23 | 473230 | ഭിന്ന ശേഷി സ്കോളർഷിപ്പ് | 473230 | 0 |
| | 2022-23 | 450000 | അംഗനവാടി കെട്ടിട നിർമ്മാണം | 450000 | 0 |
| | ആകെ | 2117613 | | 2117613 | 0 |

## 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷം ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടില്ല.

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

| ക്രമ നം: | കൺവീനറുടെ പേര് | പ്രവൃത്തിയുടെ പേര് | ബിൽ/വൗച്ചർ നം /ചെക്ക് നം | തുക | അഡ്ജസ്റ്റ് ചെയ്തത് | ബാക്കി |
|---|---|---|---|---|---|---|
| - ഇല്ല - | | | | | | |

## 4-5 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ് മിഷൻ ഭവന പദ്ധതി (KURDFC ലോൺ) | സ.ഉ (സാധാ) നം. 68/2018 തീ. 18/05/2018 | 0 | 19590702 | 1765347 | 0 | 17825355 |

## 4-6 സ്ഥിര നിക്ഷേപം

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 902345 |
| തൻവർഷം നിക്ഷേപിച്ച തുക | 59383 |
| ആകെ | 961728 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 0 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 961728 |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം

| നിക്ഷേപം | തുക (രൂപ) |
|---|---|
| എഫ്.ഡി (നം. 638063 തീയതി 18.04.2018)<br>കായക്കൊടി സർവ്വീസ് സഹകരണ ബാങ്ക് | 936728 |
| ഓഹരി (നം. 337 തീയതി 20.04.1999)<br>നാദാപുരം സഹകരണ ആശുപത്രി | 25000 |
| ആകെ | 961728 |

## 4-7 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ ഓഡിറ്റ് വർഷം 18,799/- രൂപ വരവുണ്ട്. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേര്/ഉദ്യോഗപ്പേര് | രസീത് നം/തീയതി |
|---|---|---|---|---|
| 2017-18 | 3-2 | 18799 | തഹസിൽദാർ | 121020300058/16.04.2022<br>121020300084/22.04.2022 |

## 4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശങ്ങൾ

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ 1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23 - വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ

അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 1998-99 | 50 | 2003-04 | 11(4) | ജല വകുപ്പിന്റെ സ്ഥലത്ത് അനുമതിയില്ലാതെ കെട്ടിടം പണിതു | കെട്ടിടം വിട്ടു കിട്ടുന്നതിന് അടിയന്തര നടപടികൾ പഞ്ചായത്ത് വകുപ്പ് സ്വീകരിച്ച് റിപ്പോർട്ട് നൽകാൻ ശുപാർശ |
| 1999-00 | 33 | 2003-04 | 11.13.1.6 | ബേക്കറി യൂണിറ്റ് പ്രവർത്തനം നടത്തിയില്ല | പ്രവർത്തനം തൃപ്തികരമാണോ എന്ന് അറിയിക്കണം |
| 1999-00 | 35 | 2003-04 | 11.13.5.2 | മൈത്രി ഭവന പദ്ധതി – ഉത്തരവാദിത്ത്വം നിറവേറ്റിയില്ല വീട് പൂർത്തിയാക്കിയത് സംബന്ധിച്ച് വിവരമില്ല | പരാമർശം തുടരുന്നു. |

| | | | | | |
|---|---|---|---|---|---|
| 2000-01 | 1 | 2004-05 | 11.1.2.5 | ബജറ്റ് അംഗീക രിച്ചില്ല. | പരാമർശം തുടരുന്നു. |
| 2003-04 | 3(3) | 2006-07 | 3.79.19.9 | മരാമത്ത് പ്രവൃത്തികൾ - നിരക്ക് അധികം നൽകുന്നത് അളവ് തെറ്റായി രേഖപ്പെടുത്തി പഞ്ചായത്തുകൾക്ക് നഷ്ടം 7770- അധികം നിരക്ക് നൽകി. | പരാമർശം തുടരുന്നു. |
| 2015-16 | 3-14<br>3-14<br>3-14 | 2016-17 | 6 എ.1.1<br>6എ.1.5<br>6എ2.1 | ആശ്രയ പദ്ധതി വീടിന് സ്ഥലം വീട് ആവശ്യ മുള്ളവർ വീട് റിപ്പയർ ആവശ്യമുള്ളവർ | പരാമർശം തുടരുന്നു. |
| 2014-15 | 2-3 | 2016-17 | അനുബന്ധം 4 | തൊഴിൽ നികുതി അപാകത | |
| 2017-18 | 3-2 | 2018-19 | | തുടങ്ങാത്ത പ്രവൃത്തിക്ക് ടാർ വിതരണം ചെയ്തു. 221269/- രൂപ നഷ്ടം | പരാമർശം തുടരുന്നു. |
| 2017-18 | 2-2 | 2018-19 | | ആഭ്യന്തര നിയന്ത്രണ സംവിധാനം – പോരായ്മകൾ പരിഹരിക്കേ | പരാമർശം തുടരുന്നു. |

| | | | | | |
|---|---|---|---|---|---|
| | | | | ണ്ടതാണ്. | |

**4-9 ചാർജ്/സർചാർജ് നടപടി വഴി ഈടാക്കിയ തുക**

-ഇല്ല-

**4-10 ഓഡിറ്റ് പ്രത്യവലോകനം**

**(എ) സംക്ഷിപ്ത വിവരം**

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 3,88,01,600 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 3,71,18,857 |
| വരവിനങ്ങളിലുള്ള നഷ്ടം | 0 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 54,374 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 16,72,634 |

**(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം**

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-1 | - | 16,432 | ശ്രീമതി. വിജുല അസിസ്റ്റന്റ് എഞ്ചിനീയർ |
| 3-2 | - | 5,252 | ശ്രീമതി. വിജുല അസിസ്റ്റന്റ് എഞ്ചിനീയർ |

| | | | |
|---|---|---|---|
| 3-3 | - | 2,290 | ശ്രീമതി. വിജില<br>അസിസ്റ്റന്റ് എഞ്ചിനീയർ |
| 3-4 | - | 30,400 | ശ്രീമതി. നസ്രീന. സി<br>കൃഷി ഓഫീസർ |

**ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക**

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-16 | 5,68,958 | ശ്രീ. രാജീവൻ. കെ<br>സെക്രട്ടറി |
| 1-17 | 3,29,724 | ശ്രീ. രാജീവൻ. കെ<br>സെക്രട്ടറി |
| 1-19 | 1,59,810 | ഡോ. സിന്നിഷ്<br>മെഡിക്കൽ ഓഫീസർ (ആയുർവേദം) |
| 1-20 | 1,53,977 | ശ്രീമതി. അമല<br>വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ |
| 1-21 | 21,963 | ശ്രീമതി. രജനി<br>ഐ.സി.ഡി.എസ് സൂപ്പർവൈസർ |

**(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റ സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം**
ഇല്ല

**(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ**
ഇല്ല

**(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും**

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|

| | | |
|---|---|---|
| ശ്രീ. രാജീവൻ കെ<br>സെക്രട്ടറി | സെക്രട്ടറി,<br>കായക്കൊടി<br>ഗ്രാമപഞ്ചായത്ത് | കാരായി വീട്,<br>പൊൻമേരി പറമ്പിൽ<br>(പി.ഒ),<br>വില്യാപ്പള്ളി |
| ഡോ. സിന്നിഷ്<br>മെഡിക്കൽ<br>ഓഫീസർ<br>(ആയുർവേദം) | മെഡിക്കൽ<br>ഓഫീസർ<br>(ആയുർവേദം),<br>ആയുർവേദം<br>ഡിസ്പെൻസറി,<br>കായക്കൊടി<br>ഗ്രാമപഞ്ചായത്ത് | ജോത്സ്ന, താനാടത്ത്<br>പറമ്പ്, കാരപ്പറമ്പ്<br>(പി.ഒ), കോഴിക്കോട് |
| ശ്രീമതി. രജനി പി<br>ഐ.സി.ഡി.എസ്<br>സൂപ്പർവൈസർ | ഐ.സി.ഡി.എസ്<br>സൂപ്പർവൈസർ,<br>കായക്കൊടി<br>ഗ്രാമപഞ്ചായത്ത് | പുതുശ്ശേരി,<br>കൂരാച്ചുണ്ട് (പി.ഒ),<br>കോഴിക്കോട് |
| ശ്രീമതി. വിജുല<br>അസിസ്റ്റന്റ്<br>എഞ്ചിനീയർ | അസിസ്റ്റന്റ്<br>എഞ്ചിനീയർ,<br>കോട്ടൂർ<br>ഗ്രാമപഞ്ചായത്ത് | മൂത്തിലേരി വീട്,<br>ഉള്ള്യേരി (പി.ഒ),<br>കോഴിക്കോട് |
| ശ്രീമതി. നസ്രീന.<br>സി<br>കൃഷി ഓഫീസർ | കൃഷി ഓഫീസർ,<br>കായക്കൊടി<br>ഗ്രാമപഞ്ചായത്ത് | ചാവോടിയിൽ,<br>വടകര, കോഴിക്കോട് |
| ശ്രീമതി. അമല<br>വില്ലേജ്<br>എക്സ്റ്റൻഷൻ<br>ഓഫീസർ | കെ.എസ്.എഫ്.ഇ | ഷാജി മന്ദിരം,<br>തറോപ്പൊയിൽ<br>(പി.ഒ),<br>ആയഞ്ചേരി |

**4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ**

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | റിമാർക്സ് |
|---|---|---|---|
| 1979-80 | എൽ.എഫ്.പി4/505/ 96/തീ.20.03.96 | 3 | |
| 1983-84 | എൽ.എഫ്.പി4/506/ 96/ തീ.20.03.96 | 4 | |
| 1984-85 | എൽ.എഫ്.പി4/529/ 96/ തീ.20.03.96 | 1 | |
| 1996-97 | കെ.എസ്എ/കെകെഡിപി6/ 1764/2017/10.05.18 | 2 | 35,36 |
| 1997-98 | കെ.എസ്എ/കെകെഡിപി6/ 1764/2017/10.05.18 | 2 | 7(3), 16 |
| 1998-99 | കെ.എസ്.എ/കെ.കെ.ഡി/ പി2/1350 (1)/2021 തീ. | 1 | 50 |

| | | | |
|---|---|---|---|
| | 12.04.2023 | | |
| 1999-00 | കെ.എസ്.എ/കെ.കെ.ഡി/ പി2/1350 (2)/2021 തീ.12.04.2023 | 2 | 19, 35 |
| 2000-01 | കെ.എസ്.എ/കെ.കെ.ഡി/ പി2/1350 (3)/2021 തീ.12.04.2023 | 1 | 1 |
| 2002-03 | കെ.എസ്.എ/കെ.കെ.ഡി/ പി2/1350 (5)/2021 തീ.12.04.2023 | 1 | 2-3 |
| 2003-04 | കെ.എസ്.എ/കെ.കെ.ഡി/ പി2/1350 (6)/2021 തീ.12.04.2023 | 2 | 3-3, 3-5 |
| 2008-09 | കെ.എസ്.എ/കെ.കെ.ഡി/ പി2/1350 (11)/2021 തീ.12.04.2023 | 3 | 3-3, 3-15, 3-20 |
| 2009-10 | കെ.എസ്.എ/കെ.കെ.ഡി/ പി2/1350 (12)/2021 തീ.12.04.2023 | 6 | 2-2, 3-5, 3-6, 3-10, 3-11, 3-14 |
| 2012-13 | കെ.എസ്.എ/കെ.കെ.ഡി/ പി2/1350 (13)/2021 തീ.17.04.2023 | 3 | 3-2, 3-3, 3-4 |
| 2013-14& 2014-15 | കെ.എസ്.എ/കെ.കെ.ഡി/ പി2/1350 (14)/2021 തീ.17.04.2023 | 6 | 2-3, 3-9, 3-21, 3-22, 3-24, 3-27 |
| 2015-16 | കെ.എസ്.എ/കെ.കെ.ഡി/ പി2/1350 (15)/2021 തീ.17.04.2023 | 3 | 3-3, 3-6, 3-14 |

| | | | |
|---|---|---|---|
| 2016-17 | കെ.എസ്.എ/കെ.കെ.ഡി/ പി2/1350(16)/2021 തീ.18.04.2023 | 4 | 2-2 (3), 3-18, 3-21, 3-24 |
| 2017-18 | കെ.എസ്.എ/കെ.കെ.ഡി/ പി2/1350 (17)/2021 തീ.18.04.2023 | 15 | 2-1, 2-2, 2-3, 2-4, 2-5, 2-6, 3-1, 3-2, 3-3, 3-4, 3-5, 3-6, 3-8 |
| 2018-19 | കെ.എസ്.എ/കെ.കെ.ഡി/ പി2/1350 (18)/2021 തീ. 18.04.2023 | 12 | 1-7, 1-8, 1-9 (3), 1-9 (4), 1-10, 1-11, 1-13, 1-15, 1-16, 1-17, 1-18, 1-19 |
| 2019-20 | കെ.എസ്.എ/കെ.കെ.ഡി/ പി2/1299/2021/തീ. 17.01.2022 | 24 | 1-1, 1-2-1, 1-2-5, 1-2-6, 1-2-7, 1-4(1,2,3,4), 1-10(2), 1-11-1, 1-11-2, 1-11-3, 1-12, 1-15, 1-18, 1-19, 1-21, 1-26, 1-27, |

| | | | |
|---|---|---|---|
| | | | 1-28, 1-29, 1-30, 1-31, 1-32, 1-33, 1-34 |
| 2020-21 | കെ.എസ്.എ.കെ.കെ.ഡി/പി2/ 1009/22 തീ. 25.06.2022 | 40 | 1-1 മുതൽ 1-40 വരെ |
| 2020-21 | കെ.എസ്.എ.കെ.കെ.ഡി/പി2/ 103/23 തീ. 10.02.2023 | 44 | 1-1 മുതൽ 1-28 വരെ, 2-1, 3-1, 3-2, 3-3, 4-1 മുതൽ 4-11 വരെ |

**ഡെപ്യൂട്ടി ഡയറക്ടർ**
**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**
**ജില്ലാ ഓഡിറ്റ് കാര്യാലയം,കോഴിക്കോട്**

## Annexure 1
## Audit Certificate

i. I have audited the attached Financial statements approved vide resolution number 1 dated 14-07-2023 and submitted on 15-07-2023 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2023 and Balance sheet as on 31-03- 2023 , with supporting forms, of the Kayakkodi Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.

ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.

iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result and Financial position of Kayakkodi Grama Panchayat for the year 2022-2023

**Date: 15/12/2023**

**Deputy Director**
**District Office Kozhikode**
**Kerala State Audit Department**

## Audit Report appended to the Audit Certificate of Kayakkodi Grama Panchayat for the Year 2022-2023 .

**1.Major Observations**

NIL

**2.Other Observations**

1.The following mandatory financial statements prescribed in accounting rules are not submitted for audit (eg:- Ratios and Notes)

2.Cash flow statement-Net increase / decrease in cashflow does not match with the difference between the opening balance and closing balance of cash and cash equivalents.

3.E- Tender Fee does not deposit Own Fund Account

4.Physical verification certificate of closing stock has not been recorded

5.Expenditure in IKM Statement not tally with AFS

6.Bank account details not included in AFS

7.The following registers are not maintained/does not match with AFS(Advance registerdeposit register)

8. Defects in demand entry

9.Defects in bank reconcilliation statememnt.

10.Asset register not upated.

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കോഴിക്കോട് ജില്ലയിലെ കായക്കൊടി ഗ്രാമപഞ്ചായത്തിന്റെ 2022-2023 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്